
# TRICHUR ARCHDIOCESAN BULLETIN

JULY 2014



80 YEARS OF PUBLICATION 1934-2014




# July 3

**ഏവർക്കും**
**ദുക്റാന തിരുനാൾ**
**ആശംസകൾ**

**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 81

2014 ജൂലൈ

ലക്കം : 7

## ഈ ലക്കത്തിൽ


ö ഇടയലേഖനം

സഭാദിനം 4

ö സർക്കുലർ 9

ö കച്ചേരികാര്യം 16

ö അതിരൂപതാദ്ധ്യക്ഷന്റെ

പരിപാടികൾ –ജൂലൈ 24

ö സഹായമെത്രാന്റെ

പരിപാടികൾ –ജൂലൈ 25

ö നാളാഗമം 26

ö നാമകരണ നടപടികൾ 29

ö സാമ്പത്തിക കാര്യാലയം 31

ö പാലയൂർ മഹാതീർത്ഥാടനം

കണക്ക് 34

ö വൈദികർ 36

ö സന്യസ്തർ 39

ö സ്ഥാപനങ്ങൾ 47

ö സാന്ത്വനം 64

ö സംഘടനകൾ 70


*Imprimatur*

(Sd)

**Mar Andrews Thazhath**

Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**

**Archbishop's House**

**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542

Fax : 2338204

E-mail : curiatcr@yahoo.com

website : www. trichurarchdiocese.org

Prot. No. 969/2014 **ഇടയലേഖനം**

# സഭാദിനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്
മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാളാണ് ജൂലൈ 3-ാം തിയതി നാം ആഘോഷിക്കുന്ന ദുക്റാന. സാർവ്വത്രിക സഭയിൽ എല്ലായിടത്തും ജൂലൈ 3-ാം തിയതി തന്നെയാണ് തോമ്മാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിലെ ക്രൈസ്തവസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ പ്രധാനമായും സീറോ മലബാർ, സീറോ മലങ്കര, മലങ്കര ഓർത്തഡോക്സ്, യാക്കോബായ ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളിലാണുള്ളത്. ഈ സഭകളുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് ഇവയുടെ വിശ്വാസപാരമ്പര്യം പുലർത്തുന്നവരെയും മാർത്തോമ്മാ ക്രിസ്ത്യാനികളായി കരുതേണ്ടിയിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും, വി. ഫ്രാൻസീസ് സേവ്യർ മുതലുള്ള വിദേശിയരും തദ്ദേശീയരുമായ അനേകം മിഷനറിമാരുടെ സുവിശേഷവേലയുടെ ഫലമായി രൂപംകൊണ്ട ലത്തീൻ കത്തോലിക്കാവിശ്വാസികളുടെയും, പ്രൊട്ടസ്റ്റന്റ് സഭകളിലെ വിശ്വാസികളുടെയും സമുച്ചയമാണ് ഇന്ന് ഭാരതത്തിലെ ക്രൈസ്തവസമൂഹം. വിശ്വാസ പാരമ്പര്യങ്ങളുടെ വൈവിധ്യം ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിന്റെ പ്രത്യേകതയാണ്. ഈ സഭാപരമായ വൈവിധ്യത്തിന്റെയും ഭാരതത്തിന്റെ തന്നെ മത, ഭാഷാ, ജാതി, സംസ്കാര വൈവിധ്യങ്ങളുടെയും നടുവിൽ വേണം നാമിന്നു ക്രിസ്തുവിനെ പ്രഘോഷിക്കുവാനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുവാനും.

'ഞാനാകുന്നു വഴിയും സത്യവും ജീവനു'മെന്നു പഠിപ്പിക്കുകയും ആ വഴിയിലേക്കും സത്യത്തിലേക്കും ജീവനിലേക്കും മനുഷ്യവംശത്തെ ആനയിക്കുകയും ചെയ്തവനാണു ക്രിസ്തു. അവനിൽ വിശ്വസിച്ചവർ ക്രിസ്തു മർഗ്ഗമെന്ന് അതിനെ വിശേഷിപ്പിച്ചു. തോമ്മാശ്ലീഹാ ഈ മാർഗ്ഗത്തെ ഇന്ത്യയിൽ എത്തിച്ചപ്പോൾ അതു സ്വീകരിച്ച നമ്മുടെ പൂർവ്വികർ അതിനെ തോമ്മാമാർഗ്ഗമെന്നും വിളിച്ചു. തോമ്മാമാർഗ്ഗം ഇന്നു വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാസമൂഹങ്ങളുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു.

കുടുംബങ്ങളും കുടുംബങ്ങളുടെ കൂട്ടായ്മകളുമായിട്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ വളർന്നു പന്തലിച്ചത്. ഈ സമൂഹത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന നിരവധി കുടുംബചരിത്ര ഗ്രന്ഥങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. തിരുസ്സഭ കുടുംബത്തെ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്ന കാലമാണിത്. വി. ജോൺ പോൾ രണ്ടാമൻ, പാപ്പാ സ്ഥാനം ഏറ്റെടുത്തശേഷം ആദ്യം ചെയ്ത പ്രധാനപ്പെട്ട ജോലി കുടുംബത്തെക്കുറിച്ച് ഒരു സിനഡ് വിളിച്ചുകൂട്ടി എന്നതാണ്. പ്രസ്തുത സിനഡിന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി 'കുടുംബം സ്നേഹസമൂഹം' എന്ന പേരിൽ പരി. പിതാവ് ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. അതിലെ മാർഗ്ഗദർശനങ്ങൾക്കനുസൃതം ഇന്ത്യയിലെ കുടുംബപ്രേഷിതത്വപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കി വരികയാണ്. ഇന്ത്യയിൽത്തന്നെ കേരളത്തിലെ സഭയിലാണ് കുടുംബപ്രേഷിതത്വം ഏറ്റവും സജീവം. പിന്നീട് ബനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ കാലത്ത് നവസുവിശേഷവൽക്കരണത്തിന്റെ ആഹ്വാനമുണ്ടായി. കുടുംബവും നവസുവിശേഷവൽക്കരണവും സംയോജിപ്പിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പാ അടുത്ത സിനഡുകളുടെ വിഷയം പ്രഖ്യാപിച്ചിരിക്കുന്നത്. കൃത്യമായിപ്പറഞ്ഞാൽ 'നവസുവിശേഷവൽക്കരണത്തിന്റെ പശ്ഛാത്തലത്തിൽ 'കുടുംബം നേരിടുന്ന വെല്ലുവിളികൾ' എന്നതാണ് വിഷയം. 2014 ഒക്ടോബറിലും 2015 ഒക്ടോബറിലും നടക്കുന്ന രണ്ടു സിനഡുകളിലുമായി ചർച്ചകളും പുനർവിചിന്തങ്ങളും നടത്തി അവയിൽനിന്നുരുത്തിരിയുന്ന നിഗമനങ്ങളായിരിക്കും കുടുംബനവീകരണത്തിനായി പരി. പിതാവ് മുന്നോട്ടു വയ്ക്കുക. ഈ സിനഡുകളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കണം. മാത്രമല്ല, നമ്മുടെ രൂപതകളിലും പ്രവാസിസമൂഹങ്ങളിലും സഭയിലൊന്നാകെയും കുടുംബജീവിതത്തെ പുരസ്കരിച്ച് പ്രത്യേക പഠനങ്ങളും നവീകരണ പരിപാടികളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ യജ്ഞത്തിൽ

കുടുംബപ്രേഷിതത്വത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ശുശ്രൂഷകർ സംയുക്തമായി പ്രവർത്തിച്ചാൽ നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ പ്രവർത്തനമേഖലകളും ഒന്നിച്ചാലോചിച്ച് പരസ്പരസഹകരണത്തോടെ കുടുംബനവീകരണത്തിൽ ഏർപ്പെട്ടാൽ കൂടുതൽ ഫലപ്രദമായിരിക്കും. അടുത്തയിടെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച അല്മായ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ആവശ്യം വ്യക്തമാക്കുകയുണ്ടായി. സീറോ മലബാർ സഭയിലെ അല്മായസമൂഹത്തെ മുഴുവൻ ഉൾക്കൊള്ളിക്കുവാനുള്ള ഉദ്ദേശ്യത്താൽ രൂപീകൃതമായ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നത് ഇതിനുസഹായകമാകും. 'അല്മായർക്കും കുടുംബത്തിനും വേണ്ടിയുള്ള കമ്മീഷ'ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സിനഡിന്റെ അംഗികാരത്തോടെ അല്മായർക്കായി ഭാവിപ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.

വിശ്വാസപരിശീലനം നമ്മുടെ സഭയിൽ വളരെയേറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. വിശ്വാസ പരിശീലനത്തിന്റെ ഫലദായകത്വത്തെ ആശ്രയിച്ചിരിക്കും ക്രൈസ്തവസാക്ഷ്യത്തിന്റെ വിജയം. വിശ്വാസപരിശീലനവും, അൾത്താരസംഘം, മിഷൻലീഗ്, സി.എൽ.സി മുതലായവയുടെ കർമ്മപരിപാടികളും വഴിയാണ് നമ്മുടെ സഭയിൽ ദൈവവിളി പരിപോഷിപ്പിക്കപ്പെട്ടുപോരുന്നത്. ഈ രംഗങ്ങളിലെല്ലാം തീക്ഷ്ണതയോടെ പ്രവർത്തനനിരതരായിരിക്കുന്ന ബഹു. വൈദികർക്കും, സമർപ്പിത സഹോദരീസഹോദരന്മാർക്കും, വിശ്വാസപരിശീലകർക്കും, അല്മായ പ്രേഷിതർക്കും എന്റെ നന്ദിനിറഞ്ഞ അഭിവാദനങ്ങൾ!

സഭയുടെ സുവിശേഷസാക്ഷ്യത്തിനു കടകവിരുദ്ധവും ഇന്നു സമൂഹത്തിൽ നിർബാധം വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ മദ്യപാനം, കൊലപാതകം, ലഹരിവസ്തുവ്യാപാരം, ആസൂത്രിതമായ അക്രമങ്ങൾ, അന്യായ പലിശ വഴിയുള്ള സാധുജനചൂഷണം, കരാർ ലംഘനങ്ങൾ, ആഡംബര ച്ചെലവുകൾ മുതലായ തിന്മകളിൽ നിന്ന് സഭാമക്കൾ പൂർണ്ണമായും അകന്നുനില്ക്കേണ്ടതാണ്. വളരുന്ന തലമുറയിൽ വ്യാപിച്ചുവരുന്ന ഇന്റർനെറ്റ് അഡിക്ഷൻ എപ്രകാരം ക്രിയാത്മകമായി നിയന്ത്രിക്കാമെന്ന് മാതാപിതാക്കൾ, അധ്യാപകർ, വൈദികർ എന്നിവർ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സൈബർ ലോകത്തിന്റെ സാധ്യതകളെക്കുറിച്ചും അതിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളിൽപ്പെടാതെ കുട്ടിക

ളെയും യുവാക്കളെയും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സെമിനാറുകളും സ്റ്റഡിക്ലാസ്സുകളും നടത്താൻ വിശ്വാസപരിശീലനത്തിന്റെയും കുടുംബപ്രേഷിതത്വത്തിന്റെയും ശുശ്രൂഷകർ ഒന്നിച്ചു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികളിൽ കണ്ടുവരുന്ന അതിസാഹസികത്വ പ്രവണതകൾ വാഹനാപകടങ്ങൾക്കും ഉല്ലാസയാത്രാവേളകളിലെ മുങ്ങിമരണങ്ങൾക്കും കാരണമാകുന്നുണ്ട്. കൂടുതൽ ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരിൽനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

നാല്പതുലക്ഷത്തോളംവരുന്ന സീറോമലബാർ സഭാമക്കളിൽ ഏഴുലക്ഷംപേർ ഇന്ത്യയിലെ 29 രൂപതകൾക്കും അമേരിക്കയിലും ആസ്ത്രേലിയായിലുമായുള്ള രണ്ടു രൂപതകൾക്കും പുറത്ത് പ്രാവാസികളായി കഴിയുന്നവരാണ്. ഇവർക്ക് നമ്മുടെ സഭയുടേതായ അജപാലന സംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനും സഭാമക്കളേവരും പ്രാർത്ഥിക്കേണ്ടതാണ്.

ഭാരതത്തിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തി പുതിയൊരു ക്രേന്ദസർക്കാർ ഭരണമേറ്റിരിക്കുകയാണല്ലോ. കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും മാറിമാറി വരുന്ന സർക്കാരുകളോടു സഹകരിച്ചു പ്രവർത്തിക്കാൻ സഭാമക്കളേവരും തയ്യാറാകേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ വികസനപദ്ധതികൾ ദരിദ്രർക്കും സാധാരണക്കാർക്കും കൂടി ഉപകരിക്കുതാകണം. തൊഴിലാളികൾക്കും, കർഷകർക്കും, വ്യാപാരികൾക്കും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റേതുതുറകളിൽ വ്യാപരിക്കുന്നവർക്കും വികസനം സാധ്യമാക്കാൻ പുതിയ സർക്കാർ ശ്രദ്ധ ചെലുത്തുമെന്നു പ്രതീക്ഷിക്കാം. പരിസ്ഥിതിസംരക്ഷണത്തോടൊപ്പം മലയോരകർഷകരുടേയും തീരദേശനിവാസികളുടേയും ആശങ്കകൾ പരിഹരിക്കുന്നതിലും സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്. അതോടൊപ്പം മതേതരത്വം, ജനാധിപത്യം, സർവ്വസമത്വം, ന്യൂനപക്ഷ സംരക്ഷണം എന്നീ മൗലികമൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ മൂല്യങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടത് ജാതി, മത, ഭാഷാ വൈവിധ്യങ്ങൾ നിറഞ്ഞ ഭാരതത്തിലെ ജനതയുടെ ഐക്യത്തിനും നിലനില്പിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായി ആഘോഷിക്കണമെന്ന് നമ്മുടെ സഭയുടെ സിനഡ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന

സഭാദിനാചരണം സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനാഘോഷം കൊണ്ടാടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

സഭാദിനം ആചരിക്കുമ്പോൾ നമ്മുടെ സഭയ്ക്ക് ഈ അടുത്ത നാളുകളിൽ ദൈവം നല്കിയിരിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളെ അനുസ്മരിക്കുക തികച്ചും ഉചിതമായിരിക്കും. നമ്മുടെ സഭയിലെ വാഴ്ത്തപ്പെട്ടവരായ ചാവറയച്ചന്റെയും ഏവുപ്രാസിയമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനത്തിനുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായി. ആസ്ത്രേലിയായിലെ മെൽബ കേന്ദ്രമായി നമുക്കു പുതിയ രൂപത ലഭിച്ചു. ഇന്ത്യയിലെ സീറോമലബാർ പ്രവാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുതിനായി അപ്പസ്തോലിക് വിസിറ്ററെ ലഭിച്ചു. ദൈവം നമുക്കുനല്കിയ ഈ അനുഗ്രഹങ്ങളെയെല്ലാം ഓർത്തു ദൈവത്തിനു നന്ദിപറയാം. ഈ ഇടയലേഖനം ശ്രവിക്കുവർക്കും സഭാമക്കൾ ഏവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം ആണ്ട് ജൂൺ മാസം 4 -ാം തിയതി നൽകപ്പെട്ടത്.

N.B : ഈ ഇടയലേഖനം ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 29 നു) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. +AT

# സർക്കുലർ

## K.C.B.C. - Justice, Peace and Development കമ്മീഷന്റെ നിർദ്ദേശപ്രകാരം;

## ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ലേഖനം

2014 അന്തർദ്ദേശീയ കുടുംബകൃഷി (Family Farming) വർഷമാണ്. ഒരു രാജ്യത്തിന്റെ സാംസ്കാരികമഹിമയുടെയും സാമ്പത്തികഭദ്രതയുടെയും പ്രധാന ഘടകം ചെറുകിടകൃഷിയാണ്; പ്രത്യേകിച്ചു കുടുംബകൃഷി. ഇന്ത്യയുടെ പ്രത്യേകമായ പശ്ചാത്തലത്തിൽ ചെറുകിടകൃഷി മൊത്തകൃഷിയുടെ 80 ശതമാനം വരും. ആകെയുള്ള കാർഷികവരുമാനത്തിന്റെ 60 ശതമാനവും. അതായത്, രാജ്യത്തിന്റെ ആകമാനപുരോഗതിയുടെ സിരാകേന്ദ്രമാണ് ചെറുകിട കൃഷി അല്ലെങ്കിൽ കുടുംബകൃഷി. കർഷകരും കാർഷികോത്പന്നങ്ങളും ഇല്ലാത്ത ഒരു നാടിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവില്ല. പച്ചക്കറിത്തോട്ടം ക്രമീകരിക്കുന്നതുൾപ്പെടെ കുടുംബകൃഷി വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാർഷികമേഖലയ്ക്ക് എല്ലാ തലങ്ങളിലും നിന്ന് മങ്ങലേറ്റിട്ടുണ്ട്. കർഷകരെയും കൃഷിയിടങ്ങളെയും ഭക്ഷ്യകൃഷി വിഭവങ്ങളെയും നാണ്യവിളകളെയും നാം കൂടുതൽ സ്നേഹിക്കണം. അതുവഴി മാതൃകായോഗ്യമായ കുടുംബാന്തരീക്ഷവും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്താൻ കഴിയും. കുടുംബകൃഷിയിലൂടെ ഭക്ഷ്യസുരക്ഷയും ദാരിദ്ര്യനിർമ്മാർജ്ജനവും അദ്ധ്വാനശീലവും ഉറപ്പുവരുത്താൻ സാധിക്കും. ദൈവവിചാരവും കുറെയെല്ലാം മനസ്സമാധാനവുമുള്ള കൂട്ടരാണ് കൃഷിക്കാർ.

സ്വന്തമായ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലേക്ക് ലോകമാകമാനം തിരിഞ്ഞുകൊണ്ടിരിക്കുന്ന സമയമാണിത്.

ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളും കൃഷിക്കാരാവണം. നമുക്ക് സ്വന്തമായി ലഭിച്ചിരിക്കുന്ന സ്ഥലം തരിശുഭൂമിയാക്കി കളയരുത്. പണിക്കൂലി വഴിയുള്ള ചെലവുകൾ കുറയ്ക്കാനും നല്ല ഭക്ഷ്യവിഭവങ്ങൾ ഉത്പാദിപ്പിക്കാനും കുടുംബാംഗങ്ങൾ എല്ലാവരുംതമ്മിൽ കൂടുതൽ ആഴമായ സ്നേഹബന്ധം പുലർത്താനുമുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കുടുംബകൃഷി. ഓരോ പ്രദേശത്തിനും അതിന്റേതായ ഭക്ഷ്യവിഭവപ്രത്യേകതകൾ ഉണ്ട്. അതുംകൂടി പരിഗണനയിലെടുക്കുമ്പോൾ കുടുംബകൃഷി സമ്പന്നമായ ഒരു ഗാർഹികപ്രസ്ഥാനമാണ്.

അദ്ധ്വാനിച്ച് കൃഷി ചെയ്ത് ഭക്ഷിക്കാനും ജീവിക്കാനും പഠിക്കണം എന്ന സന്ദേശമാണ് കുടുംബകൃഷി നല്കുന്നത്. ഏറ്റവും വലിയ സ്വാശ്രയപ്രസ്ഥാനം ഇതാണ്. അന്തർദ്ദേശീയകുടുംബകൃഷി വർഷത്തിന്റെ മുഖ്യലക്ഷ്യം കർഷകരെയും കാർഷികവൃത്തിയെയും പരിസ്ഥിതിസംരക്ഷണത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതത്രേ. ലോകഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതും ചെറുകിട കർഷകരാണ്. കുടുംബകൃഷി കുടുംബാംഗങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. വീട്ടുകാർ ഒരുമിച്ചുകൂടി വീടിന് ആവശ്യമുള്ളതെല്ലാം നട്ടുവളർത്തണം. നെല്ല്, കപ്പ, ചേന, വാഴ, കാച്ചിൽ, ചേമ്പ്, കിഴങ്ങ്, പയർവർഗ്ഗങ്ങൾ തുടങ്ങിയവമൂലം സമ്പന്നമായ പ്രദേശമായിരുന്നു നമ്മുടേത്. നഷ്ടപ്പെട്ടുപോയ കാർഷികസമ്പന്നതയും സൗന്ദര്യവും നമുക്ക് തിരിച്ചുപിടിക്കണം. ധാന്യകൃഷിക്ക് പ്രാധാന്യം കൊടുക്കുന്നതുപോലെ തന്നെ നാണ്യവിളകളുടെ കാര്യവും (തെങ്ങ്, റബർ, തേയില, കുരുമുളക്, ഏലം, കശുവണ്ടി, കൊക്കോ) ശ്രദ്ധിക്കണം.

ചെറുകിടകൃഷി അല്ലെങ്കിൽ കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിലും പരിരക്ഷിക്കുന്നതിലും പാലാ രൂപതയ്ക്ക് പ്രത്യേകമായ ഉത്തരവാദിത്വം കൂടിയുണ്ട്. ഇത്രയും കർഷകർ ഒരുമിച്ചുതാമസിക്കുന്ന മറ്റൊരു പ്രദേശവും കാണുകയില്ല. ഈ പ്രദേശത്തുള്ള എല്ലാവരുംതന്നെ കർഷകരാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് നമ്മൾ നടത്തിയ കാർഷികമേള ഒരു പുത്തൻ ഉണർവ്വിന് കാരണമായിട്ടുണ്ട്. രൂപതയിലെ ഇൻഫാം പ്രവർത്തനങ്ങളും വളരെ ശക്തിപ്പെട്ടുവരികയാണ്. ഭൂമിയിലുള്ള അദ്ധ്വാനമാണ് ആരോഗ്യസംരക്ഷണത്തിനും ഏറ്റവും ഉചിതമായ മാർഗ്ഗം.

കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക; ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക (grow and eat; not import and eat) എന്നതായിരിക്കണം നമ്മുടെ ആദർശം. കാർഷികമേഖലയുടെ മഹത്ത്വം നഷ്ടപ്പെടാതിരിക്കണമെങ്കിൽ എല്ലാവരും കൂടുതൽ അദ്ധ്വാനിക്കണം. സാമ്പത്തികലാഭം നോക്കി ആയിരിക്കരുത് കുടുംബകൃഷി നടത്തുന്നത്. കുടുംബകൃഷിയിൽ ജൈവകൃഷിസമ്പ്രദായം (organic farming) എല്ലാവരും സ്വീകരിക്കണം. സ്ഥായീഭാവമുള്ള കൃഷിസമ്പ്രദായം (sustainable cultivation) ഇതത്രേ. ജൈവകൃഷിയിലൂടെ മാത്രമേ ഭക്ഷ്യോത്പന്നങ്ങളുടെ വൈവിധ്യം നിലനിർത്താനാവൂ. മാലിന്യമില്ലാത്തതും രുചികരവുമായ ഭക്ഷ്യവിഭവങ്ങൾ ജൈവകൃഷിക്കാരിൽ നിന്നു മാത്രമേ ലഭിക്കൂ.

ഓരോരുത്തരുടെയും കൃഷിസ്ഥലങ്ങൾ പച്ചക്കറിത്തോട്ടവും വിവി

ധങ്ങളായ ഭക്ഷ്യോത്പന്നങ്ങളും കൊണ്ട് നിറയണം. കൃഷിയിടങ്ങൾ സജീവമായ പ്രദേശങ്ങളാവണം (active farmland). ഭാരതത്തിൽ ഭക്ഷ്യദൗർലഭ്യം (ദാരിദ്ര്യം) മൂലവും ഭക്ഷ്യവിഷാംശംവഴിയും അനേകർ മരിക്കുന്നുണ്ട്. അതുപോലെതന്നെ അദ്ധ്വാനത്തിന്റെ കുറവുമൂലം പ്രത്യേകിച്ചു മണ്ണിനോടു ബന്ധമില്ലാത്തതുമൂലം രോഗികളുടെ എണ്ണവും താരതമ്യേന കൂടിവരുകയാണ്. ഇതിനെല്ലാമുള്ള പരിഹാരമാർഗ്ഗമാണ് നമ്മുടെ കൃഷിയിടങ്ങൾ ജൈവകൃഷിസമ്പ്രദായം വഴി ജീവനുള്ളതാക്കിത്തീർക്കുക എന്നത്. നമ്മുടെ പറമ്പിൽനിന്ന് കിട്ടുന്ന ഭക്ഷ്യോത്പന്നങ്ങൾ പാകം ചെയ്ത് കഴിക്കുന്ന ഒരു ഭക്ഷണശൈലിക്രമത്തിലേക്കു നാം തിരിച്ചുവരേണ്ടതുണ്ട്. ബേക്കറി ഭക്ഷണങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം. കുടുംബകൃഷിക്ക് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും പരിസ്ഥിതിപരവും ആത്മീയവുമായ മൂല്യങ്ങളുണ്ട് എന്നും നാം തിരിച്ചറിയണം. പ്രകൃതിയെ ഉപദ്രവിക്കാതെയുള്ള കൃഷിരീതികളാണ് കുടുംബകൃഷി അഥവാ ജൈവവളം ഉപയോഗിച്ചുള്ള ചെറുകിട കൃഷിരീതികൾ. ചെറുകിടകൃഷിയാണ് രാജ്യത്തിന്റെ അടിസ്ഥാനം.

കർഷകനാണ് രാജ്യത്തെ ഏറ്റവും ആദരണീയനായ വ്യക്തി. കർഷകർ ഒരിക്കലും ക്ഷയിക്കാത്ത പ്രായോഗികവിജ്ഞാനമുള്ളവരാണ്. നമ്മുടെ പൂർവ്വികർ അനുവർത്തിച്ചിരുന്ന കൃഷിരീതികൾ നമ്മെ അദ്ഭുതപ്പെടുത്തുന്നവയാണ്. അവരുടെ അദ്ധ്വാനത്തിലും, അതുവഴി കുടുംബാംഗങ്ങളെയും ഭൂമിയെയും സംരക്ഷിക്കുന്നതിൽ അവർക്കുണ്ടായിരുന്ന തീക്ഷ്ണതയിലും അമർത്യതയുടെ അംശങ്ങൾ കലർന്നിട്ടുണ്ട്. നമ്മുടെ രൂപതയിലെ കർഷകരുടെ വിജ്ഞാനം ഒന്നു ശേഖരിച്ചാൽ ഒരു സർവ്വകലാശാലയ്ക്കുള്ള വിജ്ഞാനകോശമാകുമത്. ശരിയായിട്ടുള്ള ശബ്ദതാരാവലി അവരുടേതാണ്. യഥാർത്ഥത്തിൽ കുടുംബകൃഷി ഒരു ജീവിതശൈലിയാണ്. ലാഭം നേടാനും കുറെ ഉത്പന്നങ്ങൾ കണ്ടെത്താനും വേണ്ടിയല്ല. അദ്ഭുതപ്പെടുത്തുന്ന രീതിയിൽ ഭക്ഷ്യവിഭവവൈവിധ്യം മണ്ണിൽനിന്നു നേടിയ ഒരു അമൂല്യപ്രദേശമാണ് നമ്മുടേത്. നമ്മുടെ രൂപതാകേന്ദ്രത്തിലും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും കോളജ് പറമ്പിലും എല്ലാം ജൈവകൃഷിയും മറ്റു ചെറുകിട കൃഷികളും നടത്തുന്നുണ്ട്. വീട്ടാവശ്യങ്ങൾക്കായി അല്പമെങ്കിലും കൃഷി ചെയ്യാത്ത ഒരു വീടുപോലും നമ്മുടെ രൂപതയിൽ ഉണ്ടായിരിക്കരുത്.

മാറ്റിവയ്ക്കാവുന്നതും മാറ്റിക്കളയാവുന്നതുമായ വസ്തുക്കളല്ല കൃഷിക്കാർ. അന്തസ്സും മാന്യതയുമുള്ള മനുഷ്യരാണവർ. ഓരോ കൃഷിക്കാരനും

നല്ല ഒരു ഗവേഷകനും ശാസ്ത്രജ്ഞനും കൂടിയാണ്. കൃഷിയുടെ ശാസ്ത്രമാണ് ഭൂമിയിലെ നമ്മുടെ നിലനില്പ്പിന്റെ അടിത്തറ. മറ്റു ശാസ്ത്ര ങ്ങളെല്ലാം കർഷകരുടെ ശാസ്ത്രത്തോടു ബന്ധപ്പെട്ടതും അതിൽനിന്നു കടമെടുത്തതുമാണ്. എങ്കിലും കർഷകരെ അപമാനിക്കുകയും കർഷക രൊഴികെ ബാക്കി എല്ലാവരും ശാസ്ത്രജ്ഞരാണെന്നു ചിന്തിക്കുകയും ചെയ്യുന്ന കാലത്താണു നാം ജീവിക്കുന്നത്. വാസ്തവത്തിൽ ഇന്നും നല്ല കർഷകരിലാണു സൃഷ്ടിപരതയും പുത്തൻരീതികളും നിലനില്ക്കുന്ന ത്. ഏറ്റവും നല്ല സംസ്കാരം അഗ്രിക്കൾച്ചർ ആണ്. കൃഷിയോടു ബന്ധ പ്പെട്ടിട്ടുള്ളതാണ്. അതിനാൽ ഓരോ കൃഷിക്കാരനും തന്റെ ശക്തി തിരി ച്ചറിയണം. കൃഷിക്കാരുടെ കൂടിവരവിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കേ ണ്ടതുണ്ട്. പൊതുവേദികളിലും മറ്റും കൃഷിക്കാരെ കേൾക്കാൻ കുട്ടി കൾക്കു കൂടുതൽ അവസരങ്ങൾ ഉണ്ടാകണം.

സംയോജിത (integrated) കൃഷി സമ്പ്രദായമായിരുന്നു നമ്മുടെ പ്രത്യേ കത. അതായത്, ജൈവകൃഷി സമ്പ്രദായങ്ങളും മൃഗവളർത്തലും (livestocks) ഒരുമിച്ചുകൊണ്ടുപോകുന്ന രീതി. കൃഷിയും മൃഗവളർത്തലും മീൻവളർത്തലും എല്ലാം ചേർന്നുപോകേണ്ട കാര്യങ്ങളാണ്. മണ്ണിരക മ്പോസ്റ്റ് തയ്യാറാക്കുന്നത് ഏറ്റവും നല്ലതാണ്. സംയോജിത കൃഷിരീതിയിൽ ഭക്ഷ്യവിളകൾ, മൃഗവളർത്തൽ, ക്ഷീരോത്പന്നങ്ങൾ, കോഴിവളർത്തൽ, താറാവു വളർത്തൽ, മുയൽ വളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, പക്ഷി വളർത്തൽ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ എല്ലാം പെടും. പലതരത്തിലുള്ള പയർ വർഗ്ഗങ്ങൾ (pulses), ഭക്ഷ്യധാന്യങ്ങൾ (cereals), പഴവർഗ്ഗങ്ങൾ (fruit plants), കൂൺവർഗ്ഗങ്ങൾ, മറ്റു പ്രാദേശികസസ്യ വർഗ്ഗങ്ങൾ (flora), ജന്തുവർഗ്ഗങ്ങൾ (founa), മുരിങ്ങക്കായ് (drumsticks) തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നവയാണ്. 'മുരിങ്ങ' (moringa) എന്നാൽ "ഒരിക്കലും നശിക്കാത്ത മരം" എന്നാണർത്ഥം. മുരിങ്ങയുടെ ഓരോ ഭാഗവും ഔഷധഗുണമുള്ളതുമാണ്. ഇഞ്ചി, മഞ്ഞൾ, കൂവ തുട ങ്ങിയവ ഔഷധച്ചെടികളാണ്. മാങ്ങാ, വാഴയ്ക്കാ, പപ്പായ (കപ്പളങ്ങ) തുട ങ്ങിയവയെല്ലാം പച്ചക്കറികളും പാകമാകുമ്പോൾ പഴവർഗ്ഗങ്ങളുമാണ്. പപ്പാ യയെ മാലാഖമാരുടെ ഫലം (fruit of the Angels, മാധുര്യംകൊണ്ട്) എന്നാണ് Christopher Columbus വിശേഷിപ്പിച്ചത്. ഇവയൊക്കെ വിളയിച്ചെടുക്കുക അദ്ധ്വാനശീലനായ ഒരു കൃഷിക്കാരന് അസാധ്യമായ കാര്യമല്ല. വി. ഫ്രാൻസിസ് അസ്സീസ്സിയുടെ വാക്കുകൾ ഇപ്രകാരമാണ്: "സാധിക്കുന്ന കാര്യം ആദ്യം ചെയ്യുക; പിന്നീട് അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്യുക;

അപ്പോൾ അസാധ്യമായ കാര്യങ്ങൾ ചെയ്യാൻ പറ്റും." അപ്പോഴാണു കൃഷിയിൽനിന്നുള്ള സന്തോഷവും ഐശ്വര്യവും അനുഭവിക്കാൻ കഴിയുന്നത്. ഒരു നല്ല ജീവിതക്രമം നിലനിർത്താനുള്ള അടിസ്ഥാനശിലയാണിത് (not for making a profit but for making a living).

കുടുംബകൃഷിയുടെ നേട്ടം നമുക്ക് എത്ര ഏക്കർ സ്ഥലമുണ്ട് എന്നതിലല്ല; എത്ര ഫലപ്രദമായിട്ടു നാം ഉപയോഗിക്കുന്നു എന്നതിലാണ്. എത്ര കിലോഗ്രാം ഉല്പാദിപ്പിച്ചു എന്നതല്ല എത്ര ഗുണമേന്മയുള്ളവ ഉത്പാദിപ്പിച്ചു എന്നതാണ്. എല്ലാവരും അതിൽ പങ്കെടുക്കുന്നു എന്നതാണ് പ്രധാനം. മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചല്ല നമ്മൾ കർഷകരാകേണ്ടത്. ഉദാഹരണമായി 2 ഏക്കർ സ്ഥലമുള്ള ഒരു വീട്ടുടമ ആ സ്ഥലത്തെ റബർ ടാപ്പിംഗ് ഉൾപ്പെടെ സ്വന്തമായിട്ട് ചെയ്യുമ്പോഴാണ് യഥാർത്ഥ കർഷകനാകുന്നത്. നമ്മൽ കൃഷി ചെയ്യിക്കുന്നവരാകാതെ കൃഷി ചെയ്യുന്നവരാകണം. കുടുംബകൃഷിയാണു കുടുംബാംഗങ്ങൾക്കു പറ്റിയ ഏറ്റവും നല്ല മരുന്ന്. കുടുംബാംഗങ്ങളുടെ കൂടിവരവിന്റെ ഏറ്റവും പ്രാദേശികവും പ്രായോഗികവുമായ രൂപം കുടുംബകൃഷിയിടമാണ്. ദീർഘനാൾ ജീവിക്കാനും ആരോഗ്യത്തോടെ ജീവിക്കാനും (to live long and healthy) കുടുംബകൃഷി ഏറെ സഹായിക്കും. മണ്ണൊലിപ്പു തടയുന്നതിനു കല്ല് - മൺ കയ്യാലകളും മഴവെള്ളം ശേഖരിക്കുന്നതിനു മൺകുഴികളും നിർമ്മിക്കുന്നത് ഉപകാരപ്രദമാണ്.

രാസവളങ്ങൾ ഉപയോഗിച്ചു ലാഭം മാത്രംനോക്കി കൃഷി നടത്തുമ്പോൾ കൃഷിയുടെ മഹത്ത്വം നമ്മൾ നശിപ്പിക്കുകയാണ്; ചെറുതാക്കുകയാണ്. ശാസ്ത്രീയം എന്നു വിശേഷിപ്പിക്കപ്പെടുന്ന രാസവളകീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവികഘടന നഷ്ടപ്പെടുത്തുകയും ചെടികളുടെ ആയുസ്സു കുറയ്ക്കുകയും ചെയ്യുന്നു. നമ്മുടെ കർഷകർ നൂറ്റാണ്ടുകളിലൂടെ ജൈവവളം ഉപയോഗിച്ചു നിലനിർത്തിയ സമ്പന്നമായ കൃഷിയിനവൈവിധ്യം (rich-agro diversity) രാസവളപ്രയോഗത്തിലൂടെ നശിപ്പിക്കപ്പെടുന്നു. ചെറുകിട കൃഷിക്കാരാണ് വൈവിധ്യത്തിന്റെ ശില്പികൾ. വൈവിധ്യം നശിപ്പിച്ച് ഏതെങ്കിലും ഒന്നിന്റെ പിറകേ പോവുകയാണ് വൻകിടകൃഷി. യന്ത്രവത്കൃതകൃഷി അപ്രകാരം വലിയ നഷ്ടങ്ങൾക്കു കാരണമാകുന്നു. അതു സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കീടനാശിനികളുടെ ഉപയോഗം മനുഷ്യരിൽ ഏല്പിക്കുന്ന മുറിവുകൾ എണ്ണിത്തിട്ടപ്പെടുത്താവുന്നവയല്ല. നമ്മൾ ജൈവകീടനാശിനികൾ ഉപയോഗിച്ചു പഠിക്കണം. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ

ആൽബർട്ട് ഐൻസ്റ്റീൻ പറയുന്നു– "അവസാനത്തെ ഈച്ച അപ്രത്യക്ഷ മാകുമ്പോൾ മനുഷ്യനും അപ്രത്യക്ഷനാകും. (when the last bee disappears, human will disappear)". നമ്മൾ വെറും സാധനങ്ങൾ (commodities) ഉത്പാദിപ്പിക്കുന്നവരല്ല, ഭക്ഷ്യയോഗ്യമായ വിഭവങ്ങൾ ഉത്പാദിപ്പിക്കു ന്നവരാകണം. ജൈവകൃഷികേന്ദ്രിതമായ ഒരു Agro-ecology – കൃഷി പ്രാധാന്യമുള്ള പരിസ്ഥിതിസംരക്ഷണം – ലക്ഷ്യം വയ്ക്കണം. ജൈവകൃ ഷിയിലൂടെ, കുടുംബകൃഷിയിലൂടെ നമ്മുടെ കൃഷിയിടങ്ങളെ യൗവനവൽക രിക്കണം (re-juvenate). കാലാവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവ കൃഷി അത്യന്താപേക്ഷിതമത്രേ. മനുഷ്യന്റെ സന്തോഷവും മനുഷ്യർ തമ്മി ലുള്ള ഐക്യവും ജൈവകുടുംബകൃഷിയിലൂടെ വളർത്താൻ കഴിയും. യന്ത്ര വത്കൃത വൻകിടകൃഷിക്കാർ കർഷകരെ വെറും ഉപകരണങ്ങളാക്കുകയാ ണ്. ചെറുകിട കൃഷി ഭാവിയെ ലക്ഷ്യം വച്ചുള്ളതാണ്. ഭൂമിയെ സംരക്ഷി ക്കണം എന്ന ലക്ഷ്യവും അതിനുണ്ട്. കർഷകൻ മണ്ണിന്റെ ചൂഷകൻ അല്ല, സൂക്ഷിപ്പുകാരനാണ്. വളക്കൂറുള്ള മണ്ണും അനുഗ്രഹദായകമായ കാലാവ സ്ഥയും ഇത്തരം കൃഷിക്കാരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. കുടുംബ കൃഷിയിലൂടെ മനുഷ്യബന്ധങ്ങളിൽതന്നെ ഒരു നവോത്ഥാനമുണ്ടാകും. സ്ത്രീശാക്തീകരണത്തിനും ലിംഗസമത്വത്തിനും ഏറ്റവും നല്ല വേദികളാണ് കുടുംബകൃഷിത്തോട്ടങ്ങൾ. സ്ത്രീകളുടെ വ്യക്തിത്വവികസനത്തിനും ആത്മസംതൃപ്തിയ്ക്കും ഏറെ സമയം കുടുംബാംഗങ്ങളോടുകൂടി ആയി രിക്കാനും ഈ കുടുംബകൃഷി ഉപകാരപ്പെടും. വീടുകളിൽ അമ്മമാരുടെ സാന്നിദ്ധ്യം കുറയുന്നതു കുടുംബമൂല്യങ്ങളുടെ ശോഷണത്തിനു കാരണ മാകുന്നുണ്ട്. പാടത്തു പണിയെടുക്കുന്ന സ്ത്രീകളുടെ നാടാണു ഭാരതം എന്നു നാം മറക്കരുത്. സ്വന്തം വീട്ടിലും സ്വന്തം കൃഷിയിടങ്ങളിലും ആയി രിക്കാൻ എല്ലാ അമ്മമാരും ശ്രദ്ധിക്കണം. ഭാരതം ചെറുകിട കർഷകരുടെ നാടാണ്. മണ്ണിൽനിന്ന് അകലുന്നതു നല്ലതല്ല. കുടുംബകേന്ദ്രിതമായ കൃഷി വളരെയേറെ ശക്തിപ്പെടുത്തണം. കുട്ടികൾക്കു കൃഷി പരിശീലനം നൽകാ നുള്ള നല്ല മാർഗ്ഗം കാർഷികയൂണിവേഴ്സിറ്റിയല്ല, സ്വന്തം വീടും പറമ്പു മാണ്. പെൺകുട്ടികളെ എല്ലാ മാതാക്കളും പാചകം പഠിപ്പിക്കണം. കൃഷി ക്കാർ ഇല്ലാതാകുമ്പോൾ രാജ്യം തകരും. പാചകം അറിയാത്ത അമ്മമാർ വീടു തകർക്കും. സംസ്കാരവും തകരും. എല്ലാ വൈദികരും സമർപ്പിതരും കൃഷിയിൽ ഏർപ്പെടുകയും തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റുകയും ചെയ്യണം. പ്രതീക്ഷയും പ്രത്യാശയും കൃഷിക്കാരിലാണ്. ഒരുകാലത്തു കേരളം ധാന്യകൃഷിക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. ഇന്നു ആ രംഗം ശൂന്യ മാണ്.

നമ്മുടെ ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് ഏറെ സങ്കടകരമായ കാര്യമാണ്. നമുക്ക് ആവശ്യമില്ലാത്തതെല്ലാം ആറ്റിലേക്കും വഴിയിലേക്കും വലിച്ചെറിയുന്ന ദുരവസ്ഥയിൽനിന്നു നാം മോചനം നേടേണ്ടതുണ്ട്. ജലമലിനീകരണവും, വായു മലിനീകരണവും വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വലിയ പാരിസ്ഥിതിക പ്രതിസന്ധിയിലേക്ക് അവ നമ്മെ എത്തിക്കുന്നുണ്ട്. കിണർ, കുളം, തോട്, ആറ്, നദി എന്നിവയെല്ലാം ശുദ്ധമായി സംരക്ഷിക്കുവാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്.

ഈശോ കാർഷികമേഖലയെ ഏറെ സ്നേഹിച്ചിരുന്നു. സുവിശേഷം പ്രസംഗിക്കുവാൻ കൃഷിയിടങ്ങളോടു ബന്ധപ്പെട്ട എല്ലാ പ്രതീകങ്ങളും അവിടുന്ന് ഉപയോഗിച്ചു. നല്ല മണ്ണിൽ എന്നപോലെ പാറക്കെട്ടിലും വഴിയോരങ്ങളിലും മുള്ളുകൾക്കിടയിലും വിത്തുപാകുന്ന അസാധാരണമായ വിശാലഹൃദയത്തിന്റെ ഉടമയായ ഒരു കർഷകനായിരുന്നു അവിടുന്ന്. ഈ കൃഷിക്കാരൻ ഏതുമണ്ണും ഉഴുതു മറിക്കുന്നവനാണ്. കാർഷികസംസ്കാരം വേദപുസ്തകസംസ്കാരം തന്നെയാണ്; സുവിശേഷസംസ്കാരം തന്നെയാണ്. നമ്മുടെ സ്ഥലങ്ങൾ വെറുംഭൂമിയും തരിശുഭൂമിയും മരുഭൂമിയുമാക്കരുത്. വിശുദ്ധനായ 23-ാം ജോൺ മാർപാപ്പാ പറയുന്നു: "എന്റെ ഗ്രാമത്തെയും എന്റെ വീട്ടുകാർ ജോലി ചെയ്യുന്ന കൃഷിഭൂമിയെയും മറക്കാതിരിക്കാൻ കർത്താവിന്റെ കൃപ എന്നെ സഹായിക്കുന്നു." ഈ കൃപയ്ക്കായി നമുക്കും പ്രാർത്ഥിക്കാം.

---

കൃഷിയെക്കുറിച്ചുള്ള ഈ ലേഖനത്തിലെ ആശയങ്ങൾ ജനങ്ങളെ അറിയിക്കേണ്ടതാണ്. **+ AT**

# കച്ചേരിക്കാര്യങ്ങൾ



## 1. ഓർമിക്കേണ്ട ദിവസങ്ങൾ

| | | |
|---|---|---|
| ജൂലൈ | 3 | : **മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ** |
| | 4 | : ആദ്യവെള്ളി |
| | 6 | : **ശ്ലീഹാ അഞ്ചാം ഞായർ** |
| | 11 | : വി. ബനഡിക്ട് |
| | 13 | : **ശ്ലീഹാ ആറാം ഞായർ** |
| | 15 | : വി. കുരിയാക്കോസും വി. ജൂലിറ്റായും |
| | 16 | : കർമ്മലമാതാവ് |
| | 20 | : **ശ്ലീഹാ ഏഴാം ഞായർ** |
| | 25 | : വി. യാക്കോബ് ശ്ലീഹാ<br>കർത്താവിന്റെ എഴുപത് ശിഷ്യന്മാർ |
| | 26 | : വി. ജൊവാക്കിമും വി. അന്നയും |
| | 27 | : **കൈത്താക്കാലം ഒന്നാം ഞായർ**<br>പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| | 28 | : വി. അൽഫോൻസ |
| | 29 | : വി. മർത്താ |
| | 31 | : വി. ഇഗ്നേഷ്യസ് ലെയോള |

## 2. ജൂലൈ മാസത്തിലെ പരിപാടികൾ:

| | | |
|---|---|---|
| 04 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 22 | 10.00 am - 01:00 pm | ഫൊറോനവികാരിമാരുടെ യോഗം |
| | 02:30 pm - 05:00 pm | സംഘടന ഡയറക്ടർമാരുടെ യോഗം |
| 24 | 02:30 pm - 05:00 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 2 (വിദ്യാഭ്യാസ സ്ഥാപനങ്ങൾ) |
| 25 | | മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ |
| 28 | 02:30 pm - 05:00 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 3 (സാമൂഹ്യസ്ഥാപനങ്ങൾ) |
| 29 | 02:30 pm - 05:00 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 4 (സെമിനാരികൾ, ഡി. ബി. സി. എൽ. സി., പാസ്റ്ററൽ സെന്റർ തുടങ്ങിയവ) |
| 31 | 10:30 am - 04:00 pm | വിയാനി ഡേ & വൈദികസമ്മേളനം |
| | 04:00 pm - 05:00 pm | ആലോചനസമിതിയോഗം |

### 3. കൈത്താക്കാലം:

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ശ്ലീഹാക്കാലത്തിനുശേഷം വരുന്ന ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

### 4. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 5. സീറോ മലബാർ സഭാദിനം

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് മേജർ ആർച്ച്ബിഷപ്പിന്റെ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 2 രൂപ വീതം).

### 6. വിയാനി ഡേ

വിയാനി ഡേയും വൈദികസമ്മേളനവും ജൂലൈ 31 വ്യാഴാഴ്ച രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു.

രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ഫ്രാൻസിസ് അറയ്ക്കൽ, ഫാ. ഷാജൻ തേർമഠം, ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ, ഫാ. വർഗ്ഗീസ് തരകൻ, ഫാ. ജോസ് എടക്കളത്തൂർ, ഫാ. പോൾസൺ പാലത്തിങ്കൽ, ഫാ. ജോസ് കോനിക്കര ജൂനിയർ എന്നിവരെയും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മോൺ. ജോർജ്ജ് അക്കര, ഫാ. ജോസ് ആലപ്പാട്ട്, ഫാ. ജേക്കബ് ചിറയത്ത്, ഫാ. ചാക്കോ പാറയിൽ എന്നിവരെയും ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**7. വൈദികനിയമനം :**

1. ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ OFM.Cap – വികാരി കുറുമാൽ ഒഴിവായി; സാധുത 2014 മെയ് 11 മുതൽ.
2. ഫാ. ജോയ് മേനാച്ചേരി OFM.Cap – വികാരി കുറുമാൽ ; സാധുത 2014 മെയ് 11 മുതൽ.
3. ഫാ. മാർട്ടിൻ പുളിക്കൽ O'Carm – വികാരി & കപ്ലോൻ ചേറ്റുപുഴ ഒഴിവായി; സാധുത 2014 മെയ് 28 മുതൽ.
4. ഫാ. പയസ് കണ്ടത്തിൽ O'Carm – വികാരി & കപ്ലോൻ ചേറ്റുപുഴ; സാധുത 2014 മെയ് 28 മുതൽ.
5. ഫാ. തോമസ് ചക്കുംപീടിക – വികാരി & കപ്ലോൻ എഫ്. സി. സി. പൊറത്തൂർ, മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2014 മെയ് 21 മുതൽ.
6. ഫാ. ടിങ്കിൾ വാഴപ്പിള്ളി – റെക്ടർ സെന്റ് പോൾ ഗുരുകുലം, വികാരി & കപ്ലോൻ എഫ്. സി. സി. പൊറത്തൂർ ഒഴിവായി; സാധുത 2014 മെയ് 21 മുതൽ.
7. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ – റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി, റെക്ടർ സെന്റ് പോൾ ഗുരുകുലം ഒഴിവായി; സാധുത 2014 മെയ് 21 മുതൽ.
8. ഫാ. റോയ് മൂക്കൻ – റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി, റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി ഒഴിവായി; സാധുത 2014 മെയ് 21 മുതൽ.

| | |
|---|---|
| 9. ഫാ. ഡെന്നി താണിക്കൽ | – വികാരി & കപ്ലോൻ തൈക്കാട്ടുശ്ശേരി, മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2014 മെയ് 21 മുതൽ. |
| 10. ഫാ. ഡെന്നി താണിക്കൽ | – കൗൺസിലർ, വിവാഹ അനുരഞ്ജന ഓഫീസ് കൂടി; സാധുത 2014 മെയ് 21 മുതൽ. |
| 11. ഫാ. ദേവസ്യ കൂട്ടാരപ്പിള്ളിൽ MSFS | – വികാരി & കപ്ലോൻ ചുവന്നമണ്ണ്, കൗൺസിലർ, വിവാഹ അനുരഞ്ജന ഓഫീസ് എന്നിവ ഒഴിവായി. സാധുത 2014 മെയ് 21 മുതൽ. |
| 12. ഫാ. സെബാസ്റ്റ്യൻ വെള്ളാരംകുന്നേൽ MSFS | – വികാരി & കപ്ലോൻ ചുവന്നമണ്ണ്; സാധുത 2014 മെയ് 21 മുതൽ. |
| 13. ഫാ. ലിറിൽ തളിയപറമ്പിൽ | – വികാരി & കപ്ലോൻ മരോട്ടിച്ചാൽ; സാധുത 2014 മെയ് 31 മുതൽ. |
| 14. ഫാ. ലിറിൽ തളിയപറമ്പിൽ | – ത്യാഗരാജാർ പോളിടെക്നിക് ടെക്നിക്കൽ എജുക്കേഷൻ സെന്റർ കൂടി. |
| 15. ഫാ. പോൾ കള്ളിക്കാടൻ | – അസി. ഡയറക്ടർ നെസ്റ്റ് & മദ്യവിരുദ്ധസമിതി, സഹായി വിജയപുരം; സഹായി കല്ലൂർ കിഴക്ക് ഒഴിവായി; സാധുത 2014 മെയ് 21 മുതൽ. |
| 16. ഫാ. നിബിൻ തളിയത്ത് | – സഹവികാരി കല്ലൂർ കിഴക്ക് അസി. ഡയറക്ടർ നെസ്റ്റ് & മദ്യവിരുദ്ധസമിതി, സഹായി വിജയപുരം എന്നിവ ഒഴിവായി; സാധുത 2014 മെയ് 21 മുതൽ. |
| 17. ഫാ. നിബിൻ തളിയത്ത് | – കോ-ഓർഡിനേറ്റർ അതിരൂപത കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി കൂടി. |
| 18. ഫാ. സജു വടക്കേത്തല | – അസി. ഡയറക്ടർ ആബാ റിന്യൂവൽ സെന്റർ & കരിസ്മാറ്റിക് മൂവ്മെന്റ്; സാധുത 2014 മെയ് 21 മുതൽ. |
| 19. ഫാ. ഷാജൻ തേർമഠം | – നടത്തുവികാരി & കപ്ലോൻ തൈക്കാട്ടുശ്ശേരി ഒഴിവായി; സാധുത 2014 മെയ് 21 മുതൽ. |
| 20. ഫാ. മാത്യു പുതുപ്പള്ളിമ്യാലിൽ MST | – വികാരി & കപ്ലോൻ മരോട്ടിച്ചാൽ ഒഴിവായി; സാധുത 2014 മെയ് 31 മുതൽ. |

21. ഫാ. തോംസൺ അറക്കൽ CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ഗലീലി, കപ്ലോൻ ക്വീൻ മേരീസ് സി. എം. സി. ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.
22. ഫാ. തോമസ് അമ്പൂക്കൻ CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ഗലീലി, കപ്ലോൻ ക്വീൻ മേരീസ് സി. എം. സി.; സാധുത 2014 ജൂൺ 1 മുതൽ.
23. ഫാ. പോൾ കോഴിപ്പാട്ട് CMI – വികാരി എൽത്തുരുത്ത് ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.
24. ഫാ. ജോസ് പയ്യപ്പിള്ളി CMI – വികാരി എൽത്തുരുത്ത്; സാധുത 2014 ജൂൺ 1 മുതൽ.
25. ഫാ. ജോൺ എടപ്പിള്ളി CMI – വികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.
26. ഫാ. ആന്റണി പറമ്പൻ CMI – വികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2014 ജൂൺ 1 മുതൽ.
27. ഫാ. ജിയോ തെക്കിനിയത്ത് – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് കല്ലൂർ പടിഞ്ഞാറ് കൂടി; സാധുത 2014 ജൂൺ 2 മുതൽ 26 വരെ
28. ഫാ. ഫ്രാൻസിസ് ആളൂർ – ദിവ്യബലിയർപ്പണം മുളയം ഹോം ഓഫ് ലവ് കൂടി; സാധുത 2014 ജൂൺ 1 മുതൽ.
29. ഫാ. റാഫേൽ താണിശ്ശേരി – കപ്ലോൻ നിർമ്മലദാസി നോവിഷ്യറ്റ് ഹൗസ് മുളയം കൂടി, ഹോം ഓഫ് ലവ് മുളയം ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.
30. ഫാ. ചാക്കോ നടക്കവെളിയിൽ – കപ്ലോൻ സി. എസ്. എം. മുളയം കൂടി; സാധുത 2014 ജൂൺ 1 മുതൽ.
31. ഫാ. ഡേവിസ് കാവുങ്കൽ MST – കപ്ലോൻ എസ്. എം. സി. മുളയം കൂടി; സാധുത 2014 ജൂൺ 1 മുതൽ. സി.എസ്. എം. മുളയം ഒഴിവായി.
32. ഫാ. വർഗ്ഗീസ് ഊക്കൻ – കപ്ലോൻ എസ്. എം. സി. മുളയം ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.
33. ഫാ. സജു വടക്കേത്തല – സഹായി എരവിമംഗലം; സാധുത 2014 ജൂൺ 1 മുതൽ ഒരു മാസത്തേക്ക്.
34. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് – കപ്ലോൻ എം. എൽ. എഫ്. പുറനാട്ടുകര കൂടി; സാധുത 2014 ജൂൺ 1 മുതൽ.
35. ഫാ. ദിജോ ഒലക്കേങ്കിൽ – സഹവികാരി പുറനാട്ടുകര ഒഴിവായി;

സാധുത 2014 ജൂൺ 1 മുതൽ. റസിഡന്റ് ആർച്ച്ബിഷപ്സ് ഹൗസ്

36. ഫാ. ജോസഫ് വള്ള്യാംതടത്തിൽ CMF – വികാരി വാണിയമ്പാറ ഒഴിവായി; സാധുത 2014 ജൂൺ 7 മുതൽ.

37. ഫാ. ജോർജ്ജ് ചിറക്കൽപുരയിടം CMF – വികാരി വാണിയമ്പാറ; സാധുത 2014 ജൂൺ 7 മുതൽ.

38. ഫാ. സിജോ ചീരൻ – വികാരി വരവൂർ ഒഴിവായി; സാധുത 2014 ജൂൺ 1 മുതൽ.

39. ഫാ. ജോസ് പുന്നോലിപറമ്പിൽ – വികാരി വരവൂർ കൂടി; സാധുത 2014 ജൂൺ 1 മുതൽ.

40. ഫാ. ഡേവിഡ് പേരാമംഗലം OFM.Cap – പ്രീസ്റ്റ്–ഇൻ–ചാർജ്ജ് നിർമ്മലപുരം; സാധുത 2014 ജൂൺ 2 മുതൽ 26 വരെ.

41. സി. ലൂസി മാളിയേക്കൽ CHF – ജോ. സെക്രട്ടറി കം നോട്ടറി അതിരൂപത മെത്രാപ്പോലീത്തൻ കോടതി; സാധുത 2014 ജൂൺ 2 മുതൽ.

42. സി. ലീന തെരേസ് CHF – ജോ. സെക്രട്ടറി കം നോട്ടറി അതിരൂപത മെത്രാപ്പോലീത്തൻ കോടതി ഒഴിവായി; സാധുത 2014 ജൂൺ 2 മുതൽ.

43. ഫാ. തോമസ് കാക്കശ്ശേരി – കപ്ലോൻ സി. എസ്. എം. ഒല്ലൂക്കര കൂടി; സാധുത 2014 ജൂൺ 2 മുതൽ.

44. ഫാ. എടാട്ടുകാരൻ ഫ്രാൻസീസ് OFM.Cap – Priest-in-charge, Vellattanjoor സാധുത 2014 ജൂൺ 5 മുതൽ ഒരു മാസത്തേയ്ക്ക്.

**8. പ്രത്യേക അനുവാദങ്ങൾ :**

1. അരണാട്ടുകര ഇടവകയിലെ പൂത്തോൾ സെന്റ് ആന്റണീസ് കപ്പേളയിൽ തിരുനാളിനോടനുബന്ധിച്ച് തലേദിനം ജപമാല റാലി നടത്തുന്നതിന് അനുവാദം (കല്പനനമ്പർ 987/2014)
2. പുറനാട്ടുകര ഇടവകയിൽ മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ സന്യാസിനീസമൂഹത്തിന്റെ ഒരു ശാഖാഭവനം തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 993/2014)
3. ഏങ്ങണ്ടിയൂർ ഫാ. പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ പബ്ലിക് സ്കൂളിനുവേണ്ടി ലോണെടുക്കുന്നതിന് അനുവാദം (കല്പനനമ്പർ 1051/2014)
4. ഒല്ലൂക്കര ഇടവകയിൽ പള്ളിയുടെ പിൻഭാഗത്ത് പണിപൂർത്തിയാക്കുന്നതിന് അനുവാദം (കല്പനനമ്പർ 1052/2014)

5. വലക്കാവ് ഡി. എസ്. സി. കോൺവെന്റിൽ മാതാവിന്റെ നാലര അടി രൂപം സ്ഥാപിക്കുന്നതിനുള്ള അനുവാദം (കല്പനനമ്പർ 1053/2014)

7. വല്ലച്ചിറ ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 1089/2014)
8. പാലാഴി ഇടവകയ്ക്കുവേണ്ടി സ്ഥലം വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 1110/2014)
9. നല്ലെങ്കര ഇടവകയിൽ 2014 മെയ് 31 മുതൽ 1 വർഷത്തേക്ക് ബഹു. എഫ്. സി. സി. സിസ്റ്റേഴ്സ് താമസിക്കുന്ന ഭവനത്തിൽ വി. കുർബാന സൂക്ഷിക്കുന്നതിനും മാസത്തിലൊരിക്കൽ വി. ബലിയർപ്പിക്കുന്നതിനും അനുവാദം (കല്പനനമ്പർ 1111/2014)
10. മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഹയർസെക്കന്ററി സ്കൂളിൽ 4 അടി ഉയരമുള്ള ഈശോയുടെ തിരുഹൃദയത്തിന്റെയും 3 അടി ഉയരമുള്ള പരി. അമ്മയുടെയും തിരുസ്വരൂപങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം (കല്പനനമ്പർ 1116/2014)
11. ആറ്റത്ര ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 1134/2014)
12. പേരകം ഇടവകയിൽ 2014 ജൂൺ 1 മുതൽ ഒരു വർഷത്തേക്ക് എഫ്. സി. സി. സിസ്റ്റേഴ്സിന് extension centre ആരംഭിക്കുന്നതിനും ബഹു. സിസ്റ്റേഴ്സ് താമസിക്കുന്ന ഭവനത്തിൽ വി. കുർബാന സൂക്ഷിക്കുന്നതിനും മാസത്തിലൊരിക്കൽ വി. ബലിയർപ്പിക്കുന്നതിനും അനുവാദം (കല്പനനമ്പർ 1143/2014)
13. കിരാലൂർ ഇടവകയിൽ ദമ്പതികല്ലറകളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1144/2014)
14. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പഠിപ്പിക്കുന്നതിന് ഫാ. ഷിജു ചിറ്റിലപ്പിള്ളിക്ക് അനുവാദം (കല്പനനമ്പർ 1145/2014)
15. എസ്. എൽ. എം. ഐ. സന്യാസിനീസമൂഹത്തിന്റെ ജനറൽ സിനാക്സിസ് 2014 ജൂലൈ 5ന് കൂടുന്നതിന് അനുവാദം (കല്പനനമ്പർ 1146/2014)
16. ഹോളി ട്രിനിറ്റി സന്യാസസമൂഹത്തിന് അരണാട്ടുകരയിൽ യൂത്ത് സ്പിരിച്ചൽ ആനിമേഷൻ സെന്റർ തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 1149/2014)

**തെരട്ട്**

1. സ്പിരിച്ചൽ ആനിമേഷൻ സെന്ററിന്റെ 2012-2013 വർഷത്തെ തെരട്ടിന്

അംഗീകാരം (കല്പനനമ്പർ 1043/2014)

2. പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1044/2014)
3. ഒല്ലൂർ ഇടവക അവിണിശ്ശേരി സെന്റ് മേരീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1088/2014)
4. ഒല്ലൂർ ഇടവക പരി. ദൈവമാതാവിന്റെ കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1119/2014)
5. ഒല്ലൂർ ഇടവക പഴമുക്ക് വി. കാവൽമാലാഖയുടെ കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1135/2014)
6. ഡോളേഴ്സ് ചർച്ച് കുറിയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1137/2014)
7. ഒല്ലൂർ ഇടവക ചിയ്യാരം സെന്റ് മേരീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1140/2014)

**പ്രതിനിധിയോഗം**

1. പുതുക്കാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1001/2014)
2. നെഹ്രുനഗർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1047/2014)

**പ്രത്യേക നിയമനങ്ങൾ**

**1. ത്യാഗരാജാർ പോളിടെക്നിക്കൽ എജുക്കേഷൻ ബോർഡ് ഓഫ് ട്രസ്റ്റി**
ശ്രീ. ടി. കെ. അന്തോണിക്കുട്ടി

2. **എ. കെ. സി. സി. അഡ്-ഹോക് കമ്മറ്റി**
1. മോൺ. ജോർജ്ജ് കോമ്പാറ (ചെയർമാൻ)
2. ഫാ. ജിയോ കടവി (ഡയറക്ടർ)
3. ശ്രീ. പി. ഐ. ലാസർ (കൺവീനർ)
4. ശ്രീ. എൻ. പി. ജാക്സൻ (സെക്രട്ടറി)
5. അഡ്വ. ബിജു കുണ്ടുകുളം (ട്രഷറർ)
6. ഡോ. മേരി റെജീന
7. അഡ്വ. ഡെന്നി സി. ജെ.
8. ശ്രീ. ജോൺസൻ ജോർജ്ജ്
9. ശ്രീ. ഡേവിസ് പുത്തൂർ

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

# മെത്രാപ്പോലീത്തായുടെ പരിപാടികൾ




| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | TUE | | Banglore |
| 02 | WED | | Engaged |
| 03 | THU | Morning | *Parapur* |
| | | | Holy Mass, *Palayur* |
| | | Evening | Ecumenical Meeting, *Kachery* |
| 04 | FRI | Morning | Holy Mass, *Marymatha* |
| | | | Mount St. Thomas |
| | | Evening | Finance Council |
| 05 | SAT | Morning | Arthat |
| | | Afternoon | Meeting, *Family Apostolate* |
| 06-07 | | | Engaged |
| 08 | TUE | | Prayer Day |
| 09-10 | | | Alwaye Seminary Commission |
| 11 | FRI | Morning | Engaged |
| | | Evening | Holy Mass, *West Fort* |
| 12 | SAT | Morning | Ordination of Dn. Dany, *Pudukkad* |
| | | Afternoon | Media& PRO Representative's Meeting |
| 13 | SUN | | Pastoral Visit |

| | | | |
|---|---|---|---|
| 15 | TUE | Morning | For the People |
| 16 | WED | | Permanent Synod |
| 17 | THU | Evening | Global Christian Cultural Festival, *Kodugaloor* |
| 18-19 | | | Engaged |
| 20 | SUN | | Archdiocesan Youth Day |
| 22 | TUE | Morning | Forane Vicars' Meeting |
| | | Afternoon | Association Directors' Meeting |
| 23 | WED | | Engaged |
| 24 | THU | Afternoon | Institutions Directors' Meeting (Education) |
| | | Evening | Bible Convention Ending, *West Fort* |
| 25-26 | | | Engaged |
| 27 | SUN | | Pastoral Visit |
| 28 | MON | Afternoon | Institutions Directors' Meeting (Social) |
| 29 | TUE | Afternoon | Institutions Directors' Meeting (Ecclesiastical) |
| 30-31 | | | Engaged |




| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 -22 | | | England |
| 22-30 | | | Hydarabad |

# നാളാഗമം

## മെയ് 2014

1. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. സ്റ്റാന്റിംഗ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുക്കാൻ പോയി.

3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചുവന്നമണ്ണ് പള്ളിയുടെ കൂദാശ കർമ്മം നിർവഹിച്ചു. ഉച്ചക്കുശേഷം കുഴിക്കാട്ടുശ്ശേരിയിൽ ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ സെന്റിനറി ആഘോഷപരിപാടികളിൽ സംബന്ധിച്ചു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വേലൂർ പള്ളിയുടെ കൂദാശ കർമ്മം നിർവഹിച്ചു. ഉച്ചക്കുശേഷം തൃശ്ശൂർ അതിരൂപത എ. കെ. സി. സി. യുടെ ഉദ്ഘാടനചടങ്ങുകളിൽ പങ്കെടുത്തു. വൈകിട്ട് വീണ്ടശ്ശേരി ഇടവകപള്ളിയിലെ ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു.

5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. ആലോചനസമിതിയോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് അമലനഗർ, കുരിയച്ചിറ ഇടവകകളുടെ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അസ്സീസി പ്രോവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അതിനുശേഷം ഇന്റേണൽ ഓഡിറ്റേഴ്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചക്കുശേഷം മണ്ണംപേട്ടയിൽ മർത്ത സന്യാസിനി സമൂഹാർത്ഥികളുടെ സഭാവസ്ത്രസ്വീകരണ ചടങ്ങിൽ മുഖ്യ കാർമ്മികനായി.

7. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്കുശേഷം മുളയത്ത് നിർമ്മലദാസി സന്യാസിനി സമൂഹാർത്ഥികളുടെ സഭാവസ്ത്രസ്വീകരണ ചടങ്ങിൽ മുഖ്യകാർമ്മികനായി.

8. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മുളയം മേരിമാത മേജർ സെമിനാരിയിൽ മേജർ സെമിനാരിയൻസ് കോൺഫറൻസിൽ പങ്കെടുത്തു.

9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഞാറക്കൽ ഇടവകപള്ളിയിൽ വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഏങ്ങണ്ടിയൂർ ഇടവകയിൽ ആദ്യ കുർബാന സ്വീകരണചടങ്ങുകൾക്ക് മുഖ്യകാർമ്മികനായി. ഉച്ചക്കുശേഷം മഡോണനഗർ മൈനർ സെമിനാരിയിൽ നടന്ന വൈദികവിദ്യാർത്ഥികളുടെ വൈദികവസ്ത്രസ്വീകരണ ചടങ്ങുകൾക്ക് മുഖ്യകാർമ്മികനായി. വൈകിട്ട് പാവറട്ടി തിരുനാളിനോടനുബന്ധിച്ച് കൂടുതുറക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് മുളയം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അഭിവന്ദ്യ മാർ വാഴപ്പിള്ളി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

13. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന ദൈവശബ്ദം ഒരുക്കധ്യാനത്തിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുറനാട്ടുകര ശ്രീ രാമകൃഷ്ണാശ്രമത്തിൽ വച്ചു നടന്ന സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗർ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സെലക്ഷൻ ക്യാമ്പിൽ ഇന്റർവ്യു നടത്തി.

16. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് പറപ്പൂർ ഇടവകയിൽ നടന്ന യുവജനസംഗമം ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മണലാടി പള്ളിയിൽ ആദ്യ കുർബാനസ്വീകരണചടങ്ങുകൾക്കും ഗ്രോട്ടോ വെഞ്ചരിപ്പിനും മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചക്കുശേഷം മൗണ്ട് കാൽവരി സന്യാസിനീ സമൂഹത്തിന്റെ നിത്യവ്രതവാഗ്ദാനചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ എഫ്. സി. സി. സന്യാസിനീസമൂഹത്തിലെ അർത്ഥിനകളുടെ നിത്യവ്രതവാഗ്ദാന ചടങ്ങിൽ സംബന്ധിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മായന്നൂർ ഇടവകയിലെ വൈദികമന്ദിരം ആശീർവദിച്ചു. ഉച്ചക്കുശേഷം കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹൈസ്കൂളിൽ നടന്ന ഏയ്ഞ്ചലോസ്-2014ൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം ഒല്ലൂരിൽ യുവജനസമ്മേളനം ഉദ്ഘാടനം ചെയ്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂരിൽ വച്ചു നടന്ന അതിരൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകയിലെ സമർപ്പിതസംഗമത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്കുശേഷം ചൊവ്വന്നൂരിൽ വച്ചു നടന്ന സി. എസ്. സി. സന്യാസിനീസമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണ ചടങ്ങുകൾക്ക് മുഖ്യകാർമ്മികനായി. വൈകിട്ട് ചിറ്റിലപ്പിള്ളി ഇടവക ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ ആരംഭിച്ച EXCEL ഓഫീസ് ആശീർവദിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് കോഞ്ചിറപള്ളിയിൽ മരിയൻ സന്ദേശം നൽകി. തുടർന്ന് മഡോണനഗർ ഇടവകയിൽ ഇടവകദിനാഘോഷങ്ങളിൽ സംബന്ധിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് അമലനഗർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ചേരുംകുഴി ഇടവകയിൽ അൾത്താര വെഞ്ചരിപ്പു നടത്തി.

27. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പടവരാട് ഇടവകയിൽ നടന്ന വിശ്വാസോത്സവ് ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ അതിരൂപതയുടെ പ്രോവിൻസ് മീറ്റിംഗിൽ സംബന്ധിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആലോചനസമിതിയോഗത്തിൽ സംബന്ധിച്ചു.

30. അഭിവന്ദ്യ താഴച്ച് പിതാവ് വൈകിട്ട് പുത്തൻചിറ ഇടവകയിൽ ശതാബ്ദിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്കുശേഷം ഒളരിക്കര ഇടവകയിൽ ഡീ. ഫ്ളിവിൻസ് ചിറ്റിലപ്പിള്ളിക്ക് തിരുപട്ടം നൽകി. വൈകിട്ട് സെന്റ് പോൾ ഗുരുകുലത്തിൽ പുതിയ അധ്യയനവർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒല്ലൂക്കര ഇടവകയിലെ സി. എസ്. എം. സന്യാസിനീസമൂഹത്തിന്റെ ഭവനം ആശീർവദിച്ചു. സ്കൂൾ സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനചടങ്ങുകളിൽ സംബന്ധിച്ചു. ■

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

- ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ഓർമ്മയാചരണം ദൈവസ്നേഹത്തിലും പരസ്നേഹത്തിലും തിളങ്ങിനിന്ന അച്ചന്റെ ജീവിതത്തിലേക്ക് നമ്മെ അടുപ്പിക്കുമെന്ന് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പ്രസ്താവിച്ചു. ചേലക്കരയിലും പരിസരപ്രദേശങ്ങളിലും ആത്മീയജീവിതത്തിന്റെയും സാമൂഹ്യപരിഷ്ക്കരണത്തിന്റെയും വിദ്യാഭ്യാസ ആതുരപ്രവർത്തനങ്ങളുടെയും പുതിയ പാനഥാവ് വെട്ടിത്തുറന്ന അച്ചന്റെ 51-ാം ശ്രാദ്ധാചരണത്തിന് നേതൃത്വം കൊടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികാരി ഫാ. പോൾ പുളിക്കൻ, ഫാ. ജോർജ്ജ് കണ്ണാത്ത്, ഫാ. ജോസ് കാനംകുടം, ഫാ. ജിക്സൺ താഴത്ത്, ഫാ. ജെയ്സൺ തെക്കുംപുറം, ഫാ. റോയ്സൺ കൊള്ളന്നൂർ എന്നിവർ സഹകാർമ്മികരായിരുന്നു. സിബി കൊള്ളിക്കൊളവിൽ, സുരേഷ് തൈക്കാട്ടിൽ, ബാബു വടക്കൂട്ട്, പ്രദീപ് ഉപ്പാംതടം, സി. റീന തെരേസ് എന്നിവർ പ്രസംഗിച്ചു. ജോയ് മുരിങ്ങാത്തേരി, ജോൺസൺ വടക്കൂട്ട്, ഫ്രാൻസിസ് ജോസഫ്, ജെറോം കൊള്ളന്നൂർ, ജോബ് മണ്ടുംപാൽ, വിമൽ വെള്ളപ്പാണി, സജി ജോസഫ്, ഫ്രാൻസിസ് മുട്ടത്ത്, സി. റീത്ത, സി. മിൽഡ, കുരിയൻ എൻ. ജെ., ഷിൻസ് കൊഴുപ്പാക്കുളം എന്നിവർ നേതൃത്വം കൊടുത്തു. ആയിരക്കണക്കിന് പേർ ദിവ്യബലിയിലും ഊട്ടുനേർച്ചയിലും പങ്കെടുത്തു.

- ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ യേശുവിന്റെ സന്ദേശം വാക്കുകൊണ്ടല്ല ജീവിതം കൊണ്ടാണ് പ്രഘോഷിച്ചത് എന്ന് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പ്രസ്താവിച്ചു. അച്ചന്റെ ജീവിതസാക്ഷ്യവും മാതൃകയും മൈക്രോഫോണിനേക്കാൾ മുഴക്കമുള്ളതാണ്. ദൈവദാസൻ തച്ചുപറമ്പിലച്ചന്റെ 51-ാം ശ്രാദ്ധത്തോടനുബന്ധിച്ച് 8.6.2014 ന് നടന്ന ദിവ്യബലിയിൽ സന്ദേശം നൽകുകയായിരുന്നു അഭിവന്ദ്യ പിതാവ്. മുൻ വികാരി ഫാ. ജോർജ്ജ് കണ്ണാത്ത് ദിവ്യബലിയർപ്പിച്ചു

## B. ദൈവദാസൻ – ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

- ദൈവദാസൻ അഗസ്റ്റിൻ ജോൺ അച്ചന്റെ അനുസ്മരണാർത്ഥം ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിലെ രണ്ടാം ശനിയാഴ്ച ആചരണത്തിൽ ബ. ഫാ. ഷിൻസ് പോട്ടോക്കാരൻ സി.എം.ഐ., ബ. സി. ട്രെസി സി. എസ്.സി. എന്നിവർ ധ്യാനചിന്തകൾ പങ്കുവെച്ചു. നിങ്ങൾ സ്നേഹിക്കുന്നതിൽ പുറകിലായിരിക്കരുത്. ഊക്കനച്ചൻ ഒരു മത്സരവേദി ഒരുക്കിയിരിക്കുകയാണ്. സ്നേഹത്തിന്റെ മത്സരം. ഊക്കനച്ചന്റെ ജീവിതത്തിന്റെ മൂന്ന് പ്രത്യേകതകൾ ഫാ. ഷിൻസ് പോട്ടോക്കാരൻ വ്യക്തമാക്കി. ഒന്നാമതായി അദ്ദേഹം ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിയവനാണ്. ബലിപീഠത്തിൽ കൂടു കെട്ടിയവൻ. രണ്ടാമതായി തലമുറകൾക്ക് വിശ്വാസത്തിന്റെ അടിസ്ഥാനമിട്ടവൻ. മൂന്നാമതായി അദ്ദേഹം ഒരു വചനോപാസകനായിരുന്നു. വചനത്തിനുവേണ്ടി ജീവൻ സമർപ്പിച്ചവൻ. നമുക്കും വിശുദ്ധിയിലേക്ക് നടന്നു നീങ്ങുവാൻ ഈ വിശുദ്ധജീവിതം സാക്ഷ്യമാകട്ടെ എന്ന് ബ. അച്ചൻ ഓർമ്മപ്പെടുത്തി.

- ജൂൺ 2 ലെ പ്രത്യേക പ്രാർത്ഥനകൾക്ക് മാർ പോൾ ആലപ്പാട്ട് നേതൃത്വം നൽകി. മറ്റു ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മോൺ. ജോർജ്ജ് കോമ്പാറ, റവ. ഡോ. ക്ലമന്റ് ചിറയത്ത്, റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, റവ. ഫാ. ആന്റോ ഒല്ലൂക്കാരൻ, റവ. ഫാ. സിജു മുട്ടത്താനത്ത്, റവ. ഫാ. ടിങ്കിൾ വാഴപ്പിള്ളി, റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര, റവ. ഫാ. ഫ്രാങ്കോ പുത്തിരി, റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ, റവ. ഫാ. ജോജു ചിരിയങ്കണ്ടത്ത്, റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കൽ, റവ. ഫാ. റോയ് വടക്കൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

## 1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ

2014 ജൂലൈ 7 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കേണ്ടത്. ജൂൺ മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 57) ഓരോ ഇടവകയും തെരട്ട് സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തെരട്ടു കൊണ്ടു വരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും, 2014 ജൂൺ മാസത്തെ ബുള്ളറ്റിനിൽ (പേജ് 31) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സാമ്പത്തിക കാര്യാലയത്തിലേക്ക് അതിരൂപതയുടെ കമ്പ്യൂട്ടർ പ്രോഗ്രാമിൽ ചെയ്ത കണക്കിന്റെ സി.ഡി.യും മറ്റും തെരട്ട് രേഖകളോടൊപ്പം കൊണ്ടുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാം സംബന്ധിച്ച സംശയങ്ങൾക്ക് അതിരൂപത ഐ.ടി. സെല്ലുമായി ബന്ധപ്പെടുക.

## 2. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ :

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ 2014 ജൂൺ മാസത്തിലെ ബുള്ളറ്റിനിൽ (പേജ് നമ്പർ 66) കൊടുത്തിട്ടുണ്ട്. ബ. ഡയറക്ടറച്ചൻമാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2014 സെപ്തംബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 3. വരവ്–ചെലവ് കണക്കുകൾ –മെയ് 31, 2014

| | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|---|
| 1. അമ്മാടം | – | 109200 | – | – |
| 2. ഏയ്ഞ്ചൽ നഗർ | 16360 | 52960 | 127125 | |
| 3. അന്തിക്കാട് | – | 16400 | – | – |
| 4. ആറംപിള്ളി | – | 18405 | – | – |

| | | | | |
|---|---|---|---|---|
| 5. അയ്യന്തോൾ | – | 55370 | – | – |
| 6. ബ്രഹ്മകുളം | 9970 | 53020 | – | – |
| 7. ചേലക്കര | – | 17850 | – | – |
| 8. ചിറ്റിലപ്പിള്ളി | – | 23000 | – | – |
| 9. ചോറ്റുപാറ | 1500 | 2500 | – | – |
| 10. എളവള്ളി | – | 17000 | – | – |
| 11. എൽത്തുരുത്ത് | 9070 | – | – | – |
| 12. ഏങ്ങണ്ടിയൂർ | – | 15000 | – | – |
| 13. എറവ് | 11850 | 75000 | – | – |
| 14. കല്ലൂർ ഈസ്റ്റ് | – | 92185 | – | – |
| 15. കണ്ടാണശ്ശേരി | – | 11130 | – | – |
| 16. കാഞ്ഞാണി | – | 25120 | – | – |
| 17. കണ്ണംകുളങ്ങര | 19210 | 24010 | – | – |
| 18. കാരമുക്ക് | 2020 | 7240 | – | – |
| 19. കോലഴി | 2603 | 23580 | – | – |
| 20. കൂനംമൂച്ചി | – | 23960 | – | – |
| 21. കുന്നംകുളം | – | 13240 | – | – |
| 22. കുറ്റൂർ | 3756 | 30935 | – | – |
| 23. മഡോണനഗർ | 6895 | 29810 | – | – |
| 24. മണലാടി | – | 2025 | – | – |
| 25. മണലൂർ ഈസ്റ്റ് | 3614 | 29081 | – | – |
| 26. മണ്ണുത്തി | – | 102655 | – | – |
| 27. മരത്താക്കര | – | 68640 | – | – |
| 28. മരിയാപുരം | – | 82180 | – | – |
| 29. മുണ്ടൂർ | – | 82000 | – | – |
| 30. നന്തിപുലം | 3850 | 18550 | – | – |
| 31. ഒരുമനയൂർ | – | 15890 | – | – |
| 32. പാലാഴി | – | 7655 | – | – |
| 33. പല്ലിശ്ശേരി | – | 4520 | – | – |
| 34. പങ്ങാരപ്പിള്ളി | 2100 | 4650 | – | – |
| 35. പറക്കാട് | – | 2985 | – | – |
| 36. പീച്ചി | 13720 | 22052 | – | – |
| 37. പെരിഞ്ചേരി | – | 53000 | – | – |

| | | | | |
|---|---|---|---|---|
| 38. പെരുവല്ലൂർ | 1640 | 8630 | - | - |
| 39. പൊങ്ങണംകാട് | 6300 | 20580 | - | - |
| 40. പോന്നോർ | 7770 | 44210 | - | - |
| 41. പെന്നൂക്കര | - | 49860 | - | - |
| 42. പുലക്കാട്ടുകര | 6678 | 13195 | - | - |
| 43. പുറനാട്ടുകര | - | 46005 | - | - |
| 44. തൃക്കൂർ | 4102 | - | - | - |
| 45. തൃശൂർ സെന്റ് ആൻസ് | 9732 | 51180 | - | - |
| 46. വാക | - | 7730 | - | - |
| 47. വലപ്പാട് | - | 52990 | - | - |
| 48. വരാക്കര സൗത്ത് | - | 10631 | - | - |
| 49. വരവൂർ | 500 | 2485 | - | - |
| 50. വേലൂപ്പാടം | 8407 | - | - | - |
| 51. വെങ്ങിണിശ്ശേരി | 3255 | 24500 | - | - |
| 52. വിമല കോളേജ്, ചേറൂർ | - | - | 7000 | - |
| 53. സെന്റ് മേരീസ് മഠം, തൃശൂർ | - | - | - | 3400 |

## 4. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

ഭവനനിർമ്മാണം 10000 വിവാഹം 18000

### സാമ്പത്തിക സഹായം

| | | | |
|---|---|---|---|
| വിദ്യാഭ്യാസം | 28000 | ഭവനനിർമ്മാണം | 21500 |
| വിവാഹം | 84300 | ചികിത്സ | 53000 |

## 5. മാർ കുണ്ടുകുളം ട്രസ്റ്റിൽനിന്നും വിവാഹസഹായം

| | | | |
|---|---|---|---|
| 1. പാറേമ്പാടം | 5000 | 2. വെള്ളാനിക്കോട് | 5000 |
| 3. തൃക്കൂർ | 5000 | 4. വേലൂർ | 5000 |
| 5. പഴയങ്ങാടി | 5000 | 6. ഇയ്യാൽ | 5000 |
| 7. പൂച്ചിന്നിപ്പാടം | 5000 | 8. മുക്കാട്ടുകര | 5000 |
| 9. മരിയാപുരം | 5000 | 10. പാലയ്ക്കൽ | 5000 |
| 11. പൊന്നൂക്കര | 5000 | 12. മണലൂർ ഈസ്റ്റ് | 5000 |
| 13. ചൊവ്വന്നൂർ | 5000 | 14. നിർമ്മലപുരം | 5000 |
| 15. ഒല്ലൂർ | 5000 | | |

**ഫാ. ജോസ് ചാലക്കൽ,**
ഫിനാൻസ് ഓഫീസർ

# 17th Palayoor Mahatheerthadanam - 06.04.2014

## Receipts and Payments Account

| Particulars | Receipt in Rs. | Expenses in Rs. |
|---|---|---|
| **At Central** | | |
| Diocesan Institutions (Sch 1) | 146500.00 | |
| Churches (Sch 2) | 611251.00 | |
| Religious Institutions and Convents Sch (3) | 275586.00 | |
| Individuals (Sch 4) | 177411.00 | |
| Others (Sch 5) | 110000.00 | |
| Bank Interest | 35695.00 | |
| Food | | 831777.00 |
| Jagarana Padayathra | | 34165.00 |
| Cap and sunshade | | 67500.00 |
| Padayathra day prayer and pilot vehicles | | 56500.00 |
| Paper news and supplement | | 61500.00 |
| Travelling Expenses | | 28800.00 |
| Badges | | 21928.00 |
| Publicity | | 28476.00 |
| Flags | | 5964.00 |
| Waste Collection | | 22200.00 |
| Photo, Photostat, Postage and Stationary | | 12500.00 |
| **Total (A)** | **1,356,443.00** | **1,171,310.00** |
| Excess of Income over Expenditure | **185,133.00** | |
| Add : Opening Balances | | |
| At Banks | 525,767.92 | |
| Closing balance at Banks | | |
| SB SIB 3272 | | 43828.92 |
| Fixed Deposit | | 667072.00 |
| | **710,900.92** | **710,900.92** |

# കരുണ ട്രസ്റ്റ് – വിദ്യാഭ്യാസ സഹായം

**അതിരൂപതയുടെ കരുണ ട്രസ്റ്റിൽനിന്നും വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സഹായം ലഭിക്കുകയുള്ളൂ. കരുണ ട്രസ്റ്റിൽനിന്നും സഹായം ലഭിക്കുന്നതിനുള്ള ഫോറം വാങ്ങണമെങ്കിൽ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.**

**ആഗസ്റ്റ് മാസം 1 മുതൽ അപേക്ഷാഫോറം അതിരൂപതാ കാരുണ്യനിധിയുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. 2014 ആഗസ്റ്റ് 30 നുള്ളിൽ അപേക്ഷാഫോറം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപത കാരുണ്യ പ്രൊജക്ട് ഓഫീസിൽ നല്കേണ്ടതാണ്.**

**അപേക്ഷകൾ കൊടുക്കുന്ന / സ്വീകരിക്കുന്ന സ്ഥലം**

കാരുണ്യനിധി / കാരുണ്യ പ്രൊജക്ട് ഓഫീസ്,
ആർച്ച്ബിഷപ്സ് ഹൗസ്, തൃശൂർ
(തൃശൂർ അതിരൂപത സാമ്പത്തിക കാര്യാലയത്തിനു സമീപം)

**മോൺ.ജോർജ്ജ് കോമ്പാറ**
കൺവീനർ

**ഇക്കാര്യം ജനങ്ങളെ അറിയിക്കുവാൻ ബഹു.വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.**



# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ പുലിക്കോട്ടിൽ | 08 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 10 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 20 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ടോണി നീലങ്കാവിൽ | 23 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| ഫാ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |
| ഫാ. ആന്റോ കൂള | 30 |

## നാമഹേതുകതിരുനാളുകൾ

| | |
|---|---|
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. ചാക്കോ എടയാൽ | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 25 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |

| | |
|---|---|
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 31 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05-07-1915 |
| ഫാ. ജോസഫ് പുത്തൂർ | 18-07-1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23-07-1945 |
| ഫാ. ഗ്രൂസ് പാനികുളം | 09-07-1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08-07-1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11-07-1953 |
| ഫാ. ജോസഫ് പറമ്പൻ | 27-07-1961 |
| ഫാ. ആന്റണി അക്കര | 16-07-1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22-07-1971 |
| ഫാ. പോൾ അരിക്കാട്ട് | 07-07-1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12-07-1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07-06-1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13-07-1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28-07-1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31-07-1985 |
| ഫാ. ജോസഫ് ചാലക്കൽ | 22-07-1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09-07-1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18-07-1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14-07-2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18-07-2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31-07-2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05-07-2010 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്ന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

28.04.2014. സി.എച്ച്.എഫ്. സെന്റിനറിവർഷത്തിലെ വ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും കഴിക്കാട്ടുശ്ശേരി വാ. മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ എല്ലാ പ്രോവിൻസുകളുടെയും ഒന്നിച്ച് നടത്തി. 93 അർത്ഥിനികൾ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമീകത്വത്തിലുള്ള ദിവ്യ ബലിയിൽ ആദ്യ വ്രതവാഗ്ദാനവും സഭാവസ്ത്രവും സ്വീകരിച്ചു. അഭിവന്ദ്യ മാർ. റാഫേൽ തട്ടിൽ പിതാവ് വചനസന്ദേശം നൽകി. അഭിവന്ദ്യ പിതാക്കന്മാരും, ധാരാളം വൈദിരും, സന്ന്യസ്തരും ആയിരകണക്കിന് അത്മായരും ഈ പരിപാടിയിൽ പങ്കെടുത്തു.

01.05.2014. എസ്.എ.ബി.എസ്. ചേറ്റുപുഴ ഇടവകയിൽ ഈ വർഷം പ്രഥമദിവ്യകാരുണ്യം സ്വീകരണത്തിനൊരുങ്ങുന്ന കുട്ടികൾക്കായി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ഏകദിന സെമിനാർ നടത്തി. സി. വിനയ തച്ചിൽ, സി. ജീൻ മേരി പൊറുത്തൂക്കാരൻ എന്നിവർ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വി. കുമ്പസാരം, വി. കുർബാന എന്നീ കൂദാശകളെകുറിച്ച് ആഴമായ ബോധ്യങ്ങൾ കുട്ടികൾക്ക് ലഭിക്കാൻ ഈ സെമിനാർ സഹായകമായി.

സി.എസ്.എസ്. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾദിനത്തിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 3 അർത്ഥിനികൾ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. ആസ്പിരൻസിയിലേയക്ക് പുതിയതായി വന്ന 7 പേർക്ക് സ്വീകരണം നൽകി. മെയ് 18,19 തിയതികളിൽ പെരുവല്ലൂർ ഇടവകയിൽ 6 സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.

02.05.2014. എസ്.എ.ബി.എസ്. ബ. മദർലിറ്റിൽമരിയ തെക്കേക്കര നൊവീഷ്യറ്റ് ഭവനം സന്ദർശിച്ച് നോവിസസിന് ആദ്ധ്യാത്മീക ഉപദേശം നൽകി.

03.05.2014. സി.എച്ച്.എഫ്. സെന്റിനറി ആഘോഷത്തിന്റെ സമാപനം കഴിക്കാട്ടുശ്ശേരി വാ.മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ നടത്തി.

കുഴിക്കാട്ടുശ്ശേരിയിൽവച്ച് നടന്ന ഹോളി ഫാമിലി സന്യാസസമൂഹത്തിന്റെ ശതാബ്ദി സമാപനാഘോഷങ്ങളിൽ സി. അൽഫോൻസ മൂഞ്ഞേലി, സി. റോസിലി മഞ്ഞളി എന്നിവർ പങ്കെടുത്തു.

എസ്.എ.ബി.എസ്. നെന്മണിക്കരയിലെ പോസ്റ്റുലൻസ് ഹൗസ് ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര സന്ദർശിക്കുകയും പോസ്റ്റുലൻസിനെ കണ്ട് ഉപദേശങ്ങൾ നൽകുകയും ചെയ്തു.

ചുവന്നമണ്ണ് സെന്റ് ജോസഫ് ഇടവക പള്ളിയുടെ വെഞ്ചെരിപ്പ് കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും സി. റോസ്മിൻ മാത്യുവും പങ്കെടുത്തു.

എഫ്.സി.സി. ഹോളിഫാമിലി സന്യാസിനീ സമൂഹത്തിന്റെ കുഴിക്കാട്ടുശ്ശേരിയിൽ നടന്ന ശതാബ്ദി ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു.

05.05.2014. എസ്.എ.ബി.എസ്. തൃശൂർ DBCLC-ൽ നടന്ന 6 ദിവസത്തെ സെമിനാറിൽ സി. ലിസ ചിറയത്ത്, സി. ലിസറ്റ് പുളിക്കൽ, സി. ആൻ ജോസ് പുലിക്കോട്ടിൽ എന്നിവർ പങ്കെടുത്തു.

സി.എച്ച്.എഫ്. തൃശ്ശൂർ അതിരൂപതയിൽ നടത്തിയ പാസ്റ്ററൽ ഓറിയന്റേഷൻ കോഴ്സിൽ നവജ്യോതി പ്രോവിൻസിലെ 5 സിസ്റ്റേഴ്സ് പങ്കെടുത്തു.

06.05.2014. സി.എച്ച്.എഫ്. ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി അഭിവന്ദ്യ ജോർജ്ജ് പാനികുളം പിതാവിന്റെ മുഖ്യ കാർമ്മീകത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു. തുടർന്നുനടത്തിയ സ്നേഹവിരുന്നിലും പൊതുസമ്മേളനത്തിലും സിസ്റ്റേഴ്സിന് ആശംസകൾ നേർന്നു.

എഫ്.സി.സി. 19 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷം അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 7 മണിക്ക് അർപ്പിക്കപ്പെട്ട ദിവ്യബലിയിലും തുർന്നു നടന്ന സ്നേഹവിരുന്നിലും അവരുടെ ലോക്കൽ സുപ്പീരിയേഴ്സും അസ്സീസി ഭവനാംഗങ്ങളും പങ്കുകൊണ്ടു.

07.05.2014. എസ്.എൻ.ഡി.എസ്. 4 സിസ്റ്റേഴ്സിന്റെ ആദ്യവാഗ്ദാനവും 4 സിസ്റ്റേഴ്സിന്റെ രജത ജൂബിലിയും മുളയം സെന്റ് പാട്രിക് ദേവാലയത്തിൽവച്ച് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭംഗിയായി നടന്നു. പ്രാർത്ഥിച്ച് സഹകരിച്ച എല്ലാവർക്കും നന്ദി. അന്നേദിനം തന്നെ Founders day ആഘോഷവും അതേത്തുടർന്നുള്ള സമ്മാനദാനവും, ആദ്യവാഗ്ദാനം നടത്തിയ സിസ്റ്റേഴ്സിനും ജൂബിലി സിസ്റ്റേഴ്സിനും സ്വീകരണവും നടന്നു.

എഫ്.സി.സി. വെങ്ങിണിശ്ശേരി കോൺവെന്റിനോട് ചേർന്നു പ്രവർത്തിക്കുന്ന എൽ. പി. സ്കൂൾ പുതുക്കിപ്പണിയുന്നതിന്റെ ആദ്യപടിയായി റവ. ഫാ. ജാക്സൻ ചാലക്കലിന്റെ കാർമ്മികത്വത്തിൽ നടന്ന കല്ലിടൽ കർമ്മത്തിൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു.

08.05.2014 എസ്.എ.ബി.എസ്. വിദേശത്തുള്ള ഭവനങ്ങളിൽ ഔദ്യോഗികസന്ദർശനം നടത്തുവാനായി മദർലിറ്റിൽ മരിയ തെക്കേക്കര യാത്ര തിരിച്ചു.

സി.എച്ച്.എഫ്. സെന്റിനറിയോടനുബന്ധിച്ച് ജനറലേറ്റിൽ 100 മണിക്കൂർ ആരാധന നടത്തി.

10.05.2014. സി.എം.സി. സെന്റ് സേവിയേഴ്സ് കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മാർ റാഫേൽ തട്ടിൽ പിതാവിൻെറ മുഖ്യ കാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കുകയും അമ്മയും കൗൺസിലേഴ്സും പങ്കുചേർന്ന് സമൂഹാംഗങ്ങൾക്ക് കൃതജ്ഞതാനിർഭരമായ ആശംസകൾ നൽകുകയും ചെയ്തു.

11.05.2014. സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തിയ പ്ലിനറി മീറ്റിങ്ങിൽ പ്ലിനറി അംഗങ്ങളെല്ലാവരും പങ്കുകൊണ്ടു. ദൈവദാസൻ കനീസിയൂസച്ചന്റെ ജന്മശതാബ്ദിയോടനു ബന്ധിച്ച് ആനന്ദപുരത്ത് നടത്തിയ തിരുകർമ്മങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറും കൗൺസിലേഴ്സും പങ്കെടുത്തു.

12.05.2014. സി.എം.സി. അടുത്ത വർഷം ഗോൾഡൻ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറിന്റെ ബാച്ചുകാർക്ക് ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. നീണ്ട വർഷങ്ങൾക്കുശേഷമുള്ള ഈ സൗഹൃദ കൂട്ടായ്മയിൽ 25 സിസ്റ്റേഴ്സ് പങ്കെടുത്തു.

14.05.2014. സി.എച്ച്.എഫ്. കുഴിക്കാട്ടുശ്ശേരി വാ. മറിയം ത്രേസ്യ തീർത്ഥ കേന്ദ്രത്തിൽ 43 സിസ്റ്റേഴ്സ് നിത്യവ്രതാർപ്പണം. അഭിവന്ദ്യ മാർ. ജേക്കബ് മനത്തോടത്ത് പിതാവ് ദിവ്യബലിക്ക് നേതൃത്വം നൽകി.

15.05.2014 എസ്.എ.ബി.എസ്. വിദ്യഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പാലക്കാടുള്ള ധോണിയിൽവച്ച് നടത്തിയ ധ്യാനത്തിൽ സി. വിനയ തച്ചിൽ, സി. ആനീസ് കാടപ്പറമ്പിൽ, സി. ദീപ തെരേസ് പുളിക്കൽ എിവർ സംബന്ധിച്ചു.

എഫ്.സി.സി. HS, H.S.S, College തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സ്ഥാപനാധികാരികൾക്കും സീനിയർ സ്റ്റാഫിനും വേണ്ടി പാലക്കാട് ധോണിയിൽ മരിയൻ റിന്യൂവൽ സെന്ററിൽ വെച്ച് മേയ് 15 –20 വരെ ബ. റെനി പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ നടത്തിയ ധ്യാനത്തിൽ 10 സിസ്റ്റേഴ്സ് സംബന്ധിച്ചു.

16.05.2014 എസ്.എ.ബി.എസ്. പോസ്റ്റുലൻസ്, ആസ്പിരൻസ് എന്നിവർ തങ്ങളുടെ മിസ്ട്രസ്സ്മാരായ സി. റോസ്മേരി പ്ലാക്കൽ, സി. ജെസ്ലിൻ റോസ് ബ്രഹ്മകുളത്ത്എിവരുടെ നേതൃത്വത്തിൽ കുഴിക്കാട്ടുശ്ശേരി, ഒല്ലൂർ, അതിരപ്പിള്ളി എന്നിവിടങ്ങളിൽ വിനോദയാത്ര നടത്തി.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ റവ. ഫാ. അ

ഗസ്റ്റിൻ OSST യുടെ നേതൃത്വത്തിൽ വാർഷീക ധ്യാനം നടത്തി. 90 സിസ്റ്റേഴ്സ് പങ്കെടുത്തു.

17.05.2014. എഫ്.സി.സി. സി. നിസ്സി ക്ലെയർ, സി. റിയോണ, സി. സ്റ്റെഫി ക്ലെയർ എിവരുടെ നിത്യവ്രതാനുഷ്ഠാനം അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മേയ് 17-ാം തീയതി രാവിലെ 6.30 ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

18.05.2014 എസ്.എ.ബി.എസ്. താന്നിപ്പുഴയിൽവച്ച് നടന്ന ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പോസ്റ്റുലൻസും നോവീസസും പങ്കെടുത്തു.

സി.എം.സി. സിസ്റ്റേഴ്സ് തങ്ങൾക്കുലഭിച്ച പുതിയ ഭവനങ്ങളിലേക്ക് ഇതേദിനം സ്ഥലം മാറിപ്പോയി.

എഫ്.സി.സി. മായന്നൂർ ഇടവക പള്ളിയിൽ നടന്ന വൈദികമന്ദിരത്തിന്റെ വെഞ്ചെരിപ്പ് കർമ്മത്തിലും ആദ്യകുർബ്ബാന സ്വീകരണച്ചടങ്ങിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

19.05.2014. സി.എം.സി. അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിൽ വച്ച് നടന്ന വൊക്കേഷൻ ക്യാമ്പിലെ കുട്ടികളെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമർ സന്ദർശിച്ച് അവർക്ക് സന്ദേശം നൽകി.

എസ്.എ.ബി.എസ്. മെയ് 19 മുതൽ 23 വരെ തൃശൂർ അതിരൂപത നടത്തിയ ഹോംമിഷനിൽ സി. ഉഷ മാർഗരറ്റ് കുരിശിങ്കൽ, സി. സുമ തെരേസ് പെരേപ്പാടൻ, സി. ലിസ് തെരേസ് കാളൻ, സി. ശാന്തി നീലങ്കാവിൽ സി. ലീമേരി ചിറ്റിലപ്പിള്ളി, സി. ആൻ ലിയ ഊക്കൻ, എന്നിവർ സഹായിച്ചു.

സി.എച്ച്.എഫ്. തൃശ്ശൂർ അതിരൂപതാദിന(127-ാം)ത്തോടനുബന്ധിച്ച് ഒല്ലൂർ ഫൊറോന പളളിയിൽ നടത്തിയ പരിപാടികളിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

എഫ്.സി.സി. പടവരാട്, ചിറക്കൽ എന്നീ ഇടവകകളിൽ ഹോം മിഷൻ പരിപാടികൾക്ക് എഫ്. സി. സി. തൃശൂർ പ്രോവിൻസിലെ സിസ്റ്റേഴ്സ് നേതൃത്വം കൊടുത്തു.

20.05.2014. എസ്.എ.ബി.എസ്. ഒല്ലൂർ ഫൊറോന പള്ളിയിൽവച്ച്

നടത്തിയ അതിരൂപതാദിനാഘോഷപരിപാടികളിൽ സി. ജിൻസി ആൻ കണ്ണംപടത്തി, സി. ബ്ലസ്സി റോസ് ചിരിയങ്കണ്ടത്ത് എന്നിവർ പങ്കെടുത്തു.

21.05.2014. എഫ്.സി.സി. പുതുക്കിപ്പണിത പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ് ഭവനത്തിന്റെയും ചാപ്പലിന്റെയും വെഞ്ചെരിപ്പും പ്ലാറ്റിനം ജൂബിലിയും സംയുക്തമായി 2014 മേയ് 21-ാം തീയതി ബുധനാഴ്ച 2 pm ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ദിവ്യബലിയിലും മറ്റ് തിരുക്കർമ്മങ്ങളിലും സ്നേഹവിരുന്നിലും ധാരാളം പേർ സംബന്ധിച്ചു.

22.05.2014. സി.എച്ച്.എഫ്. പുതുക്കിപണിത ചേലക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റിന്റെ വെഞ്ചിരിപ്പ് അഭിവന്ദ്യ മാർ. റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെ നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫും കൗൺസിലും സിസ്റ്റേഴ്സും സംബന്ധിച്ചു.

എഫ്.സി.സി. Young Senior Sisters ന്റെ Renewal Programme 2014 മേയ് 22-ാം തീയതി മുതൽ 26-ാം തീയതി വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

24.05.2014. എസ്.എ.ബി.എസ്. അതിരമ്പുഴയിൽ വച്ച് നടത്തിയ, ആരാധനാസഭാസമൂഹത്തിന്റെ സഹസ്ഥാപകയായ ഷന്താളമ്മയുടെ 42-ാം ചരമവാർഷികാഘോഷങ്ങളിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

എഫ്.സി.സി. 2014 മേയ് 24-ാം തീയതി മുതൽ 25 വരെ ആലുവ പോർസ്യുങ്കുളായിൽ വെച്ച് നടന്ന FCC Health Care Fraternity മീറ്റിംഗിൽ 8 സിസ്റ്റേഴ്സ് പങ്കെടുത്തു.

25.05.2014. എസ്.എ.ബി.എസ്. Healing Ministry യുടെ Adivsory Meeting ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽവച്ച് നടന്നു. ബന്ധപ്പെട്ട എല്ലാവരും ഇതിൽ പങ്കെടുത്തു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻസിലെ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പുതിയ അധ്യ

യനവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.
സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻസിലെ സിസ്റ്റർ സ്റ്റാഫിന് പ്രൊവിൻഷ്യൽ ഹൗസിൽ ഏകദിന സെമിനാർ നടത്തി. പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫും കെ.സി. ബി.സി. എഡ്യുക്കേഷൻ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോയിംസ് പള്ളിക്കാപ്പിള്ളി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.
എഫ്.സി.സി. 2014 A ഗ്രൂപ്പിലെ ആശ്രമശുശ്രൂഷികളുടെ സുവർണ്ണജൂബിലി ആഘോഷവും സംഗമവും അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മേയ് 27-ാം തീയതി നടത്തി. രാവിലെ 10. 30 ന് തൃശൂർ അതിരൂപത വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറയുടെ നേതൃത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിക്കുശേഷം സ്നേഹവിരുന്നിലും Outingലും പങ്കെടുത്ത് എല്ലാവരും യാത്രയായി.

28.05.2014. സി.എം.സി. പുതിയ അദ്ധ്യയന വർഷത്തിനാരംഭമായി സ്കൂൾ സ്റ്റാഫിനു വേണ്ടി ഏകദിന സെമിനാർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. റവ. ഫാ. പോളി കണ്ണൂക്കാടൻ സെമിനാർ നയിക്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമർ സന്ദേശം നൽകുകയും എഡ്യുക്കേഷൻ കൗസിലർ സി. ജസ്‌ലിൻ SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഹെഡ്മിസ്ട്രസ്സുമാരെ അനുമോദിക്കുകയും ചെയ്തു. തുടർന്നുണ്ടായ ഹെഡ്മിസ്ട്രസ്സ് കോൺഫ്രൻസിന് സി. ലിസ്ജോ നേതൃത്വം നല്കി.

29.05.2014. സി.എം.സി. നിത്യവ്രതത്തിനൊരുക്കമായി ഒരുവർഷത്തെ തിയോളജി കോഴ്സിനായി ബാംഗ്ളൂരിലേക്കും ആലുവായിലേക്കും 6 ജൂനിയർ സിസ്റ്റേഴ്സ് പോയി.
എഫ്.സി.സി. കടങ്ങല്ലൂർ 'സ്നേഹതീരം' Natural Calamities വിഷയത്തെ സംബന്ധിച്ച് നടന്ന സെമിനാറിൽ സി. ലിസ തെരേസ്, സി. സെലിൻ മരിയ എന്നിവർ പങ്കെടുത്തു.

30.05.2014 എസ്.എ.ബി.എസ്. പരിശീലനം പൂർത്തിയാക്കിയ 6 പോസ്റ്റുലൻസ്, കാനോക നൊവീഷ്യറ്റിലേക്ക് പ്രവേശിച്ചു.

31.05.2014. സി.എസ്.എസ്. മെയ് 25 മുതൽ 31 വരെ ഹോളിസ്പിരിറ്റ് ജനറലേറ്റിൽ വെച്ചു നടത്തിയ വാർഷിക ധ്യാനത്തിൽ 72 സിസ്റ്റേഴ്സ് പങ്കെടുത്തു.

പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ഹോളിസ്പിരിറ്റ് ജനറലേറ്റിന്റെ ഭവനദ്ധ്യസ്ഥ തിരുനാൾ മെയ് 31 ന് സാഘോഷം കൊണ്ടാടി. വിവിധ പ്രൊവിൻസുകളിൽ നിന്നുള്ള സിസ്റ്റേഴ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു.

എഫ്.സി.സി. നെല്ലങ്കര ഇടവകയിൽ ഒരു വർഷത്തേക്ക് താല്ക്കാലിക ദൈവപരിപാലനഭവനം സി. ജോസി മരിയ, സി. റിമരിയ, സി. നിമ റോസ് എിവരുടെ നേതൃത്വത്തിൽ സമാരംഭിച്ചു.

എഫ്.സി.സി. മേയ് 31 ാം തീയതി Pre Postulancy Phase 1 ലെ 11 അർത്ഥിനികൾ ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോവെന്റിൽ Pre Postulancy Phaseലെ 11 ലേക്ക് പ്രവേശിച്ചു. സി. ജോസി ഒലക്കങ്കിലാണ് ഇവരുടെ മിസ്ട്രസ്സ്.

02.06.2014. എസ്.എൻ.ഡി.എസ്. സിസ്റ്റർ ലിസ്സ പുറവക്കാട്, സിസ്റ്റർ കൊച്ചുറാണി കാരക്കൽ എന്നിവർ എം. എ. സ്പിരിചാലിറ്റി കോഴ്സിനായി ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ ചേർന്നു. ബഹു. അമ്മ മുംബൈയിൽ ധാരാവിയിലുള്ള ഭവനത്തിന്റെ രജതജൂബിലിയിൽ സംബന്ധിച്ച് കാനോനിക സന്ദർശനവും കഴിഞ്ഞ് ജൂൺ 1 ന് തിരിച്ചെത്തി.

**ആദരാഞ്ജലി**



09.05.2014. സി.എം.സി. ചൂണ്ടൽ മരീനഹോമിലെ സി. ഗ്ലിസേറിയ അന്ത്യകൂദാശകൾ സ്വീകരിച്ച് ദൈവപിതാവിന്റെ സിധിയിലേക്ക് വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

വിശ്വാസപരിശീലനത്തിനായുള്ള പുതിയ അദ്ധ്യയന വർഷം ആരംഭിച്ചുവല്ലോ. വികാരിമാർക്കും മതബോധന അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

"എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉത്ഥിതന്റെ മുന്നിൽ ഉദ്ഘോഷിച്ച് വിശ്വാസദീപം ഭാരതത്തിൽ തെളിയിച്ച മാർതോമ്മാശ്ലീഹായുടെ തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

2014-15 മതബോധന അദ്ധ്യയന വർഷത്തിലെ പ്രബോധന വിഷയം 'ക്രിസ്തീയകുടുംബം' (Familia Cristiana - ഫമിലിയ ക്രിസ്റ്റ്യാന) എന്നതാണ്. കുടുംബമാണ് ക്രൈസ്തവവിശ്വാസ പരിശീലനത്തിന്റെ പ്രഥമ പള്ളിക്കൂടം. വിശ്വാസ പരിശീലനത്തിനായി മതാദ്ധ്യാപകരെ ഏൽപ്പിക്കുന്ന കുട്ടികളുടെ കുടുംബപശ്ചാത്തലവും ശുദ്ധീകരിക്കുവാനുണ്ട്. കുട്ടികൾ അവരുടെ കുടുംബങ്ങളെ പ്രാർത്ഥനയുടെ ആലയമാക്കി തീർക്കാനും തിരുക്കുടുംബമാക്കി തീർക്കാനും ആവശ്യമായ വചനങ്ങളും ഉപദേശങ്ങളും മതാദ്ധ്യാപകർക്ക് പകർന്നു നൽകാൻ സാധിക്കട്ടെ.

¿ **ഡയറക്ടർമാർ സന്ദർശിച്ച മതബോധന യൂണിറ്റുകൾ:**

നെന്മണിക്കര, ബസിലിക്ക, പൊന്നൂക്കര, കുട്ടംകുളം

### 1. Correspondence Theology Course

വിശ്വാസപരിശീലകർക്ക് ക്രൈസ്തവ വിശ്വാസസംഹിതയെക്കുറിച്ചും സഭാപ്രബോധനങ്ങളെക്കുറിച്ചും ആഴമായ അറിവ് ലഭിക്കുമ്പോൾ മാത്രമേ ഫലപ്രദമായ വിശ്വാസപരിശീലനം നൽകാൻ സാധിക്കുകയുള്ളൂ. അതിനാൽ ഈ ലക്ഷ്യം വെച്ചുകൊണ്ട് മതബോധന അദ്ധ്യാപകർക്കുള്ള Correspondence Theology Course (One Year or Two Years) ജൂലൈ 27 ന് DBCLC യിൽ വെച്ച് (2 pm) ആരംഭിക്കുന്നു. ഓരോ യൂണിറ്റിൽനിന്നും രണ്ടോ മൂന്നോ മതാദ്ധ്യാപകർ ഈ കോഴ്സിൽ ചേരേണ്ടതാണ്. (See Annual Programme P. 34) കോഴ്സിലേക്ക് വരുന്ന അദ്ധ്യാപകരുടെ പേരുകൾ ജൂലൈ 20-ന് മുമ്പ് മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. ഈ വർഷം മുതൽ ദൈവശാസ്ത്ര വിദ്യാപീഠത്തിൽ നിന്നും Six Month Theology Course നടത്തുന്നുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നത് ജൂലൈ 7 തിങ്കളാഴ്ച.

2. മതബോധനകേന്ദ്രത്തിലേക്ക് അയച്ചുതരേണ്ട Forms, Documents & Statistics എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പേജ് 31 കാണുക. ഹെഡ്മാസ്റ്ററും സെക്രട്ടറിയും Forms, Documents & Statistics മതബോധനകേന്ദ്രത്തിൽ നിശ്ചിത തിയ്യതികളിൽ തന്നെ എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

   1. HM & Secretary Address : വ്യക്തികൾ മാറിയാലും ഇല്ലെങ്കിലും പൂരിപ്പിച്ച് എല്ലാ യൂണിറ്റിൽനിന്നും നിർബന്ധമായും മതബോധന കേന്ദ്രത്തിൽ ലഭിക്കേണ്ടതാണ്.
   2. Address of ACC Students who are eligible for Diploma : Please write one Address in one Box given in the form. Please give attention to write neatly, legibly and clearly.
   3. 2013 ആഗസ്റ്റ് 15-ന് സമ്മാനർഹർ കൊണ്ടുപോയ റോളിംഗ് ട്രോഫി ഇനിയും തിരിച്ചേൽപ്പിക്കാത്തവർ എത്രയും വേഗം മതബോധന കേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതാണ്.

**3. Advanced CTC**

10 വർഷത്തിലധികം സർവ്വീസ് ഉള്ള അദ്ധ്യാപകരെ ഉദ്ദേശിച്ചാണ് ഈ കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ വർഷം ജൂലൈ 4 വെള്ളി 5 pm ന് ആരംഭിച്ച് ജൂലൈ 6 ഞായർ 5 pm ന് അവസാനിക്കുന്നു. ആവശ്യമനുസരിച്ച് കൂടുതൽ കോഴ്സ് നടത്തുന്നതാണ്.

**4. One Day Seminar for Teachers of Stds I to X (Please See Annual Programme pp 8, 27)**

ഈ വർഷവും ഓരോ യൂണിറ്റിലെയും അദ്ധ്യാപകർക്കുള്ള **One day Seminar** ഫൊറോനാതലത്തിലാണ് നടത്തുന്നത്. ഫൊറോനാ വികാരിമാരും ഫൊറോനാ പ്രമോട്ടർമാരും ഈ സെമിനാർ നടത്തുന്നതിന് നേതൃത്വം നൽകേണ്ടതാണ്; ഫൊറോനയിലെ എല്ലാ അദ്ധ്യാപകരെയും സെമിനാറിൽ നിർബന്ധമായും പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. സെമിനാർ നടക്കുന്ന ദിവസം ഇടവകകളിൽ കുട്ടികൾക്ക് പ്രയോജനകരമാകത്തക്ക വിധത്തിൽ ഒന്നര മണിക്കൂറിന്റെ പ്രബോധന പരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ. ഇടവകപ്രവർത്തനങ്ങളെയും സംഘടനപ്രവർത്തനങ്ങളെയും കുട്ടികൾക്ക് പരിചയപ്പെടുത്താനുള്ള അവസരം കൂടിയാണ് ആ ദിവസം. അന്ന് യൂണിറ്റിൽ കുട്ടികൾക്ക് Holiday അല്ല, അദ്ധ്യയന

ദിവസം തന്നെയാണ്. Std. XI, XII, ACC അദ്ധ്യാപകർ ഈ ദിവസം അതാതു യൂണിറ്റിൽ സന്നിഹിതരാണ്. ACC യിലെ വിദ്യാർത്ഥികളെ കൊണ്ട് താഴ്ന്ന ക്ലാസ്സുകളില വിദ്യാർത്ഥികൾക്ക് 1½ മണിക്കൂർ പഠിപ്പിക്കുവാൻ അവസരം ഒരുക്കാവുന്നതാണ്. മറ്റു വിവരങ്ങൾ താഴെ ചേർക്കുന്നു.

**പ്രബോധനവിഷയം:** Familia Cristina - ക്രിസ്തീയ കുടുംബം

| | | |
|---|---|---|
| 6th July | a) | Cathedral & Kottekad Foranes at DBCLC |
| | b) | Ollur Forane at St. Mary's School, Ollur |
| 13th July | a) | Basilica & Velur Foranes at DBCLC |
| | b) | Pudukad Forane at Mannampetta School |
| 20th July | a) | Erumapetty, Kandassankadvu & Parappur Foranes at DBCLC |
| | b) | Mattom & Palayur at their respective Church Schools |
| 27th July | a) | Pattikad, Pazhuvil & Puthur Foranes at DBCLC |
| | b) | Chelakkara Forane at Holy Family CGHSS |
| | c) | Wadakkanchery Forane at St. Pius X School |

കൂടുതൽ വിവരങ്ങൾക്ക് Contact : ഫൊറോനാ പ്രമോട്ടർ or മതബോധനകേന്ദ്രം. 9.30 am ന് മുമ്പ് തന്നെ അദ്ധ്യാപകർ നിശ്ചിത സ്ഥലത്ത് എത്തിച്ചേരേണ്ടതാണ്.

## 5. P. T. A. General Body Meeting in Units.

P. T. A. General Body യോഗം യൂണിറ്റുകളിൽ നടത്തിക്കാണുമെന്ന് വിചാരിക്കുന്നു. ഇനിയും നടത്താത്ത യൂണിറ്റുകളുണ്ടെങ്കിൽ ഉടനെതന്നെ യോഗം വിളിച്ചുകൂട്ടുകയും വാർഷിക മതബോധന പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, P. T. A. ഭാരവാഹികളും അദ്ധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇടവകയിൽ കൂടുതൽ ഫലദായകത്വം ലഭിക്കുന്നത്. നേരായമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുന്ന കുട്ടികളെ തിരുത്താനും യഥാർത്ഥ വഴിയിലേക്കു നയിക്കാനും P. T.A. ക്ക് സാധിക്കണം.

## 6. അദ്ധ്യാപകസഹായി

Std. I to X ഞായറാഴ്ച മതബോധന ടെക്സ്റ്റ് പുസ്തകത്തെ ആധാരമാക്കി അദ്ധ്യാപകസഹായി മതബോധന ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. യൂണിറ്റുകളിൽ നിന്നും അത് ബന്ധപ്പെട്ട അദ്ധ്യാപകർക്ക് വാങ്ങി കൊടുക്കേണ്ടതാണ്. അദ്ധ്യാപകർക്ക് വളരെ പ്രയോജനപ്പെടുത്താവുന്ന ഈ പുസ്തകത്തിന്റെ സഹായത്തോടു കൂടി കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജന മുണ്ടായിരിക്കും.

## 7. Text Books Distribution

കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടത് യൂണിറ്റുകളുടെ ചുമ തലയാണ്. യൂണിറ്റുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ മാത്രമേ മതബോധനകേന്ദ്രത്തിന് സാധ്യമാകുകയുള്ളൂ. കുട്ടികളുടെ മാതാപിതാക്കളുടെയോ മറ്റോ പുസ്തകങ്ങൾക്കായി ഒറ്റക്ക് മത ബോധനകേന്ദ്രത്തിലേക്ക് പറഞ്ഞയയ്ക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

## 8. SMCC Std. VII പ്രതിഭാസംഗമം

### തൃശ്ശൂർ അതിരൂപതക്ക് തിളക്കമാർന്ന വിജയം

സീറോ-മലബാർ സഭയുടെ മതബോധനകമ്മീഷൻ Std. VII ലെ കുട്ടികൾക്ക് 2014 മെയ് ൽ സീറോ മലബാർ സഭയുടെ കാര്യാലയ മായ Mount St. Thomas Kakkanad ൽ വെച്ച് പ്രതിഭാസംഗമം നടത്തി. നമ്മുടെ അതിരൂപതയിൽനിന്നും 2 ആൺകുട്ടികളും 2 പെൺകുട്ടികളും സംബന്ധിച്ചു. അതിൽ പെൺകുട്ടികളുടെ വിഭാ ഗത്തിൽ തിരൂർ ഇടവകയിലെ **Jesrin Maria Francis** സീറോ മലബാർ സഭാ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടതിൽ നമുക്ക് അതി യായ ആഹ്ലാദവും അഭിമാനവുമുണ്ട്. മറ്റ് കുട്ടികളും നല്ല പ്രക ടനം കാഴ്ച വെച്ചതായും അറിയാൻ കഴിഞ്ഞു. ജെസ്റിനും മറ്റു കുട്ടികൾക്കും ഹാർദ്ദമായ അഭിനന്ദനങ്ങൾ. ആ കുട്ടികളെ നമ്മുടെ അതിരൂപതാ കേന്ദ്രത്തിൽ പരിശീലിപ്പിച്ച അദ്ധ്യാപകർക്ക് പ്രത്യേകം നന്ദി. ഈ കുട്ടികളുടെ അദ്ധ്യാപകരേയും മാതാപിതാക്കളെയും പ്രത്യേകം അനുമോദിക്കുന്നു.



Jesrin Maria Francis
Thiroor



Eljo P. S.
Pavaratty



Helna Henry
Perinchery



Sminto P. Johnson
Punkunnam

## 9. SMCC പ്രതിഭാസംഗമം Std. XII 2014

a) കുട്ടികളുടെ തെരഞ്ഞെടുപ്പിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങളും മറ്റു വിവരങ്ങളും, Forms ഉം ജൂലൈ 1 മുതൽ മത ബോധനകേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്. യൂണി റ്റിലും സൗകര്യംപോലെ ഒരു അർദ്ധദിന Workshop നടത്തി എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് വേണം കുട്ടികളെ തെരഞ്ഞെടുക്കാൻ. നിർദ്ദേശങ്ങൾ വേണ്ടപോലെ പാലിച്ച് ചെയ്യുമല്ലോ.

b) Forane Level Half Day Workshop

Forane level ൽ നടത്തുന്നത് ഒക്ടോബർ 12, ഒക്ടോബർ 19, നവം ബർ 2, നവംബർ 9 എന്നീ തിയ്യതികളിലായിരിക്കും. ഫൊറോന കേന്ദ്രങ്ങളിൽ വെച്ചായിരിക്കും ഇത് നടത്തുന്നത്. ഒരു ഫൊറോന യിൽ ഏത് തിയ്യതിയിലാണ് നടത്തുന്നത് എന്ന് പിന്നീട് അറിയി ക്കുന്നതാണ്.

## 10. CCC Quiz (Annual Programme p. 30)

Parish / Unit Level ൽ നടത്തേണ്ടത് 26th October 2014ന് ആണ്. സെപ്തംബറിൽ അല്ല. മതാദ്ധ്യാപകർക്ക് കൊടുത്ത Annual Programme ൽ തിരുത്തി എഴുതിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 11. Contact Class (Annual Programme pages 22, 23, 24)

July 6- ന് ആണ് ആദ്യത്തെ ക്ലാസ്സ്. അതിനുമുമ്പ് Registration നട ത്താൻ, ആവശ്യമുള്ള കുട്ടികൾക്ക് നിർദ്ദേശം കൊടുക്കണം.

## 12. Archdiocesan Scholarship Examination April - 2014 Rank List

**Sunday Catechism**

**Std IV**

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 04141278 | Aneeta Joju | Chittissery |
| 2. | SU 04141267 | Aleena C. Roy | Pallissery |
| 3. | SU 04141561 | Ashmi Lipson | Puranattukara |
| 4. | SU 04141431 | Neha Jimmy T. | Pavaratty |
| 5. | SU 04141225 | Maria Dennis | Amala Nagar |

**Std V**

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 05142035 | Merrin Thomas | Nehru Nagar |
| 2. | SU 05142007 | Joe Peter Prince | Kuttur |
| 3. | SU 05142308 | Anu Mariya A. J. | Pavaratty |
| 4. | SU 05142345 | Riviya Rose P. J. | Pazhuvil |
| 5. | SU 05142065 | Elsa George | Cathedral |

**Std VI**

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 06143110 | Irene Biju | Cathedral |
| 2. | SU 06143039 | Ann Flower Ouseph | Kuriachira |
| 3. | SU 06143103 | Anu Shaju | Paravattani |
| 4. | SU 06143230 | Sandra Varghese | Kannara |
| 5. | SU 06143217 | Avin C. Babu | Mannuthy |

## Std VII

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 07144323 | Helna Henry | Perinchery |
| 2. | SU 07144366 | Sona Jenson | Thalore |
| 3. | SU 07144566 | Jesrin Mariya Francis | Thiroor |
| 4. | SU 07144645 | Smruthi Piyoos | Ambakkad |
| 5. | SU 07144445 | Harsha Teresa Benny | Pazhayannur |

## Std VIII

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 08145441 | Alna Benny | Vijayapuram |
| 2. | SU 08142077 | Hridya George | Mariyapuram |
| 3. | SU 08145289 | Navya Kavil | Kallur East |
| 4. | SU 08145231 | Anitta Shaju | Velupadam |
| 5. | SU 08145024 | Anju Mariya Maxy | Sevanalayam |

## Std IX

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 09146304 | Rose Muttath | Kottapady |
| 2. | SU 09146333 | Fresy Mariya Francis | Thiroor |
| 3. | SU 09146182 | Anila Sojan | Perinchery |
| 4. | SU 09146005 | Naiju Paul | Kuriachira |
| 5. | SU 09146190 | Athira Joju | Chiyyaram |

## Std X

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 010147214 | Edhna Jimmy | Ollur |
| 2. | SU 010147200 | Ansa Francis | Velupadam |
| 3. | SU 010147201 | Anu Raphy | Panamkuttichira |
| 4. | SU 010147106 | Alna Raphy | Mannuthy |
| 5. | SU 010147332 | Jomol John | Parappur |

## Std XI

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SU 11148208 | Shilsha Paul | Pudukad |
| 2. | SU 11148153 | Robin Immanuel | Chiyyaram |
| 3. | SU 11148150 | Binoy Devassy | Pallikkunnu |
| 4. | SU 11148105 | Henna Mariya | Nadathara |
| 5. | SU 11148280 | Rosemol John | Atthat |

## School Catechism

### Std IV

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SC 04141013 | Anugraha Denny | Sacred Heart CLPS, Thrissur |
| 2. | SC 04141070 | Christeena Lazar | Holy Redeemer's CLPS, Nadathara |
| 3. | SC 04141001 | Akhila M.G. | Seraphic Eng. Med. LPS, Peringottukara |
| 4. | SC 04141060 | Liya Rose Antony | St. Xavier's CUPS, Pudukad |
| 5. | SC 04141081 | Daya Dominic | Nirmala EUPS, Erumapetty |

### Std VII

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SC 07142049 | Helna Henry | Lourde Matha EHS, Cherpu |
| 2. | SC 07142054 | Jesrin Maria Francis | Holy Family CGHS, Chembukavu |
| 3. | SC 07142047 | Sona N. D. | St. Antony's HSS, Pudukad |
| 4. | SC 07142046 | Sona James | St. Xavier's CUPS, Pudukad |
| 5. | SC 07142022 | Sandra Shaju | Carmel Central School HS, Valapad |

### Std X

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | SC 010143024 | Angel John E. | St. Thomas HSS, Vallachira |
| 2. | SC 010143001 | Alwin Thomas | St. John HSS, Parappur |
| 3. | SC 010143032 | Snitha Roy | St. Raphel's CGHS, Ollur |
| 4. | SC 010143026 | Anjitha Ann K. | St. Paul's CEHSS, Kuriachira |
| 5. | SC 010143025 | Anitta Mathews | St. Mary's CGHS, Ollur |

## Moral Science

### Std IV

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | MS 04144013 | Krishna Ramachandran | Sacred Heart CLPS, Thrissur |
| 2. | MS 04144051 | Siya Shameer K. V. | Vijayamatha Eng. Med. HSS. |
| 3. | MS 04144021 | Arsharaj | S.H. of Mary's CLPS, Kandassankadavu |
| 4. | MS 04144003 | Ambili Thara C.S. | Seraphic Eng. Med. LPS, Peringottukara |
| 5. | MS 04144060 | Akshaya P. A. | St. Raphael's CLPS, Ollur |

## Std VII

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | MS 07145039 | Anupama S. Kumar | St. Mary's CGHS, Ollur |
| 2. | MS 07145035 | Nimna P. J. | Lady Immaculate HS, Choondal |
| 3. | MS 07145027 | Ardra S. Nair | Christ King CGHS, Pavaratty |
| 4. | MS 07145025 | Anagha M. J. | Holy Child CGUPS, Cheralayam |
| 5. | MS 07145026 | Ardhra T. G. | St. Theresa's CGHS, Brahmakulam |

## Std X

| Rank | Reg. No. | Name | Unit |
|---|---|---|---|
| 1. | MS 010146015 | Shamnas P. I. | Christ King CGHS, Pavaratty |
| 2. | MS 010146005 | Agna Biju | Infant Jesus CGHS, Aranattukara |
| 3. | MS 010146042 | Arshitha T. | Little Flower CGHS, Chelakkara |
| 4. | MS 010146002 | Amal Jith M.S. | St. Joseph's HSS, Kuriachira |
| 5. | MS 010146021 | Sreelakshmi T. | Little Flower CGHS, Mammiyur |

*Congratulations!*

**Fr. Antony Mecheripidy**
Asst. Director

**Fr. Jiphy Mekkattukulam**
Director

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ – 2014 ജൂലൈ**

3 വ്യാഴം – ദുക്റാന (സെന്റ് തോമസ് ഡേ)
4 വെള്ളി – ആദ്യവെള്ളി, വി. കുർബ്ബാന
6 ഞായർ – മരിയ ഗൊരേത്തി
11 വെള്ളി – ലോകജനസംഖ്യാദിനം
16 ബുധൻ – കർമ്മലമാതാവ്
25 വെള്ളി – വി. യാക്കോബ്
28 തിങ്കൾ – വി. അൽഫോൻസ
31 ബുധൻ – വി. ഇഗ്നേഷ്യസ് ലയോള

**2. സ്ക്കൂൾ കണക്ക്, റിപ്പോർട്ട്**

സ്ക്കൂളിന്റെ 2013 – 2014 വർഷത്തിലെ കണക്കും റിപ്പോർട്ടും, ഏജൻസി ഓഫീസിൽനിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി, കച്ചേരി

യിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചൻമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**3. സ്റ്റാഫ് ഫിക്സേഷൻ ഓർഡർ**

വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്റ്റാഫ് ഫിക്സേഷൻ ഓർഡർ ലഭിച്ചാൽ എത്രയും വേഗം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 4. S.S.L.C. Exam Result March - 2014

| Sl. | Name of School | No. of pupils appeared for S.S.L.C. Exam | No. of pupils who got D+ and above | School Percentage |
|---|---|---|---|---|
| 1. | St. Xavier's H.S., Chevoor | 161 | 161 | 100 |
| 2. | St. Thomas C.H.S.S., Thrissur | 156 | 156 | 100 |
| 3. | St. Antony's H.S.S., Puthenpeedika | 35 | 35 | 100 |
| 4. | St. Antony's H.S.S., Ammadam | 269 | 268 | 99.63 |
| 5. | St. Thomas H.S.S., Mayannur | 225 | 224 | 99.56 |
| 6. | St. Sebastian's H.S., Chittattukara | 207 | 206 | 99.52 |
| 7. | St. Sebastian's H.S., Mannamangalam | 195 | 194 | 99.49 |
| 8. | St. Thomas H.S., Thiroor | 327 | 325 | 99.39 |
| 9. | C.J.M.A.H.S.S., Varandarappilly | 439 | 436 | 99.32 |
| 10. | Matha H.S., Mannampetta | 239 | 237 | 99.16 |
| 11. | St. Thomas H.S.S., Thope Thrissur | 194 | 192 | 98.97 |
| 12. | St. Thomas H.S.S., Engandiyur | 287 | 284 | 98.95 |
| 13. | St. John's H.S.S., Parappur | 277 | 274 | 98.92 |
| 14. | St. Joseph's H.S., Enamakkal | 182 | 180 | 98.90 |
| 15. | St. Antony's H.S., Pazhuvil | 163 | 161 | 98.77 |
| 16. | St. Mary's H.S., Chengaloor | 164 | 161 | 98.17 |
| 17. | St. Antony's H.S.S., Pudukad | 288 | 281 | 97.57 |
| 18. | St. Thomas H.S.S., Vallachira | 68 | 65 | 95.59 |
| 19. | Tharakan's H.S., Aranattukara | 42 | 40 | 95.24 |
| 20. | St. Joseph's H.S., Velupadam | 142 | 132 | 92.96 |
| 21. | St. Joseph's H.S.S., Avinissery | 56 | 52 | 92.86 |

**ഫാ. തോമസ് കാക്കശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മേരിമാതാ മേജർ സെമിനാരി

¿ **പുതിയ അദ്ധ്യാപകർക്ക് സ്വാഗതം (മെയ് 30)**

സെമിനാരി കുടുംബത്തിന്റെ പ്രഥമ കൂട്ടായ്മയിൽ ബഹു. റെക്ടറച്ചൻ സെമിനാരിയിലേക്ക് പുതിയതായി കടന്നുവന്ന ബഹു. ബിജു ഞാഞ്ഞിലത്തച്ചനേയും ബഹു. റോയ് മൂക്കനച്ചനേയും സെമിനാരി കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. ബിജു അച്ചൻ ദൈവശാസ്ത്ര വിഭാഗത്തിലെ അദ്ധ്യാപകനായും ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്ററായും ചാർജ്ജ് ഏറ്റെടുത്തു. ബഹു. റോയ് അച്ചൻ തത്വശാസ്ത്ര വിഭാഗത്തിലെ അദ്ധ്യാപകനായും രണ്ടാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്ററായും പ്രവർത്തനമാരംഭിച്ചു. ബഹുമാനപ്പെട്ട രണ്ട് അച്ചൻമാർക്കും സെമിനാരി കുടുംബത്തിന്റെ ആശംസകൾ

¿ **അജപാലനശുശ്രൂഷ (ജൂൺ 1)**

ജൂൺ 1 മുതൽ മേരിമാതാ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ തൃശൂർ, ഇരിങ്ങാലക്കുട രൂപതകളിലെ 60 ഇടവകകളിലേക്ക് ഞായറാഴ്ച ദിവസങ്ങളിൽ അജപാലന ശുശ്രൂഷയ്ക്കായി പോയി തുടങ്ങി. മതബോധനം, കുടുംബയോഗങ്ങൾ, ഭവനസന്ദർശനം, സംഘടനാപ്രവർത്തനം എന്നീ തലങ്ങളിൽ ബഹു. ശെമ്മാശൻമാർ പരിശീലനം നേടുന്നു. തത്വശാസ്ത്ര വിദ്യാർത്ഥികൾ ജയിൽ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, ചേരികൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും സാന്ത്വനം പകരുന്ന ശുശ്രൂഷകളിൽ പങ്കാളികളാവുകയും ചെയ്യുന്നു.

¿ **അദ്ധ്യയനവർഷാരംഭം (ജൂൺ 2)**

മേരിമാതാ മേജർ സെമിനാരിയുടെ 17-ാം അദ്ധ്യയന വർഷത്തിന് പ്രാർത്ഥനാനിരതമായ ആരംഭം. അഭിവന്ദ്യ മാർ പോൾ ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സെമിനാരിയിലെ മുഴുവൻ വൈദികരും O-Carm സന്യാസസഭയുടെ പ്രൊവിൻഷ്യൽ ഫാ. റോബർട്ട് പുതുശ്ശേരിയും സഹകാർമ്മികരായിരുന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ ബഹു. റെക്ടറച്ചൻ പുതിയ അദ്ധ്യയനവർഷത്തിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ മാർ പോൾ ആലപ്പാട്ട് പിതാവ് സെമിനാരി പരിശീലനത്തിലൂടെ സഭ ആഗ്രഹിക്കുന്നത് തത്വശാസ്ത്രവും ദൈവശാസ്ത്രവും രക്തത്തിൽ അലിഞ്ഞുചേർന്ന വൈദികരെയാണെന്ന് അഭിപ്രായപ്പെട്ടു. ക്രിസ്തുവിന്റെ വിളിയോട് വിശ്വസ്തരായിരുന്നുകൊണ്ട്,

ക്രിസ്തു ശുശ്രൂഷയക്ക് ഒരുങ്ങിയതുപോലെ ശാരീരികമായും വൈകാരികമായും അറിവിന്റെ തലങ്ങളിലും വളരാൻ പരിശീലന കാലഘട്ടത്തിൽ ഒരുങ്ങണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. തദവസരത്തിൽ 2013–14 അദ്ധ്യയനവർഷത്തിൽ ഉന്നതവിജയം നേടിയവരെ ക്യാഷ് അവാർഡുകൾ നൽകി അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഫാ. ബിൽജു വാഴപ്പിള്ളി Sacramental Theology : A New Proposal to the Syro Malabar Church എന്ന വിഷയത്തെക്കുറിച്ച് Seola Brevis അവതരിപ്പിച്ചു. സെമിനാരിയുടെ കഴിഞ്ഞ ഒരു വർഷത്തിലെ പ്രധാന പരിപാടികളെയും പരിശീലനത്തെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ബഹു. വൈസ് റെക്ടറച്ചൻ അവതരിപ്പിച്ചു.

¿ **മാസധ്യാനം (ജൂൺ 7)**

പുതിയ അദ്ധ്യയന വർഷത്തിലെ ആദ്യമാസധ്യാനം പൗരോഹിത്യജീവിതത്തിൽ സ്വന്തമാക്കേണ്ട ക്രിസ്തുവിന്റെ പ്രകാശത്തെക്കുറിച്ചായിരുന്നു. ക്രിസ്തുവിനോട് കൂടെ ആയിരിക്കുമ്പോൾ നിങ്ങൾ പ്രകാശിതരാകും എന്ന് ധ്യാനഗുരു ഓർമ്മിപ്പിച്ചു. കുറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായ ഫാ. പോൾ പനംങ്കുളമായിരുന്നു ധ്യാനം നയിച്ചത്. ഈ മാസധ്യാനം ഏവരുടെയും ആത്മീയ നവീകരണത്തിന് കാരണമായി.

¿ **കർദ്ദിനാൾ ലൂർദ്ദ്സ്വാമി അനുസ്മരണം (ജൂൺ 9)**

പൗരസ്ത്യ സഭകളുടെ തലവനായി 1986 മുതൽ 1991 വരെ സേവനമനുഷ്ഠിച്ച് വിശ്രമജീവിതം നയിച്ചിരുന്ന കർദ്ദിനാൾ ലൂർദ്ദ് സ്വാമിയുടെ ദേഹവിയോഗത്തിൽ സെമിനാരിയിൽ ബലി അർപ്പണവും അനുസ്മരണ പ്രഭാഷണവും നടന്നു. സ്വന്തം കഴിവുകൾ സഭാസേവനത്തിന് ഉപയോഗിച്ച് സത്യം തേടുന്നതിന് നടത്തിയ പഠനങ്ങളും അന്വേഷണത്വരയും കർദ്ദിനാളിന്റെ പ്രത്യേകതകളായി അന്നേദിവസം ദിവ്യബലി അർപ്പിച്ച അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് അനുസ്മരിച്ചു. ഭാരതത്തിലെ സീറോ മലബാർ സഭയുടെ വളർച്ചയ്ക്കുവേണ്ടി പ്രയത്നിച്ച കർദ്ദിനാളിന്റെ സേവനങ്ങളെ നമുക്കനുസ്മരിക്കാം, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

¿ **ദിവ്യകാരുണ്യനാഥനോടൊത്ത് ഒരു ദിവസം (ജൂൺ 19)**

ദിവ്യകാരുണ്യ ഈശോയുടെ സന്നിധിയിൽ ഒരു ദിവസം മുഴുവൻ മേരിമാതാ കുടുംബം ചിലവഴിച്ചു. ഓരോ ബാച്ചുകാരും തങ്ങളുടെ ആനിമേറ്റർമാരുമൊത്ത് സെമിനാരിയുടെയും സമൂഹത്തിന്റെയും സഭയുടെയും നിയോഗങ്ങൾക്കായ് പ്രാർത്ഥിച്ചു. പൊതുആരാധനയിൽ സെമിനാരി കുടുംബത്തോടൊപ്പം ഉപകാരികളും അയൽവാസികളും ചേർന്നു.

¿ **മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന് സ്വീകരണം (ജൂൺ 24)**

എറണാകുളം – അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന് മേരിമാതാ മേജർ സെമിനാരിയിൽ സ്വീകരണം നൽകി. അന്നേദിവസം അഭിവന്ദ്യ പിതാവ് ബലിയർപ്പിക്കുകയും പൗരോഹിത്യ ദർശനങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. തദവസരത്തിൽ അഭിവന്ദ്യ പിതാവിന് സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും ബഹു. റെക്ടറച്ചൻ നേർന്നു.

¿ **ബേഴ്സ് സ്ഥാപിച്ചവർ**

## Individual Wellwisher Membership

1. ശ്രീമതി & ശ്രീ. ജോയ് എം. ഒ. മാനാടൻ ഹൗസ്, തിരൂർ
2. ശ്രീമതി ലിസ്സി ലോനപ്പൻ, കാപ്പാനി ഹൗസ്, ഒല്ലൂർ
3. റവ. ഫാ. റിജോയ് തൈവളപ്പിൽ, അന്തിക്കാട്

## Institutional Wellwisher Membership

1. റവ. സി. സുപ്പീരിയർ & കമ്മ്യൂണിറ്റി, ഡോൺ ബോസ്കോ കോൺവെന്റ്, നെല്ലിക്കുന്ന്

## Individual Benefactor Membership

1. ശ്രീ. ബിജു ജോർജ്ജ് സി., ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു ഹൗസ്, എൽത്തുരുത്ത്
2. ശ്രീ. പി. എ. തോമസ് & ഫാമിലി, പുതുശ്ശേരി തളിയപ്പറമ്പിൽ ഹൗസ്, ചെങ്ങാലൂർ
3. ശ്രീ. തോമസ് ഇയ്യുണ്ണി, എടക്കളത്തൂർ ഹൗസ്, പുത്തൂർ
4. ശ്രീ. കെ. കെ. പോൾ, കണ്ണനായ്ക്കൽ ഹൗസ്, കുറുമാൽ
5. ശ്രീ. എ. എഫ്. ജോസഫ്, അറങ്ങാശ്ശേരി ഹൗസ്, മുണ്ടൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

Ph : 2333245

# INSTITUTE OF THEOLOGY

¿ ദൈവശാസ്ത്രം പഠിക്കുന്നതിനും വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സഭാചരിത്രത്തേയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും താല്പര്യമുള്ള അത്മായ സഹോദരർക്ക് Institute of Theology, Thrissur – ൽനിന്നും ഒരു പുതിയ കോഴ്സ് ആരംഭിക്കുന്നു.

## ¿ 6 Month's Regular Theology Course (For the Laity)

1. 2014 ജൂലൈ മാസം 7-ാം തിയ്യതി ആരംഭിക്കുന്ന ഈ ദൈവശാസ്ത്ര പഠന കോഴ്സ് ഡിസംബർ മാസത്തിൽ അവസാനിക്കുന്നതാണ്.
2. Calicut University യുടെ Chair for Christian Studies £ Research മായി Affiliated Course ആയതിനാൽ Calicut Universityയുടെ സർട്ടിഫിക്കറ്റ് ആയിരിക്കും പഠനം പൂർണ്ണമായി പൂർത്തിയാക്കുന്നവർക്ക് ലഭിക്കുക.
3. നമ്മുടെ ഇടവകകളിലെ അത്മായ സഹോദരരെ ലക്ഷ്യം വെച്ചുള്ള കോഴ്സ് ആയതിനാൽ രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ എല്ലാ ആഴ്ചയും തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയായിരിക്കും കോഴ്സിന്റെ ക്ലാസ്സ് സമയം.
4. ഫീസ് 1000 രൂപ. ഉച്ചഭക്ഷണം ഉൾപ്പെടുന്നതാണ്.

ഇതോടൊപ്പം തന്നെ മതാദ്ധ്യാപകർക്കുവേണ്ടി നടത്തുന്ന മറ്റ് രണ്ട് ദൈവശാസ്ത്ര പഠന കോഴ്സുകളാണ് One Year and Two Years Correspondence Theology Course. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

## ¿ One Year Correspondence Theology Course (for the laity and the religious)

1. This Course is affiliated to Chair for Christian Studies and Research, University of Calicut
2. ജൂലൈ 27-ന് ഈ കോഴ്സ് ആരംഭിക്കുന്നു.
3. ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാവുന്ന One Year Correspondence Theology Course- ൽ എല്ലാ രണ്ടാം ഞായറാഴ്ചകളിലും അവസാന ഞായറാഴ്ചകളിലും 02.00 pm മുതൽ 05.00 pm വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

## ¿ Two Years Correspondence Theology Course (for the laity and the religious)

1. This course is affiliated to Chair for Christian Studies and Research, University of Calicut.
2. ജൂലൈ 27-ന് ഈ കോഴ്സ് ആരംഭിക്കുന്നു.
3. രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കാവുന്ന Two Year Correspondence Theology Courseൽ എല്ലാ അവസാന ഞായറാഴ്ചകളിലും 02.00 pm -

05.00 pm വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. എല്ലാ ക്ലാസ്സുകളും ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തപ്പെടുക.

3. കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജൂലൈ 13, ജൂലൈ 27 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണിവരെയായിരിക്കും.

4. കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയവർക്ക് (2012-2013, 2013-2014) ഒരു വർഷം കൊണ്ട് കോഴ്സ് പൂർത്തീകരിച്ചവർക്കും രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കുന്നവർക്കും Institute of Theology യുടെ പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്. Examination Dates താഴെ ചേർക്കുന്നു.

| | | |
|---|---|---|
| August 16th | August 23rd | August 30th |
| September 13th | September 20th | September 27th |

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

## ബൈബിൾ അപ്പോസ്റ്റോലെറ്റ് സെൻറർ
**Tel : 0487 - 2336066**

**¿ ലോഗോസ് ക്വിസ് 2014 അതിരൂപതാതല ഉദ്ഘാടനം**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരങ്ങളുടെ അതിരൂപതാതല ഉദ്ഘാടനവും ബൈബിൾ വാരാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനവും തൃശൂർ അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് തയ്യാറാക്കിയ ലോഗോസ് ക്വിസ്സ് സമ്പൂർണ്ണ പഠനസഹായി എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവും അതിരൂപതാ സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. 250 സെന്ററുകളിലായി 71,000 ത്തോളം പേർ പ്രായവിഭാഗമനുസരിച്ച് 6 വിഭാഗങ്ങളിലായി പങ്കെടുക്കുന്ന ലോഗോസ് ക്വിസ്സ് മത്സരങ്ങളുടെ രജിസ്ട്രേഷൻ 2014 ജൂൺ 8-ന് ആരംഭിച്ച് ആഗസ്റ്റ് 1-ന് അവസാനിക്കും. ലോഗോസ് ക്വിസ്സിന്റെ പരീക്ഷാർത്ഥികൾ അതാതു ഇടവകയിൽ ലോഗോസ് ഇൻ ചാർജ്ജസ് വഴി 10 രൂപ അടച്ച് www.thrissurbibleapostolate.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

സെപ്തംബർ 20 ശനിയാഴ്ച ഹാൾടിക്കറ്റുകളും, സെപ്തംബർ 26, 27 ന് ചോദ്യ-ഉത്തര പേപ്പറുകളും പാസ്റ്ററൽ കാത്തലിക് സെന്ററിലെ അതിരൂ

പത ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽനിന്നും വിതരണം ചെയ്യും. സെപ്തംബർ 28 ഞായർ ഉച്ചക്ക് 2 മണിക്കാണ് ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ. ഈ വർഷത്തെ പാഠ്യഭാഗം ലേവ്യരുടെ പുസ്തകം 15-27 വരെ അദ്ധ്യായങ്ങളും, ലൂക്കായുടെ സുവിശേഷം 13-24 അദ്ധ്യായങ്ങളും, യോഹന്നാന്റെ 2, 3 ലേഖനങ്ങളുമാണ്. ഒക്ടോബർ 2 നും 3 നും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പും ഒക്ടോബർ 31-ന് ഫലപ്രഖ്യാപനവും 2015 ജനുവരി 26 തിങ്കൾ രാവിലെ 9.30ന് അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ്ദാനം തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച് നടക്കും.

ലോഗോസ് ക്വിസ്സിന്റെ ഭാഗമായി തൃശൂർ അതിരൂപത മാത്രം സംഘടിപ്പിക്കുന്ന നൂറിലധികം വചനങ്ങൾ മനപാഠമായെഴുതുന്നവർക്കായുള്ള വചനമെഴുത്ത് മത്സരം ആഗസ്റ്റ് 17 ഞായർ ഉച്ചക്ക് 2നും കുടുംബസമ്മേതം ലോഗോസ് പരീക്ഷയെഴുതുന്ന ഫാമിലി ലോഗോസ് ക്വിസ് ആഗസ്റ്റ് 24 ഞായർ ഉച്ചയ്ക്ക് 2നും, മതബോധന അദ്ധ്യാപകർക്കായി നടത്തുന്ന കാറ്റിക്കീസം ടീച്ചേഴ്സ് ലോഗോസ് ക്വിസ് ആഗസ്റ്റ് 31 ഞായർ ഉച്ചക്ക് 2നും കോൺവെന്റുകളിലെ സിസ്റ്റേഴ്സിനായുള്ള സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്സ് സെപ്തംബർ 15 തിങ്കൾ രാവിലെ 10നും മതബോധന വിദ്യാർത്ഥികൾക്കായുള്ള കാറ്റിക്കീസം ലോഗോസ് ക്വിസ് ഒക്ടോബർ 22 ബുധൻ രാവിലെ 10-നും, സ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള സ്കൂൾ ലോഗോസ് ക്വിസ് ഒക്ടോബർ 22 ബുധൻ ഉച്ചയ്ക്ക് 2നും തൃശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടക്കുമെന്ന് തൃശൂർ അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, സെക്രട്ടറി അഡ്വ. ജോയ് പി.എഫ്. എന്നിവർ അറിയിച്ചു.

**ഫാ. ലിജോ ചിറ്റിലപ്പിള്ളി**
ഡയറക്ടർ

**പി. എഫ്. ജോയ്**
സെക്രട്ടറി

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### ¿ M.Ed. മോഡൽ പരീക്ഷകൾ അവസാനിച്ചു

മഹാജൂബിലി കോളേജിന്റെ 2013 - 2014 അദ്ധ്യയനവർഷത്തിലെ എം. എഡ്. വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ ഏപ്രിൽ 30-ന് തുടങ്ങി മെയ് 9-ന് അവസാനിച്ചു.

## ¿ G.Tech കോഴ്സുകൾ ആരംഭിച്ചു

ജി. ടെക് നടത്തുന്ന സെൻട്രൽ ഗവൺമെന്റ് സർട്ടിഫൈഡ് കമ്പ്യൂട്ടർ കോഴ്സുകൾ മഹാജൂബിലി കോളേജിൽ മെയ് 14-ന് ആരംഭിച്ചു. Data Entry, Accounting തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്.

## ¿ B.Ed ഒന്നാം സെമസ്റ്റർ പരീക്ഷ സമാപിച്ചു

മഹാജൂബിലി കോളേജിന്റെ 2013-2014 അദ്ധ്യയനവർഷത്തിലെ ബി.എഡ് വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി എക്സാം ഏപ്രിൽ 30-ന് തുടങ്ങി മെയ് 7-ന് സമാപിച്ചു.

## ¿ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ പുനരാരംഭിച്ചു

2014 മെയ് 8 മുതൽ മെയ് 18 വരെയുള്ള വേനലവധിയ്ക്കുശേഷം മെയ് 19-ന് രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ പുനരാരംഭിച്ചു.

## ¿ റിസർച്ച് മെത്തഡോളജി ആന്റ് സൈക്കോളജി സെമിനാർ സംഘടിപ്പിച്ചു

എം.എഡ്. വിദ്യാർത്ഥികൾക്കായി മെയ് 20, 21 തിയ്യതികളിലായി റിസർച്ച് മെത്തഡോളജി ആന്റ് സൈക്കോളജി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. എം. ജി. യൂണിവേഴ്സിറ്റി പ്രൊഫസർ സെലിൻ പെരേരയാണ് സെമിനാറിന് നേതൃത്വം വഹിച്ചത്.

## ¿ ഫീൽഡ് ട്രിപ്പ് നടത്തി

2013-2014 ബി. എഡ് ബാച്ചിന്റെ പഠനത്തിന്റെ ഭാഗമായി നടത്തിയ ഫീൽഡ് ട്രിപ്പിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്തു. ഓരോ ഓപ്ഷനിലെയും വിദ്യാർത്ഥികൾ വ്യത്യസ്ത സ്ഥലങ്ങളിലേയ്ക്കാണ് പോയത്. സോഷ്യൽ സയൻസ്, നാച്ചുറൽ സയൻസ്, മലയാളം എന്നീ ഓപ്ഷനിലെ വിദ്യാർത്ഥികൾ പീച്ചി, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ, പീച്ചിഡാം ഇവ സന്ദർശിച്ചു. മാത്സ്, ഫിസിക്കൽ സയൻസ് വിദ്യാർത്ഥികൾ കോഴിക്കോട് സയൻസ് പാർക്ക്, മിറർ ഗാലറി, ഹ്യൂമൺ എൻഡുറൻസ് ഗാലറി എന്നിവയും, ഇംഗ്ലീഷ് ഓപ്ഷൻ വിദ്യാർത്ഥികൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി, Inflib net ലൈബ്രറി ഇവയും സന്ദർശിച്ചു. വളരെ വിജ്ഞാനപ്രദമായിരുന്നു ഫീൽഡ് ട്രിപ്പ്.

**ഫാ.ഡോ.ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ദേവസ്സി പന്തല്ലൂക്കാരൻ**
അസി.ബർസാർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റൊലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

### 1. സാന്ത്വനം

മെയ് 21: കേരള സോഷ്യൽ സർവ്വീസ് ഫോറം വാർഷിക കണക്ക് ഒരുക്കുന്നതിനെ സംബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിൽ ഐ.വി. ആൻഡ്രൂസ്, ഇസിദോർ ചക്കാലക്കൽ എന്നിവർ പങ്കെടുത്തു.

പതിനഞ്ച് ദിവസത്തെ സമ്മർ ഇന്റേൺഷിപ്പ് സാന്ത്വനത്തിൽ വിജയകരമായി പൂർത്തിയാക്കിയ ചെന്നൈ ലയോള കോളേജ് മെഡിക്കൽ സോഷ്യോളജി വിഭാഗം വിദ്യാർത്ഥി സാൻഡ്ര പടിക്കലിന് അഭിനന്ദനങ്ങൾ.

### 2. സ്നേഹനിധി

മെയ് 10: വടക്കാഞ്ചേരി ഫൊറോന പള്ളിയിൽ സ്നേഹനിധിയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തി.

മെയ് 19: ഫൊറോന ഭാരവാഹികളുടെ യോഗം സാന്ത്വനം ഓഫീസിൽ ചേർന്നു.

### 3. ജെസ്പ്

മെയ് 17: വിയ്യൂർ യൂണിറ്റിലെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് യോഗം ചേർന്നു. ഫാ. ജോബ് പടയാട്ടി, ഫാ. ലൂയീസ് എടക്കളത്തൂർ, ഗ്ലെയിൻ ജെ.കടമ്പാട്ട് എന്നിവർ സന്നിഹിതരായിരുന്നു.

മെയ് 24: പദ്ധതിയിലെ 178 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ വിദ്യാർത്ഥികൾക്കായി ഡോ. സി.പി. ബാബു ക്ലാസ്സ് നയിച്ചു. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി.

### 4. അക്ഷയ പദ്ധതി

കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി 'അക്ഷയ' പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ കണ്ണാറ, പട്ടിക്കാട്, കിള്ളിമംഗലം, പാറന്നൂർ, കുരിയച്ചിറ, വരടിയം പാപ്പാ നഗർ, സാന്ത്വനം ഹാൾ, ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്റർ എന്നിവടങ്ങളിൽ സംഘടിപ്പിച്ചു.

## 5. സേവ് എ ഫാമിലി പ്ലാൻ

### a) സ്പെഡ് - III

ചേലക്കര പഞ്ചായത്തിന്റെ സഹകരണത്തോടെ 30 വീട്ടുകാർക്കായി വെങ്ങാനെല്ലൂരിൽ 260 മീറ്റർ റോഡ് നിർമ്മിച്ചു.

വെങ്ങാനെല്ലൂർ നോർത്തിൽ 10 പേരടങ്ങുന്ന പുരുഷ സ്വയംസഹായ സംഘം 75 സെന്റ് സ്ഥലത്ത് 7 ഇനം പച്ചക്കറികളിൽ ഗ്രൂപ്പ് ഫാമിംഗ് ആരംഭിച്ചു.

മെയ് 19: തോന്നൂർക്കര വടക്കുമുറിയിൽ മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും ബോധവൽക്കരണ ക്ലാസ്സും നടത്തി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഹരിദാസ് നേതൃത്വം നൽകി.

മെതുകിൽ സ്വയംസഹായ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച വരുമാന വർദ്ധക സംരംഭത്തിന്റെ രണ്ടാം വാർഷികം ആഘോഷിച്ചു.

### b) ഗോഡ്സ് ഓൺ ഫാമിലി

പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഒല്ലൂർ, അഞ്ചേരി, കോടന്നൂർ, വെങ്ങിണിശ്ശേരി, വേലൂപ്പാടം, പള്ളിക്കുന്ന്, നന്തിപുലം, കണ്ണാറ, പീച്ചി, തലോർ, പടവരാട്, കുരിയച്ചിറ, അവിണിശ്ശേരി ഇടവകകളിൽ ഡയറക്ടറും കോർഡിനേറ്ററും അടങ്ങിയ സംഘം ഫാമിലി വെരിഫിക്കേഷൻ നടത്തി.

### c) ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)

മെയ് മാസത്തിൽ FDP മുഖേന നൽകിയ സഹായം:

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| വലക്കാവ് | 28,000 | മാന്ദാമംഗലം | 25,000 |
| മുളയം | 15,000 | തലോർ | 13,000 |
| വെട്ടുക്കാട് | 35,000 | ചെവ്വൂർ | 35,000 |
| വിയ്യൂർ | 59,940 | പേരാമംഗലം | 46,500 |
| അത്താണി | 11,000 | വരടിയം | 6,500 |
| ചേറ്റുപുഴ | 75,000 | കണ്ടശ്ശാങ്കടവ് | 8,000 |
| ബ്രഹ്മകുളം | 8,000 | എറവ് | 5,000 |
| പുതുക്കാട് | 19,000 | പീച്ചി | 20,000 |
| അരിമ്പൂർ | 8,000 | | |

## 6. സ്ലം സർവ്വീസ് സെന്റർ

മെയ് 11: അടുപ്പൂട്ടി എഫ്.സി.സി. സോഷ്യൽ സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്ന 16 അയൽക്കൂട്ടങ്ങളുടെ എ.ഡി.എസ്. യോഗം ക്രിസ്തുജ്യോതി കോൺവെന്റ് ഓഡിറ്റോറിയത്തിൽ ചേർന്നു. 160 പേർ പങ്കെടുത്തു.

മെയ് 13: ഗവേണിംഗ് ബോഡി യോഗം സ്ലം സർവ്വീസ് സെന്റർ ഓഫീസിൽ ചേർന്നു.

മെയ് 17: കൂർക്കഞ്ചേരിയിൽ എ.ഡി.എസ്. യോഗം.

മെയ് 18: കുരിയച്ചിറ അയൽക്കൂട്ടങ്ങളുടെ വാർഷികം കുരിയച്ചിറ പള്ളിയിൽ നടത്തി. ഫാ. ഫ്രാങ്കോ കവലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു.

മെയ് 24: ചിയ്യാരം അയൽക്കൂട്ടങ്ങളുടെ എ.ഡി.എസ്. യോഗവും സി.ഡി.എസ്. മീറ്റും സെന്റർ ഓഫീസിൽ ചേർന്നു.

മെയ് 26: റെയിൽവെ ഓവർബ്രിഡ്ജിനോട് ചേർന്ന് പ്രവർത്തിക്കുന്ന സോഷ്യൽ സെന്ററിൽ 65 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. മോൺ. ജോർജ്ജ് കോമ്പാറ, ഫാ. ലൂയീസ് എടക്കളത്തൂർ, എ.വി. ജോർജ്ജ് എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ലൂയീസ് എടക്കളത്തൂർ**
ഡയറക്ടർ, സാന്ത്വനം

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം

## NEST *The Village of Comfort*
**Tel : 2321854; 9446996148**

- നെസ്റ്റിലെ ചികിത്സക്കുശേഷം തിരിച്ച് ഭവനങ്ങളിൽ പോയവരുടെ തുടർ പരിശീലനപരിപാടികൾ മെയ് 11-ാം തിയ്യതി നെസ്റ്റിൽ വെച്ച് നടന്നു. 38 പേർ പങ്കെടുക്കുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.
- നെസ്റ്റിന്റെ അസി. ഡയറക്ടറായി ഫെബ്രുവരി മുതൽ സേവനം ചെയ്തു വന്നിരുന്ന ബഹു. തളിയത്ത് നിബിനച്ചൻ കിഴക്കേ കല്ലൂർ ഇടവകയിലേക്ക് മാറിപ്പോവുകയും പുതിയ അസി. ഡയറക്ടറായി ബഹു. കള്ളിക്കാടൻ പോളച്ചൻ തത്സ്ഥാനത്ത് ചാർജ്ജ് ഏറ്റെടുക്കുകയും ചെയ്തു. നിബിനച്ചന് സമുചിതമായ യാത്രയയപ്പും ആശംസകളും നേരുന്നു. പോളച്ചന് ഹൃദ്യമായ സ്വാഗതം.
- നെസ്റ്റിൽനിന്നും ചികിത്സ കഴിഞ്ഞ് തിരിച്ചുപോയവരുടെ ഒരു പ്രാദേശിക സംഗമം വിവിധ സ്ഥലങ്ങളിൽ നടത്തുന്നതിന്റെ ഭാഗമായി മെയ് 30-ാം തിയ്യതി വെള്ളിയാഴ്ച വാഴാനി - മച്ചാട് പ്രാദേശിക സമിതിയുടെ മീറ്റിംഗ് കരുമത്ര പള്ളിയിൽ വെച്ച് നടത്തുകയുണ്ടായി.
- സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഇ.എസ്.ഐ, പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കാൻ സാധ്യതയില്ലാത്ത ജോലിക്കാർക്കുവേണ്ടി കെ.സി.ബി.സി. ലേബർ കമ്മീഷൻ (കേരള ലേബർ മൂവ്മെന്റ്) നടത്തിവരുന്ന സുരക്ഷ പെൻഷൻ പദ്ധതിയിൽ (കേന്ദ്ര ഗവൺമെന്റ് പദ്ധതി)

നെസ്റ്റിലെ ജോലിക്കാരെയും അംഗങ്ങൾ ആക്കുന്നു. ഈ വർഷം തന്നെ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിനായി വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ**
ഡയറക്ടർ

**ഫാ. പോൾ കള്ളിക്കാടൻ**
അസി. ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂൺ 2014**

### ശ്രീ. സി. എൻ. ജയദേവൻ എം. പി. ക്കും, ഐ. ജി. ശ്രീ. എസ്. ഗോപിനാഥിനും ജൂബിലി മിഷന്റെ സ്നേഹാദരം (26.05.2014)

തൃശ്ശൂർ എം. പി. ശ്രീ. സി. എൻ. ജയദേവനും, സർവ്വീസിൽ നിന്നു വിരമിക്കുന്ന ഐ. ജി. ശ്രീ. എസ്. ഗോപിനാഥനും ജൂബിലി മിഷന്റെ സ്വീകരണവും സ്നേഹാദരവും നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അങ്കണത്തിൽ ചേർന്ന യോഗത്തിൽ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. ജൂബിലി മിഷനിൽ എത്തിയ എം. പി. ശ്രീ. ജയദേവനെ മാർ താഴത്ത് പൊന്നാടയണിയിച്ചാണ് സ്വീകരിച്ചത്. ജൂബിലി മിഷൻ ആശുപത്രിയുടെ നവീകരിച്ച സി.എസ്.എസ്.ഡി. യുടെ ഉദ്ഘാടനവും എം. പി. നിർവ്വഹിച്ചു. തൃശ്ശൂരിന്റെ വികസന സംരംഭങ്ങളിൽ ഏവരുടേയും സഹകരണം എം. പി. അഭ്യർത്ഥിച്ചു. ആതുരശുശ്രൂഷാമേഖലയിലെ കേരളത്തിലെ തന്നെ ഏറ്റവും വലിയ സെൻട്രൽ സ്റ്റെറൈൽ സപ്ലേ ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണ് ജൂബിലി മിഷനിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഉയർന്ന മർദ്ദത്തിലും വളരെ താഴ്ന്ന മർദ്ദത്തിലും ഉപകരണങ്ങൾ അണുവിമുക്തമാക്കാനുള്ള പ്രത്യേക മെഷീനുകളാണ് ജൂബിലിയിൽ പുതിയതായി സ്ഥാപിച്ചിരിക്കുന്നത്. ഐ.ജി ഗോപിനാഥിനുള്ള ജൂബിലി മിഷന്റെ സ്നേഹോപഹാരം മാർ ആൻഡ്രൂസ് താഴത്തും മാർ റാഫേൽ തട്ടിലും ചേർന്ന് നൽകി. പൂരം എക്സിബിഷനോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ വിദ്യാർത്ഥികൾ നടത്തിയ ആരോഗ്യ സർവ്വേഫലം ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ, പൂരം എക്സിബിഷൻ കമ്മിറ്റി പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്രൻ പിഷാരിടിക്ക് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. തൃശ്ശൂർ കളക്ടർ ശ്രീമതി എം. എസ്. ജയ ആശംസകൾ അർപ്പിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി നമ്പിയും പറഞ്ഞു.

## ലോക പുകയില വിരുദ്ധദിനാചരണറാലി : ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിന് ഒന്നാം സ്ഥാനം (31.05.2014)

ലോക പുകയില വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസ് തൃശ്ശൂർ സംഘടിപ്പിച്ച പുകയില വിരുദ്ധദിനറാലിയിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥിനികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പുകയില ഭവിഷത്തുക്കളെക്കുറിച്ച് മനോഹരമായി ചിത്രീകരിച്ചതിനാണ് നേഴ്സിങ്ങ് കോളേജിന് ഒന്നാം സ്ഥാനം ലഭിച്ചത്. നേഴ്സിങ്ങ് കോളേജ് അദ്ധ്യാപകരായ പ്രിൻസി ഫ്രാൻസിസ്, നിധി ക്ലാരൻസ് എന്നിവരുടെ നേതൃത്വത്തിലുള്ള മൂന്നാം വർഷ ബി.എസ്.സി. നഴ്സിങ്ങ് വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.

## ഡോ. ബെന്നി ജോസഫ് ജൂബിലി സി.ഇ.ഒ. ആയി ചാർജെടുത്തു (02.06.2014)

ജൂബിലി മിഷന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. ബെന്നി ജോസഫ് ചാർജ് എടുത്തു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, അഹമ്മദാബാദിൽ നിന്നും ഡോക്ടറേറ്റ് ബിരുദം നേടിയ ഡോ. ബെന്നി നിരവധി കോർപറേറ്റ് മേഖലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

## ജൂബിലി മിഷൻ പൂരം എക്സിബിഷൻ : ആരോഗ്യ സർവ്വേ ഫലം

തൃശ്ശൂർ പൂരം എക്സിബിഷനോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയുടേയും ജൂബിലി മിഷൻ മെഡിക്കൽ വിദ്യാർത്ഥികളുടെ സാമൂഹിക സംഘടനയായ ആശ്രയയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ ജൂബിലി മിഷൻ ആരോഗ്യസർവ്വേ ഫലം പ്രസിദ്ധീകരിച്ചു. പൂരം എക്സിബിഷൻ സന്ദർശിച്ച തിരഞ്ഞെടുക്കപ്പെട്ട അയ്യായിരത്തോളം ആളുകളെയാണ് പഠനവിധേയമാക്കിയത്. ജീവിതശൈലീരോഗങ്ങളും ആരോഗ്യസംരക്ഷണ അവബോധമില്ലായ്മയും, ദുശ്ശീലങ്ങളും, വ്യായാമക്കുറവും, ഭക്ഷണക്രമത്തിലെ താളപ്പിഴകളും ശാരീരികരോഗങ്ങൾ തൃശ്ശൂർ ജില്ലയിൽ വർദ്ധിച്ചുവരാൻ കാരണമാകുന്നു എന്ന് പഠനം തെളിയിക്കുന്നു. മദ്യപാനികളുടേയും പുകവലിക്കാരുടേയും എണ്ണത്തിൽ അത്ഭുതാവാഹമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പുതുതലമുറക്കാർ ലഹരി പദാർത്ഥങ്ങളുടെ പിന്നാലെയാണെന്ന് പഠനം തെളിയിച്ചു. ആരോഗ്യ വിദ്യഭ്യാസം സ്കൂളുകളിലും വനിതാ സമാജം, യുവജനസഖ്യം, സാമൂഹികസംഘടനകൾ, കുടുംബകൂട്ടായ്മകൾ മുതലായവയുടെ പ്രവർത്തന മേഖലകളിൽ ശക്തമായി നടപ്പാക്കേണ്ടതാണ്. വർഷത്തിൽ ഒരിക്കലെങ്കിലും 35 വയസ്സിനു മുക

ളിലുള്ളവർ ഒരു വിദഗ്ദനായ ഡോക്ടറെകണ്ട് നമ്മുടെ ആരോഗ്യനിലവാരം പ്രത്യേകിച്ച് ഹൃദയാരോഗ്യം പരിശോധിക്കേണ്ടതാണെന്ന് സർവ്വേഫലം കാണിക്കുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ബയോസ്റ്റാറ്റിറ്റീഷ്യൻ ശ്രീ. തോമസ് ടോമിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയത്.

**അഭിനന്ദനങ്ങൾ......... ആശംസകൾ............**

1. സൗത്ത് സോൺ യുവ ഫോഗ്സി - സംഘടിപ്പിച്ച 35 വയസ്സിന് താഴെയുള്ള സൗത്ത് ഇന്ത്യയിലെ ഏറ്റവും നല്ല ഗൈനക്കോളജിസ്റ്റിനെ തിരഞ്ഞെടുക്കുന്ന യങ്ങ് ടാലന്റ് സെർച്ച് മത്സരത്തിൽ ഗൈനക്കോളജി വിഭാഗത്തിലെ ഡി.എൻ.ബി. റസിഡന്റ് ഡോ. ഇലവരശി റണ്ണർ അപ്പ് ആയി. അഭിനന്ദനങ്ങൾ..... ആശംസകൾ.....
2. മാംഗ്ലൂരിലെ എ. ജെ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഏന്റ് റിസേർച്ച് സെന്ററിൽ നടന്ന ഫിനീക്സ് ഇന്റർ നാഷണൽ മെഡിക്കൽ അർ ഗ്രാജ്വേറ്റ് കോൺഫറൻസിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നിന്നുള്ള ജോർജ്ജീന എൽസ ജോസ്, മുഹമ്മദ് റിസ്വാൻ, ചാന്ദ്നി പി. ആർ., ലിജോ ജോയ്, കാർത്യായനി വി. ആർ എന്നീ വിദ്യാർത്ഥികൾ പങ്കെടുത്തു.
3. ബാംഗ്ലൂരിലെ കെമ്പ്ഗൗഡ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന KARMIC 2014 എന്ന ഇന്റർ നാഷണൽ അണ്ടർഗ്രജ്വേറ്റ് റിസേർച്ച് കോൺഫറൻസിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളായ അനഘ സന്തോഷും, സ്നേഹ സൂസൺ ജേക്കബും Incedence of Hypocalcaemia in near Total Thyroidectomy Patients', 'The value of Herpes Zoster in the early diagnosis of HIV infection' എന്നീ വിഷയങ്ങളെക്കുറിപ്പ് പ്രബന്ധമവതരിപ്പിച്ചു.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ചിൽഡ്രൻസ് മിനിസ്ട്രി

Ph: 0487 2325336, 9947582522

### ¿ ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും നടത്തി

2014 ജൂൺ 7-ന് ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2014-15 ചിൽഡ്രൻസ് മിനിസ്ട്രിയുടെ പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും നടത്തി. 200 ൽ പരം ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. റവ. ഫാ. സ്റ്റാഴ്സൺ ജെ. കള്ളിക്കാടൻ ഒരു ഓറിയന്റേഷൻ ക്ലാസ്സ് നൽകി. 2014-15 വർഷത്തിൽ തിരുബാലസഖ്യ സംഘടനയെ നയിക്കുന്നതിനായി ശ്രീമതി ഏഞ്ചൽ റാഫി സെക്രട്ടറിയായും, ശ്രീമതി ലിസി ജോസ് തിരുബാലസഖ്യ ട്രഷററായും തെരഞ്ഞെടുത്തു. അൾത്താര സംഘ റെപ്രസെന്റേറ്റീവ്സ് ആയി അബി പോളും, സി. കൃപ എന്നിവരും, ജൂനിയർ സി.എൽ.സി.യെ നയിക്കുന്നതിനായി അനിൽ സി.എൽ. ശ്രീമതി ഗീത വിൽസൺ എന്നിവരേയും തിരഞ്ഞെടുത്തു. 2014-15 വർഷത്തെ ഫൊറോന ആനിമേറ്റർമാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ലൂർദ്ദ് | സി. വിസി |
| 2. | ബസിലിക്ക | സി. ബിൽജി |
| 3. | ചേലക്കര | സി. പവിത്ര |
| 4. | എരുമപ്പെട്ടി | ശ്രീമതി പ്രീത |
| 5. | കണ്ടശ്ശാംകടവ് | ശ്രീമതി ബിൻസി |
| 6. | കൊട്ടേക്കാട് | സി. ജാസ്മിൻ |
| 7. | മറ്റം | സി. ക്രിസ്മരിയ |
| 8. | ഒല്ലൂർ | മിസ്സിസ് ലിസി |
| 9. | പാലയൂർ | സി. ധന്യ |
| 10. | പറപ്പൂർ | ശ്രീമതി ഷിജി |
| 11. | പട്ടിക്കാട് | സി. അനിറ്റ |
| 12. | പഴുവിൽ | സി. വന്ദന |
| 13. | പുതുക്കാട് | ശ്രീമതി ഏഞ്ചൽ റാഫി |

14. പുത്തൂർ — സി. നൈസിൻ
15. വേലൂർ — സി. പ്രണിത
16. വടക്കാഞ്ചേരി — സി. ക്രിസ്റ്റീന

എല്ലാ പുതിയ ആനിമേറ്റർമാർക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

## A. തിരുബാലസഖ്യം

### ¿ പ്രാർത്ഥനാദിനം

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3-ാം തിയ്യതി ഇടവക തലത്തിൽ തിരുബാലസഖ്യ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

### ¿ അർദ്ധദിന സെമിനാർ

തിരുബാലസഖ്യ ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി ആഗസ്റ്റ്മാസത്തിൽ അർദ്ധദിന സെമിനാർ ഒരുക്കിയിരിക്കുന്നു. എല്ലാ ഫൊറോന ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. തൃശൂർ അതിരൂപതയിലെ 16 ഫൊറോനകളെ 4 സോൺ ആക്കിതിരിക്കുകയാണ്. താഴെ പറയുന്ന ക്രമത്തിൽ തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ മീറ്റിംഗിന് എത്തേണ്ടത് ഈ പറഞ്ഞിരിക്കുന്ന ഫൊറോനകളാണ്.

സോൺ 1 : ലൂർദ്ദ്, ബസിലിക്ക, കൊട്ടേക്കാട്, പട്ടിക്കാട്

സോൺ 2 : ഒല്ലൂർ, പഴുവിൽ, പുതുക്കാട്, പുത്തൂർ

സോൺ 3 : കണ്ടശ്ശാംകടവ്, മറ്റം, പാലയൂർ, പറപ്പൂർ

സോൺ 4 : ചേലക്കര, എരുമപ്പെട്ടി, വേലൂർ, വടക്കാഞ്ചേരി

## B. ജൂനിയർ സി.എൽ.സി.

### ¿ പ്രാർത്ഥനാദിനം

ആഗോളസഭ ജൂലൈ 12-ന് വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ജൂനിയർ സി.എൽ.സി. അംഗങ്ങൾ ഇടവക തലത്തിൽ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

### ¿ അർദ്ധദിന സെമിനാർ

ജൂനിയർ സി.എൽ.സി. ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി ആഗസ്റ്റ് മാസത്തിൽ അർദ്ധദിന സെമിനാർ ഒരുക്കിയിരിക്കുന്നു. എല്ലാ ഫൊറോന

ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതു ഫൊറോനകളിലാണ് മീറ്റിംഗ് നടത്തുന്നത് എന്ന വിവരം പിന്നീട് അറിയിക്കുന്നതാണ്.

## C.അൾത്താര സംഘം

¿ **പ്രാർത്ഥനാദിനം**

ആഗോളസഭ ജൂലൈ 26-ന് വി. അന്നയുടെയും ജോവാക്കീമിന്റെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ഇടവകതലത്തിൽ എല്ലാ അൾത്താരസംഘാംഗങ്ങളും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

¿ **അർദ്ധദിന സെമിനാർ**

അൾത്താരസംഘ ആനിമേറ്റേഴ്സിനും ലീഡേഴ്സിനുമായി ആഗസ്റ്റ് മാസത്തിൽ ഒരു അർദ്ധദിന സെമിനാർ ഫൊറോന തലത്തിൽ ഒരുക്കിയിരിക്കുന്നു. എല്ലാ ഫൊറോന ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതു ഫൊറോനയിലാണ് മീറ്റിംഗ് നടത്തുന്നത് എന്ന വിവരം പിന്നീട് അറിയിക്കുന്നതാണ്.

¿ **പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ - ജൂലൈ 2014**

**തിരുവചനപഠനം** : 'ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവർത്തി കൂടാതെയുള്ള വിശ്വാസം മൃതമാണ്' (യാക്കോബ് 2:26)

**സുകൃത ജപം** : ഈശോയെ എന്നെ സ്നേഹിക്കാൻ പഠിപ്പിക്കണമേ.

**പ്രാർത്ഥന നിയോഗം** : എയ്ഡ്സ് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : ആതുരാലയങ്ങൾ സന്ദർശിക്കുക

**പരിചയപ്പെടുത്തുന്ന വിശുദ്ധൻ** : വി. കമില്ലസ് (ജൂലൈ 14)

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ആന്റണി മേച്ചേരിപ്പിടി**

Ph: 0487 - 3242209, 2320040

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## ¿ ഏകദിന ദൈവവചന ശുശ്രൂഷ

2014 മെയ് മാസം 1-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 9.30മുതൽ 3.30 വരെ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവവചനശുശ്രൂഷ നടന്നു. ജപമാല യോടെ ആരംഭിച്ചു. വചനം ബ്രദർ ജോയ് കാഞ്ഞിരത്തിങ്കൽ പങ്കുവെ ച്ചു. ആരാധന, ദിവ്യബലി എന്നിവക്ക് റവ. ഫാ. ലൂവീസ് ചാലക്കൽ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

## ¿ സിങ്കിൾസ് കൂട്ടായ്മ

സിങ്കിൾസ് കൂട്ടായ്മ 2014 മെയ് 2-ാം തിയ്യതി വെള്ളിയാഴ്ച ആബാ കേന്ദ്രത്തിൽ ചേർന്നു. രാവിലെ 9.30ന് ജപമാലയോടെ ശുശ്രൂഷ ആരം ഭിച്ചു. തിരുവചനം പങ്കുവെയ്ക്കൽ, ആരാധന, വി. ബലി എന്നിവയ്ക്ക് റവ. ഫാ. ലൂവീസ് ചാലയ്ക്കൽ നേതൃത്വം നൽകി. 5 ഇടവകയിൽനിന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വന്നവരും ശുശ്രൂഷയിൽ പങ്കുചേർന്നു. 3 ണിക്ക് സമാപിച്ചു.

## ¿ പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ

തൃശൂർ അതിരൂപതയിൽ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിൽ പ്രവർത്തിക്കുന്ന പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ ആബയിൽ 2014 മെയ് 5-ാം തിയ്യതി തിങ്കളാഴ്ച ചേർന്നു. രാവിലെ 9.30ന് ജപമാല യോടെ ആരംഭിച്ചു. പ്രൊഫസർ കെ. എം. ഫ്രാൻസിസ് വചനം പങ്കു വെച്ചു. ആരാധനയ്ക്കും വി. ബലിക്കും റവ. ഫാ. സെബി പൂത്തൂർ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് പര്യവസാനിച്ചു.

## ¿ ഏകദിന ദൈവവചന ശുശ്രൂഷ

തൃശൂർ ആബാ കേന്ദ്രത്തിൽ 2014 മെയ് 8-ാം തിയ്യതി വ്യാഴാഴ്ച ഏക ദിന ദൈവവചന ശുശ്രൂഷ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. ദൈവവചനം ബ്രദർ ജെയിംസ് പങ്കുവെച്ചു. ആരാധനയ്ക്കും വി. ബലിക്കും റവ. ഫാ. ജെയ്സൺ മുണ്ടോപുറം അച്ചൻ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് പര്യവസാനിച്ചു.

## ¿ പാരീഷ് മിനിസ്ട്രി കൂട്ടായ്മ

2014 മെയ് 9-ാം തിയ്യതി വെള്ളിയാഴ്ച ആബാ കേന്ദ്രത്തിൽ പാരീഷ് മിനിസ്ട്രി കൂട്ടായ്മ നടന്നു. 9.30ന് ആരംഭിച്ച് 3 മണിക്ക് സമാപിച്ചു.

വചനസന്ദേശവും ആരാധനയും വി. ബലിയും റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ നിർവ്വഹിച്ചു. പ്രാർത്ഥനയോടെ 3 മണിക്ക് പര്യവസാനിച്ചു.

## ¿ ഏകദിന ദൈവവചന ശുശ്രൂഷ

തൃശൂർ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവവചന ശുശ്രൂഷ 2014 മെയ്മാസം 15-ാം തിയ്യതി രാവിലെ 9.30ന് പ്രാർത്ഥനയോടെ ആരംഭിച്ചു. തിരുവചനം ബ്രദർ വി. വി. ജോസ് (സർവ്വീസ് ടീം സെക്രട്ടറി) പങ്കുവെച്ചു. ആരാധനയ്ക്കും വി. ബലിക്കും റവ. ഫാ. ആന്റോ ചിരിയങ്കണ്ടത്ത് നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

## ¿ കപ്പിൾസ് മിനിസ്ട്രി

കപ്പിൾസ് മിനിസ്ട്രി 2014 മെയ് 16-ാം തിയ്യതി വെള്ളിയാഴ്ച ആബയിൽ ചേർന്നു. 9.30ന് ജപമാലയോടെ ആരംഭിച്ചു. വചനസന്ദേശത്തിനും ആരാധനയ്ക്കും വി. ബലിയ്ക്കും റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ നേതൃത്വം നൽകി. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

## ¿ രൂപതാസേവന സമിതിയോഗം

തൃശൂർ അതിരൂപതാ സേവന സമിതിയോഗം 2014 മെയ് മാസം 19 തിങ്കളാഴ്ച രാവിലെ 10.30ന് റവ. ഫാ. ഷാജൻ തേർമഠത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഡയറക്ടറച്ചൻ പെന്തക്കുസ്താ ആചരണത്തെക്കുറിച്ച് വിശദീകരിച്ചു. ആയതിന്റെ വെളിച്ചത്തിൽ 2014 ജൂൺ 8-ാം തിയ്യതി വൈകീട്ട് 7 മണി മുതൽ 12 മണിവരെ പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും 12 മണിക്ക് വി. ബലിയും തൃശൂർ ലൂർദ്ദ് പള്ളിയിൽ നടത്തുവാനും തീരുമാനിച്ചു. കൂടാതെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സോണൽ, സബ് സോണൽ കോ-ഓർഡിനേറ്റർ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ (ആരംഭം മുതൽ ഇതുവരെയുള്ളവർ) എന്നിവരുടെയും ഒരു കൂട്ടായ്മ 2014 ജൂലൈ 26-ാം തിയ്യതി നടത്തുവാൻ തീരുമാനിച്ചു.

## ¿ ഏകദിനദൈവവചന ശുശ്രൂഷ

2014 മെയ് 22-ാം തിയ്യതി വ്യാഴാഴ്ച ആബയിൽ ഏകദിന ദൈവവചന ശുശ്രൂഷ നടന്നു. രാവിലെ 9.30ന് പ്രാർത്ഥനയോടെ ആരംഭിച്ചു. ദൈവവചനം ബ്രദർ ജോസ് പുലിക്കോട്ടിൽ പങ്കുവെച്ചു. ആരാധനയ്ക്കും വി. ബലിയ്ക്കും റവ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

## ¿ തൂവാനിസ കൂട്ടായ്മ

തൂവാനിസ കൂട്ടായ്മ 2014 മെയ് മാസം 23-ാം തിയ്യതി വെള്ളിയാഴ്ച ആബയിൽ 9.30ന് പ്രാർത്ഥനയോടെ ആരംഭിച്ചു. വചനശുശ്രൂഷയും

ആരാധനയും വി. ബലിയും ഉണ്ടായിരുന്നു. എല്ലാ ശുശ്രൂഷയ്ക്കും റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ നേതൃത്വം നൽകി. 3 മണിക്ക് പ്രാർത്ഥന യോടെ സമാപനമായി.

**¿ മദ്ധ്യസ്ഥ പ്രാർത്ഥനാ കുടുംബകൂട്ടായ്മ**

മദ്ധ്യസ്ഥ പ്രാർത്ഥനാഗ്രൂപ്പിന്റെ കുടുംബകൂട്ടായ്മ റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂരിന്റെ നേതൃത്വത്തിൽ മറിയാമ്മ ഡേവീസിന്റെ ചിറ്റിശ്ശേരിയി ലുള്ള വസതിയിൽ ചേർന്നു. പങ്കുവെയ്ക്കൽ, പ്രാർത്ഥന എന്നിവയു ണ്ടായിരുന്നു. 11 മണിക്ക് ആരംഭിച്ച് 3 മണിക്ക് സമാപിച്ചു.

**¿ ഏകദിന ദൈവവചന ശുശ്രൂഷ**

2014 മെയ് 29-ാം തിയ്യതി വ്യാഴാഴ്ച ആബയിൽ ഏകദിന ദൈവവചന ശുശ്രൂഷ 9.30ന് ജപമാലയോടെ ആരംഭിച്ചു. തിരുവചനം ബ്രദർ ഇ. ടി. ജോൺസൺ (സർവ്വീസ് ടീം അംഗം) പങ്കുവെച്ചു. ആരാധനയും രോഗ ശാന്തിശുശ്രൂഷയും, വി. ബലിയും റവ. ഫാ. സജു വടക്കേത്തല നിർവ്വ ഹിച്ചു. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

**¿ മദ്ധ്യസ്ഥപ്രാർത്ഥനാകൂട്ടായ്മ**

2014 മെയ് 30-ന് വെള്ളിയാഴ്ച രാവിലെ 9.30ന് തൃശൂർ അതിരൂപത യിലെ എല്ലാ ഇടവകയിൽനിന്നുള്ള പ്രാർത്ഥനാ കോർ ടീം അംഗങ്ങൾ ചേർന്നു ജപമാല ആരംഭിച്ചു. വചനശുശ്രൂഷ, ആരാധന, വി. ബലി എന്നി വയ്ക്ക് റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ നേതൃത്വം നൽകി. മദ്ധ്യസ്ഥ പ്രാർത്ഥനാ ആംഗങ്ങൾ മറ്റു മിനിസ്ട്രികളുടെ കൂട്ടായ്മ ദിവസങ്ങളിൽ അതിനോട് ചേർന്ന് പങ്കെടുത്ത് പ്രാർത്ഥിക്കുന്നത് പ്രശംസനീയമാണെന്ന് അച്ചൻ പ്രത്യേകം എടുത്തുപറഞ്ഞു. 3.30ന് പ്രാർത്ഥനയോടെ സമാ പിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

# കുടുംബക്കൂട്ടായ്മ

**¿ അതിരൂപതയിലെ മാതൃകാകുടുംബകൂട്ടായ്മകളെ തിരഞ്ഞെടുത്തു**

തൃശൂർ അതിരൂപതയിലെ ഇടവകകളിൽ പ്രവർത്തിക്കുന്ന കുടുംബകൂ ട്ടായ്മകളിൽ നിന്നും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരഞ്ഞെടുപ്പിൽ 2013 പ്രവർത്തനവർഷത്തിലെ മികച്ച കുടുംബകൂട്ടാ യ്മകളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | കുടുംബകൂട്ടായ്മ | ഇടവക | ഫൊറോന |
|---|---|---|---|
| 1. | സെന്റ് അലോഷ്യസ് | അത്താണി | വടക്കാഞ്ചേരി |
| 2. | സേക്രഡ് ഹാർട്ട് | അന്തിക്കാട് | പഴുവിൽ |
| 3. | സെന്റ് ആന്റണീസ് | അന്തിക്കാട് | പഴുവിൽ |
| 4. | മറിയം ത്രേസ്യ | പാറന്നൂർ | വേലൂർ |
| 5. | സെന്റ് ഫ്രാൻസിസ് സേവ്യർ | തലക്കോട്ടുകര | വേലൂർ |
| 6. | ഫാത്തിമനാഥ | കോനിക്കര | ഒല്ലൂർ |
| 7. | സെന്റ് പോൾ | പെരിഞ്ചേരി | ഒല്ലൂർ |
| 8. | ക്യൂൻ മേരി | പേരാമംഗലം | കൊട്ടേക്കാട് |
| 9. | ജോൺ പോൾ | വിയ്യൂർ | കൊട്ടേക്കാട് |
| 10. | സെന്റ് അൽഫോൻസ | മരിയാപുരം | ലൂർദ്ദ് |
| 11. | സെന്റ് തോമസ് | ഒല്ലൂക്കര | ലൂർദ്ദ് |
| 12. | സെന്റ് സെബാസ്റ്റ്യൻ | പറവട്ടാനി | ലൂർദ്ദ് |
| 13. | മദർ തെരേസ | കണ്ടശ്ശാംകടവ് | കണ്ടശ്ശാംകടവ് |

അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതി ഇടവകകളിലെ കുടുംബ കൂട്ടായ്മകളിൽ വിതരണം ചെയ്ത പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി പൂരിപ്പിച്ച് അനുബന്ധരേഖകളും അടക്കം ചെയ്ത് തിരികെ അതിരൂപതാ ഓഫീസിൽ ഏൽപ്പിച്ചവയിൽ നിന്നും 225 പോയിന്റുകളിൽ കൂടുതൽ ലഭിച്ച കുടുംബ കൂട്ടായ്മകളാണ് മാതൃകാ കുടുംബകൂട്ടായ്മകളായി തിരഞ്ഞെടുക്കപ്പെട്ടത്. ഇവർക്കുള്ള സമ്മാനവിതരണം ഒരു മികച്ച വേദി ഒരുക്കി നടത്തുവാനും തീരുമാനിച്ചു. തെരഞ്ഞെടുപ്പിന് അതിരൂപതാ ഡയറക്ടർ റവ. ഡോ. ലോറൻസ് തൈക്കാട്ടിൽ, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് തരകൻ, ജന. കൺവീനർ അഡ്വ. സി. ജെ. ഡെന്നി, ജന. സെക്രട്ടറി എ. എ. ആന്റണി, ട്രഷറർ സാബു നീലങ്കാവിൽ, ജോ. കൺവീനർമാരായ എ.ഒ. ജോസ്, അഡ്വ. ഡോളി വർഗ്ഗീസ്, ജോ. സെക്രട്ടറി അഡ്വ. അൽജോ പി. ആന്റണി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. വർഗ്ഗീസ് തരകൻ**
അസി. ഡയറക്ടർ

**അഡ്വ. സി. ജെ. ഡെന്നി**

**എ. എ. ആന്റണി**

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

- കെ.സി.ബി.സി. തൃശൂർ രൂപതാ ഭാരവാഹികളുടെ മീറ്റിംഗ് 25.05.2014 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ കൂടി. പ്രസിഡന്റ് ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ യോഗം ഉദ്ഘാടനം ചെയ്തു.
- പുകയില വിരുദ്ധദിനവും, ആഗോള ലഹരിവിരുദ്ധ ദിനവും എല്ലാ ഇട വകകളിലും വിപുലമായ പരിപാടികളോടെ ആചരിക്കുവാൻ തീരുമാന മെടുത്തു.
- കഴിഞ്ഞകാലപ്രവർത്തനങ്ങളും ഭാവിപരിപാടികളും യോഗം ചർച്ച ചെയ്തു.
- താത്ക്കാലിക സെക്രട്ടറി തോമസ് ടി.സി. യെ യോഗം തിരഞ്ഞെടുത്തു.
- സംസ്ഥാന സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, പ്രേമ മൈക്കിൾ എന്നിവർ സംസാരിച്ചു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ജോസ് ആലപ്പാട്ട്**
പ്രസിഡന്റ്

# മാതൃസംഘം

- **മാതൃദിനം**

അഖില ലോക മാതൃദിനം പ്രമാണിച്ച് മെയ് 6-ാം തിയ്യതി വിവിധ ആഘോഷപരിപാടികൾ അതിരൂപതാടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. അന്നു നടന്ന അമ്മമാരുടെ കലാപരിപാടികൾ അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയച്ചൻ ഉദ്ഘാടനം ചെയ്തു. സിംഗിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ് മത്സരങ്ങൾ ഉണ്ടായിരുന്നു.

സിംഗിൾ ഡാൻസ് : ഒന്നാം സ്ഥാനം - കോട്ടപ്പടി, രണ്ടാം സ്ഥാനം - കണ്ടശ്ശാംകടവ്, മൂന്നാം സ്ഥാനം-പുത്തൻപീടിക, മനക്കൊടി

ഗ്രൂപ്പ് ഡാൻസ് : ഒന്നാം സ്ഥാനം - കോട്ടപ്പടി, രണ്ടാം സ്ഥാനം - എടക്കളത്തൂർ, മൂന്നാം സ്ഥാനം - കൂനംമൂച്ചി

- **മാതൃസെമിനാർ**

ജൂൺ 17-ന് ഉച്ചകഴിഞ്ഞ് 2ന് മാതൃസെമിനാർ നടത്തി.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
**ഡയറക്ടർ**

**ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ**
**അസി. ഡയറക്ടർ**

**ലീലമാത്യു**
**പ്രസിഡന്റ്**

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധാനവും സൗഭാഗ്യവും

¿ തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അത്മായസഭയുടെ എക്സിക്യൂട്ടീവ് യോഗം 5.6.2014 കാൽവരി ആശ്രമത്തിൽവെച്ച് ഉച്ചതിരിഞ്ഞ് 5 മണിക്ക് പ്രസിഡന്റ് പി. ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ, ഫാ. ജോബി മേരീസൺ, സിസ്റ്റർ റോസിലിൻ, വി. സി. സണ്ണി, തോമസ് ഡൊമിനിക് എന്നിവർ പ്രസംഗിച്ചു. അത്മായ സഭയുടെ നാഷണൽ സെക്രട്ടറി ഡോ. എം. എ ബാബു, ഫോർമേറ്റർ ഡോ. ജെറി ജോസഫ് എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതയിലെ 5 റീജിയണുകളിലെ ചാർജ്ജുള്ള കപ്പൂച്ചിൻ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| വടക്കാഞ്ചേരി | ഫാ. പോൾ അടമ്പുകുളം | സി. അർച്ചന FCC |
| ഗുരുവായൂർ | ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ | സി. മരിയപുഷ്പം FCC |
| തൃശൂർ | ഫാ. ജോബി മേരീസൺ | സി. ശാലിനി FCC |
| ഒല്ലൂർ | ഫാ. ജോബി മേരീസൺ | സി. ലിറ്റി തെരേസ FCC |
| കണ്ടശ്ശാംകടവ് | ഫാ. ജോബി മേരീസൺ | സി. ഫ്ളവർലിറ്റ് FCC |

അതിരൂപത ഡയറക്ടർ ആയി ഫാ. പോൾ അടമ്പുകുളവും അതിരൂപത ആനിമേറ്റർ ആയി സി. റോസിലിൻ FCC തുടരുന്നതാണ്. ആഗസ്റ്റ് 10-ന് വടക്കാഞ്ചേരി എ.ആർ.സി.യിൽവെച്ച് നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**, സെക്രട്ടറി

# സി. എൽ. സി.

¿ **സി.എൽ.സി. ഫോർമേഷൻ ക്യാമ്പ്**

തൃശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ 3 ദിവസം നീണ്ടുനിന്ന ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. സി.എൽ.സി. എന്ന ജീവിത രീതിയെ തൊട്ടറിയുവാനും വ്യക്തിത്വ വികസനത്തിനും സി.എൽസി. അംഗങ്ങൾക്കുപകരിക്കുംവിധം സജ്ജീകരിച്ച ക്യാമ്പ് ആവേശമായി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഫോർമേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ്

ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. മൂന്നു ദിവസമായി നടന്ന ഫോർമേഷൻ ക്യാമ്പിന് അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ, റവ. ഫാ. ഫ്രാൻസിസ് ആളൂർ, എഡിസൺ ഫ്രാൻസിസ്, യു. സി. ജോയ്, അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, കിംങ് ഫിഷർ ട്രെയിനിംഗ് കോളേജ് ഡോ. റാണി ടീച്ചർ, വിനേഷ് ജെ. കോളേങ്ങാടൻ, സിസ്റ്റർ നമിത റോസ്, സി. ആൻ ജെയിൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സി. എൽ.സി. അതിരൂപത ഭാരവാഹികൾ നേതൃത്വം നൽകി. പുതുക്കാട് ഫൊറോനയിലെ ചിറ്റിശ്ശേരി ഇടവകാംഗം സോണി റപ്പായി, പുത്തൂർ ഫൊറോന, പുത്തൂർ യൂണിറ്റ് ഇടവകാംഗം റോഷൻ മാളിയേക്കൽ എന്നിവർ ബെസ്റ്റ് ക്യാമ്പർമാരായി. ഫോർമേഷൻ ക്യാമ്പിന് കൺവീനർ ബിനോയ് കാറളത്തുകാരൻ നേതൃത്വം നൽകി.

## ¿ അതിരൂപത പ്രവർത്തക സമിതിയോഗം

സി.എൽ.സി. അതിരൂപത പ്രവർത്തകസമിതി യോഗം ജൂണിൽ തൃശൂർ പാസ്റ്ററൽ സെന്ററിലെ സി.എൽ.സി. ഓഫീസിൽ വെച്ച് കൂടി.

## ¿ മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം

തൃശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ അഖില കേരള മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം സംഘടിപ്പിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, സിസ്റ്റർ നമിത റോസ്, സിസ്റ്റർ ആൻ ജെയിൻ, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, കൺവീനർ ഫ്രെഡി സി. ഡിക്രൂസ് എന്നിവർ പ്രസംഗിച്ചു. പ്രസംഗമത്സരത്തിൽ ഇരിങ്ങാലക്കുട രൂപതയിൽ നിന്നുള്ള ഫിജോ ജോസഫ് ഒന്നാം സ്ഥാനവും അന്ന കീർത്തി തിരൂർ രണ്ടാം സ്ഥാനവും സ്റ്റെഫി അക്കര ആമ്പക്കാട്, ജീസ്മോൾ കൂനംമൂച്ചി എന്നിവർക്ക് ലഭിച്ചു. അതിരൂപത ഭാരവാഹികൾ പ്രസംഗമത്സരത്തിന് നേതൃത്വം നൽകി.

## ¿ സി.എൽ.സി. കുറ്റൂർ സ്ഥലം വൃത്തിയാക്കി

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സി.എൽ.സി. ഭവൻ പണിയാൻ വാങ്ങിയ സ്ഥലം വൃത്തിയാക്കി. അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ 80 സെന്റ് സ്ഥലത്തെ ചെടികളും മറ്റു വൃത്തിയാക്കി. അതിരൂ

പത സി.എൽ.സി.യോടൊപ്പം പീച്ചി സി.എൽ.സി. വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

¿ **പരിസ്ഥിതിദിനം - വൃക്ഷത്തൈ വിതരണം**

അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ വിതരണം സംഘടിപ്പിച്ചു. കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന ദേവാലയത്തിൽവെച്ച് നടന്ന വൃക്ഷത്തൈ വിതരണം മുൻസാഗർ രൂപത ബിഷപ്പ് മാർ ജോസഫ് പാസ്റ്ററൽ നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. കൊട്ടേക്കാട് ഫൊറോന വികാരി റവ. ഫാ. പോൾസൺ തട്ടിൽ പരിസ്ഥിതിദിന സന്ദേശം നൽകി. അസി. വികാരി റവ. ഫാ. ഷിജോ മാപ്രാണത്തുകാരൻ, സംസ്ഥാന സി.എൽ.സി. വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ പ്രസംഗിച്ചു. കൊട്ടേക്കാട് യൂണിറ്റ് പ്രസിഡന്റ് സിജോവിന് വൃക്ഷത്തൈ നൽകി വിതരണം നടത്തി. കൺവീനർ ജിയോ കെ. ജോർജ്ജ് നന്ദി പറഞ്ഞു.

¿ **പരിസ്ഥിതി വാരാഘോഷം - വൃക്ഷത്തൈ നടീൽ കുറ്റൂർ സി.എൽ.സി. ഭവനിൽവെച്ച് നടന്നു**

പരിസ്ഥിതിവാരാഘോഷം - വൃക്ഷത്തൈ നടീൽ കുറ്റൂർ സി.എൽ.സി. ഭവനിൽവെച്ച് നടന്നു. സി.എൽ.സി. കുറ്റൂരിലുള്ള സ്ഥലത്ത് വെച്ച് നടന്ന വൃക്ഷത്തൈ നടീൽ പ്രവർത്തനം സാഗർ രൂപത മുൻ ബിഷപ്പ് മാർ ജോസഫ് പാസ്റ്ററൽ നീലങ്കാവിൽ വൃക്ഷത്തൈ നടീൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, കൊട്ടേക്കാട് ഫൊറോന വികാരി റവ. ഫാ. പോൾസൺ തട്ടിൽ, ഫൊറോന പ്രസിഡന്റ് ജീസോ ലോനപ്പൻ, വൈസ് പ്രസിഡന്റ് ലാന്റോ കോളേങ്ങാടൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് കുറ്റൂർ ഭാരവാഹികൾ എന്നിവർ വൃക്ഷത്തൈ നടീൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

¿ **സി.എൽ.സി. ജനറൽബോഡിയോഗം**

സി.എൽ.സി. തൃശൂർ അതിരൂപത ജനറൽ ബോഡിയോഗം നടന്നു. അതിരൂപത ഫൊറോന യൂണിറ്റ് പ്രസിഡന്റുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം, ഫൊറോന ഫണ്ട്, ഫൊറോന കലാമേള എന്നീ പരിപാടികളെക്കുറിച്ച് ചർച്ച നടത്തി. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു.

അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, ബിനോയ് കാറളത്തുകാരൻ എന്നിവർ പ്രസംഗിച്ചു.

¿ **വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം പുത്തൂരിൽവെച്ച്**

സി.എൽ.സി.യുടെ ആദ്ധ്യാത്മികാചാര്യനായി വി. ഇഗ്നേഷ്യസ് ലെയോളയുടെ അനുസ്മരണം 2014 ജൂലൈ 27-ന് ഉച്ചക്ക് 2 മണിക്ക് പുത്തൂരിൽവെച്ച് നടക്കും. അതിരൂപതാ പിതാക്കൻമാർ, സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ പൊതുസമ്മേളനത്തിൽ പങ്കെടുക്കും. എസ്.എസ്.എൽ.സി., പ്ലസ് ടു എന്നിവയിൽ ഉന്നതവിജയം നേടിയവരെ പ്രസ്തുത ചടങ്ങിൽവെച്ച് ആദരിക്കും.

¿ **വിഷൻ 2015**

സി.എൽ.സി.യുടെ നേതൃത്വത്തിൽ യൂണിറ്റുകൾക്കായി വിഷൻ 2015 ക്യാമ്പ് നടത്തുന്നു. താത്പര്യമുള്ള യൂണിറ്റുകൾ അതിരൂപത ഓഫീസുമായോ ഫൊറോന ഭാരവാഹികളുമായോ ബന്ധപ്പെടേണ്ടതാണ്.

¿ **നന്ദി**

അതിരൂപത സി.എൽ.സി. സംഘടിപ്പിച്ച ഫോർമേഷൻ ക്യാമ്പ്, മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം, ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതിദിനാചരണ പ്രവർത്തനത്തിന് നേതൃത്വം നൽകിയ കൊട്ടേക്കാട് യൂണിറ്റിനും, വൃക്ഷത്തൈ നടീൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കൊട്ടേക്കാട് ഫൊറോനയ്ക്കും, കുറ്റൂർ സി.എൽ.സിയൂണിറ്റിനും അതിരൂപത സി.എൽ.സി.യുടെ നന്ദി.

സി.എൽ.സി.യുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഫാ. ജിയോ തെക്കിനിയത്ത്** | **റവ. ഫാ. ജിന്റോ പെരേപ്പാടൻ** | **ബിജിൽ സി. ജോസഫ്** |
| **പ്രമോട്ടർ** | **അസി. പ്രമോട്ടർ** | **ജന. സെക്രട്ടറി** |

## കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

¿ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ ജനറൽ ബോഡി ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിൽ വെച്ച് 2014 മെയ് 15-ാം തിയ്യതി നടന്നു. 40 പേർ ആതുരാലയങ്ങളെ പ്രതിനിധീകരിച്ച് സന്നിഹതരായിരുന്നു. ഉച്ചക്ക് 2.30ന് പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച മീറ്റിംഗിൽ വൈസ് പ്രസിഡന്റ് റവ. സി. മെർളി സി.എച്ച്.എഫ്. എത്തിച്ചേർന്ന

എല്ലാവർക്കും ഹൃദ്യമായി സ്വാഗതം ആശംസിച്ചു. സെക്രട്ടറി റവ. സി. സീന എസ്.എം.സി. റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ റവ. സി. റാണി എസ്.എ.ബി.എസ്. അവതരിപ്പിച്ച വാർഷിക കണക്ക് ജനറൽ ബോഡി പാസ്സാക്കി. തൃശൂർ അതിരൂപതാ എക്ലിയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. സിജോ അരിക്കാട്ട് ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ, സോവിനിയർ, നേഴ്സസ് ഡേ തീം ഇലക്ഷൻ എന്നിവയെക്കുറിച്ച് വിലയിരുത്തി സംസാരിച്ചു. തുടർന്ന് തൃശൂർ അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറയെ പൂച്ചെണ്ട് നൽകി സി.എൻ.ജി.ഐ. കൂട്ടായ്മയിലേക്ക് ആദ്യമായി സ്വീകരിച്ചു. റവ. ഫാ. ജോർജ്ജ് കോമ്പാറ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സി.എൻ.ജി.ഐ. പ്രവർത്തനങ്ങളെക്കുറിച്ചും, ഗോൾഡൻ ജൂബിലി സോവിനിയറിനെക്കുറിച്ചും അഭിനന്ദിച്ച് സംസാരിച്ചു. തുടർന്ന് സ്ഥാനം ഒഴിഞ്ഞ തസ്തികയിലേക്ക് പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു.

¿ **പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | റവ. സി. ദെപ്പാസി CSC | അമല സ്ക്കൂൾ ഓഫ് നേഴ്സിംഗ് പ്രിൻസിപ്പാൾ |
| വൈസ് പ്രസിഡന്റ് | റവ. സി. ലിസറ്റ് CMC | സെന്റ് ജോസഫ് ഹോസ്പിറ്റൽ, ചൂണ്ടൽ |
| സെക്രട്ടറി | റവ. സി. റൊസീന ഡേവിസ് FCC | പാദുവ ഹോസ്പിറ്റൽ, പുത്തൻപീടിക |
| ജോ. സെക്രട്ടറി | മിസ്സിസ്സ് ലിജി ഡേവീസ് | ഗവ. മെഡിക്കൽ കോളേജ്, തൃശൂർ. |
| ട്രഷറർ | റവ. സി. ഇസബെൽ CHF | ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശൂർ |

പുതിയ ഭാരവാഹികൾക്ക് റവ. ഫാ. ജോർജ്ജ് കോമ്പാറ പൂക്കൾ നൽകി മംഗളം ആശംസിച്ചു. പ്രസിഡന്റ് സി. ദെപ്പാസി മുൻഭാരവാഹികൾക്ക് നന്ദി പ്രകാശിപ്പിക്കുകയും എല്ലാവരുടെയും സഹകരണവും, പ്രാർത്ഥനയും ആവശ്യപ്പെടുകയും ചെയ്തു.

¿ 30.04.2014 നേഴ്സസ് ദിനാചരണത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ അമല മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ 40 നേഴ്സസ് സി.എൻ.ജി.ഐ. അംഗത്വം സ്വീകരിച്ചു. അമല മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. വാൾട്ടർ സി.എം.ഐ., യൂണിറ്റ് അഡ്വൈസർ റവ. ഫാ. ഷിബു പുത്തൻപുരയ്ക്കൽ സി.എം.ഐ., ആശംസകൾ നേരുകയും ചെയ്തു.

¿ വി. യൗസേപ്പിതാവിന്റെ നാമധേയത്താൽ സ്ഥാപിതമായ ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ മെയ് 30 വെള്ളിയാഴ്ച തൃശൂർ അതിരൂപത സി.എൻ.ജി.ഐ. എക്ലിയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി നടന്നു. 20 നേഴ്സസ് സി. എൻ.ജി.ഐ. ൽ പുതിയ അംഗത്വം സ്വീകരിച്ചു. 30 നേഴ്സസിന്റെ ക്യാപ്പിംഗ് സെറിമണി ഭംഗിയായി നടന്നു. വാ. മദർ തെരേസയെപ്പോലെ സ്നേഹത്തിന്റെ കാരുണ്യത്തിന്റെ പ്രകാശം പരത്തുന്ന വ്യക്തികളാകണം നേഴ്സസ് എന്ന സന്ദേശം അച്ചൻ പങ്കുവെച്ചു. അഡ്മിനിസ്ട്രേറ്റർ റവ. സി. അൽഫോൻസ് മരിയ ആശംസ നേരുകയും, മേട്രൺ റവ. സി. സിസി ക്ലെയർ, മുൻ പ്രസിഡന്റ് സി. ലിന്റ, വൈസ് പ്രസിഡന്റ് സി. ലിസറ്റ് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

ഡയറക്ടർ
**റവ.ഫാ. സിജോ അരിക്കാട്ട്**

സെക്രട്ടറി
**സി. റൊസീന ഡേവീസ് FCC**

# അഡ്വക്കേറ്റ്സ് ഫോറം

¿ തൃശൂർ അതിരൂപത അഡ്വക്കേറ്റ്സ് ഫോറം ഫോർ സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ 2014 മെയ് 7-ന് "കാനൻ നിയമവും വിവാഹം അസാധുവാക്കുന്നതിനുള്ള കാരണങ്ങളും നടപടിക്രമങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി ആർച്ച്ബിഷപ്സ് ഹൗസിൽവെച്ച് സെമിനാർ നടത്തി. സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അരമനകോടതിയുടെ നടപടി ക്രമങ്ങൾ വിശദമായി അഭിഭാഷകർ പഠിക്കുന്നത് നല്ലതാണെന്നും അതുവഴി അരമന കോടതിയെ സഹായിക്കാൻ അഡ്വക്കേറ്റ്സ് ഫോറത്തിന് സാധിക്കുമെന്നും അതിനുള്ള പഠനങ്ങൾ നടത്തുകയും സാധ്യതകൾ കണ്ടെത്തുകയും വേണമെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു.

¿ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ബിജു കുണ്ടുകുളം, കുടുംബകൂട്ടായ്മയുടെ അതിരൂപതാ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ഡെന്നി സി.ജെ. (ജന. കൺവീനർ), അഡ്വ. ഡോളി താരു (ജോ. കൺവീനർ), അഡ്വ. അൽജോ പി. ആന്റണി (ജോ. സെക്രട്ടറി), അഡീഷണൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ അഡ്വ. ജോസ് മേച്ചേരി എന്നിവരെ അഭിവന്ദ്യ പിതാവ് അനുമോദിച്ചു.

¿ കാക്കനാടുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ ആക്ടിംങ് പ്രസിഡന്റ് റവ. ഡോ. ജോസ് ചിറമ്മൽ വിഷയാവതരണം നടത്തി.

¿ അഡ്വക്കെറ്റ്സ് ഫോറം പ്രസിഡന്റ് അഡ്വ. ജോഷി പാച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോൺസൺ ഐനിക്കൽ സ്വാഗതവും സെക്രട്ടറി അഡ്വ. ഡെന്നി സി.ജെ. നന്ദിയും പറഞ്ഞു.

| | | |
|---|---|---|
| **റവ. ഫാ. ജോൺസൺ ഐനിക്കൽ** | **അഡ്വ. ജോഷി പാച്ചൻ** | **അഡ്വ. ഡെന്നി സി.ജെ.** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

## കാത്തലിക് യൂണിയൻ – കെ.സി.വൈ.എം.

¿ **ഏപ്രിൽ 1**

പുതുക്കാട് ഫൊറോന കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ സർക്കാരിന്റെ മദ്യനയത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പുതുക്കാട് സെന്ററിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ ആന്റോ തൊറയൻ, മനോജ് പി.ജി., ലിന്റോഷ് ജോൺ അതിരൂപത സമിതിയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് സംസാരിച്ചു.

¿ **ഏപ്രിൽ 12**

നോമ്പുകാല പരിത്യാഗത്തിന്റെ ഭാഗമായി അതിരൂപത സമിതി സംസ്ഥാനസമിതിയോടൊന്നിച്ച് വിശുദ്ധ കുരിശുമായി കനകമല തീർത്ഥാടനം നടത്തി. റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ, മനോജ് പി.ജി., പ്രിൻസ് അരണാട്ടുകര, ഡെൻസൺ കോടന്നൂർ, സിജോ പിടിയത്ത് എന്നിവർ നേതൃത്വം നൽകി.

¿ **ഏപ്രിൽ 13**

വിശ്വാസപുണ്യം തേടി വിശുദ്ധയായി പ്രഖ്യാപിക്കുന്ന എവുപ്രാസ്യമ്മ കബറിടത്തിൽ അതിരൂപത സമിതി സന്ദർശനവും, പ്രാർത്ഥനാകൂട്ടായ്മയും നടത്തി.

കുറ്റൂർ കെ.സി.വൈ.എം. യൂണിറ്റ് സംഘടിപ്പിച്ച ബ്ലഡ് ഡൊണേഷൻ ക്യാമ്പ് അതിരൂപത പ്രസിഡന്റ് ആന്റോ തൊറയൻ ബ്ലഡ് കൊടുത്ത് ഉദ്ഘാടനം ചെയ്തു.

¿ **ഏപ്രിൽ 20**

പാവറട്ടി കെ.സി.വൈ.എം. യൂണിറ്റിന്റെ ഈസ്റ്റർ ദിനത്തിൽ ശക്തൻ മാർക്കറ്റിലും ബസ് സ്റ്റാന്റിലും ഉള്ള തെരുവുമക്കൾക്ക് ഭക്ഷണവിതരണം

നടത്തി മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ, ജിയോ ജോൺ, ബാബു ജോസഫ് എന്നിവർ നേതൃത്വം നൽകി.

- **മെയ് 18**

കുറ്റൂർ കെ.സി.വൈ.എം. യൂണിറ്റ് സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിന്റെ സമ്മാനദാനം റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ എന്നിവർ നിർവ്വഹിച്ചു.

- **മെയ് 25**

സർക്കാരിന്റെ മദ്യനയത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും 418 അടഞ്ഞുകിടക്കുന്ന ബാറുകൾ തുറന്നു പ്രവർത്തിക്കരുതെന്നും പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗം ആവശ്യപ്പെട്ടു.

- **ജൂൺ 1**

അതിരൂപത സമിതിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളേയും പങ്കെടുപ്പിച്ചുകൊണ്ട് മോൺ. തോമസ് തലച്ചിറ മെമ്മോറിയൽ മെഗാ ഷട്ടിൽ (ബാഡ്മിന്റൺ) ചാമ്പ്യൻഷിപ്പ് 2014 തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. 5001 രൂപയും ട്രോഫിയും ഒന്നാം സ്ഥാനം ഗുരുവായൂർ സെന്റ് ആന്റണീസ് പള്ളിയും, 3001 രൂപയും ട്രോഫിയും രണ്ടാം സ്ഥാനം സെന്റ് റാഫേൽ കല്ലൂർ ഈസ്റ്റ് പള്ളിയും, 2001 രൂപയും ട്രോഫിയും സെന്റ് ജോസഫ് പള്ളി പാവറട്ടിയും കരസ്ഥമാക്കി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഫുട്ബോൾ താരം ഐ. എം. വിജയന് ഷട്ടിൽ തട്ടി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജിയോ കടവി, പി.ഐ. ലാസർ മാസ്റ്റർ, എൻ. പി. ജാക്സൺ മാസ്റ്റർ, ആന്റോ തൊറയൻ, ജോൺസൺ ജോർജ്ജ്, ജിയോ ജോൺ, മനോജ് പി. ജി., അനൂപ് പുന്നപ്പുഴ, ജോസ്മോൻ കെ. ഫ്രാൻസിസ്, ലിന്റേഷ് ജോൺ എന്നിവർ നേതൃത്വം നൽകി.

- **ജൂൺ 5**

ലോക പരിസ്ഥിതിദിനാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം മണ്ണുത്തി സെന്റ് ആന്റണീസ് പള്ളിയിൽ സംഘടിപ്പിച്ചു. അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജിയോ കടവി, റവ. ഫാ. ജോസ് എടക്കളത്തൂർ, സി. ടീന മരിയ, ആന്റോ തൊറയൻ, അനൂഷ് പുന്നപ്പുഴ, റിൻസൺ മാമ്പ്ര, ജോമോൾ ജോസ്, മനോജ് പി.ജി., ജോസ്മോൻ കെ. ഫ്രാൻസിസ്, ലിന്റേഷ് ജോൺ എന്നിവർ നേതൃത്വം നൽകി.

¿ **ജൂലൈ 3**

യൂണിറ്റുകളിൽ പതാക ഉയർത്തുകയും, പ്രതിജ്ഞ പുതുക്കുകയും, പുതിയ അംഗങ്ങളെ ചേർത്തുകയും ചെയ്യണം.

¿ **ജൂലൈ 6**

ഫൊറോന തലങ്ങളിൽ യുവജനദിനമായി ആചരിക്കണം.

¿ **ജൂലൈ 19, 20 അതിരൂപത യുവജനദിനാഘോഷം ചിയ്യാരം വിജയ മാത പള്ളിയിൽ**

19–ാം തിയ്യതി 4.30ന് പതാക, ദീപശിഖ, ഛായാചിത്ര പ്രയാണങ്ങൾ സമ്മേളനവേദിയായ മോൺ. തോമസ് തലച്ചിറ നഗരിയിൽ എത്തിച്ചേരും. ജൂലൈ 20 ഞായറാഴ്ച രാവിലെ 8.30ന് രജിസ്ട്രേഷൻ. 9.00 ന് പതാക ഉയർത്തൽ, 9.30 ന് യുവജന ദിവ്യബലി. 10.45 ന് പ്രതിനിധിസമ്മേളനം ഉദ്ഘാടനം. 11.00ന് ക്രൈസ്തവ യുവതയും – കുടുംബ ഭദ്രതയും എന്ന വിഷയത്തിൽ റൂബിൾ രാജ് ക്ലാസ്സ് നയിക്കും. 12.45 ന് ഉച്ചഭക്ഷണം. 1.15 ന് സാംസ്ക്കാരിക സദസ്, 2.00ന് പൊതുസമ്മേളനം. 3.30 ന് യുവജനറാലി മോൺ. തലച്ചിറ നഗറിൽനിന്ന് വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ കബറിടത്തിലേക്ക്. കൺവീനർ ജസ്റ്റിൻ ജോസ്, ആന്റോ തൊറയൻ, അനൂപ് പുന്നപ്പുഴ, മനോജ് പി. ജി., ജോസ്മോൻ കെ. ഫ്രാൻസിസ്, ലിന്റോഷ് ജോൺ, സനൽ പെല്ലിശ്ശേരി, ഡെൻസൺ ചിറയത്ത് എന്നിവർ നേതൃത്വം നൽകും.

| **ഫാ. ജിയോ കടവി** | **ആന്റോ തൊറയൻ** | **മനോജ് പി. ജി.** |
|---|---|---|
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# കത്തോലിക്കാ കോൺഗ്രസ്സ് (AKCC)

¿ **എ.കെ.സി.സി. യൂണിറ്റ് രൂപീകരണം**

കത്തോലിക്കാ കോൺഗ്രസ്സ് തൃശൂർ യൂണിറ്റ് രൂപീകരണം വിവിധ ഇടവകകളിൽ രൂപീകരിച്ചു. രൂപീകരണവുമായി കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറെയോ, അഡ്ഹോക്ക് കമ്മിറ്റി അംഗങ്ങളെയോ ബന്ധപ്പെടേണ്ടതാണ്.

| **ഫാ. ജിയോ കടവി** | **പി.ഐ. ലാസർ മാസ്റ്റർ** | **എൻ.പി. ജാക്സൺ മാസ്റ്റർ** |
|---|---|---|
| ഡയറക്ടർ | കൺവീനർ | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

- സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള 'വിൻസെൻഷ്യൻ അഭയകേന്ദ്രം' ജൂലൈ മാസത്തിൽ തുറന്നു പ്രവർത്തനം ആരംഭിക്കുന്നു. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികത്സക്കു വരുന്ന രോഗികൾക്കും കൂടെ വരുന്നവർക്കും സൗജന്യ താമസത്തിനുള്ള സൗകര്യം ഇവിടെ ഒരുക്കിയിരിക്കുന്നു.
- സെൻട്രൽ കൗൺസിൽ വാർഷികം സെപ്തംബറിൽ നടത്തുന്നു.
- യുവജനവിഭാഗത്തിൽ നിന്ന് ബ്രദ. ബെഞ്ചമിൻ മഞ്ഞളി, ബ്രദ. പ്രവീൺ ടി. ഡി. എന്നിവരെ സെൻട്രൽ കൗൺസിൽ അംഗങ്ങളായി സി. സി. പ്രസിഡന്റ് നോമിനേറ്റ് ചെയ്തു.
- 2014-2015ലേക്കുള്ള സംഘടനയുടെ പ്രവർത്തനരൂപരേഖ അച്ചടിച്ച് വിതരണം ചെയ്തു..
- വിൻസെൻഷ്യൻ അംഗങ്ങൾക്കുവേണ്ടിയുള്ള ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ, എ. സി. തല മത്സരങ്ങൾ 13.07.2014നും സി. സി. തല മത്സരങ്ങൾ 03.08.2014നും നടത്തുവാൻ തീരുമാനിച്ചു.
- വിൻസെൻഷ്യൻ അംഗങ്ങൾക്കുള്ള ഐഡന്റിറ്റ് കാർഡ് തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| **റവ. ഫാ. മാത്യു ചാക്കേരി** | **ബ്ര. കെ.എ. ഷിബു** | **ബ്ര. കെ. കെ. പോൾസൺ** |
| സ്പിരിച്വൽ ഡയറക്ടർ | സി.സി. പ്രസിഡന്റ് | സി.സി. സെക്രട്ടറി |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 675-ാമതും കൂരിയായുടെ 688-ാമതും സമ്മേളനം 2014 ജൂൺ 8ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വച്ച് പ്രസിഡന്റ് ബ്രദർ കെ. പി. ജോയിയുടെ അധ്യക്ഷതയിൽ പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. നിയമഗ്രന്ഥത്തിൽ നിന്ന് 73 മുതൽ 75 വരെ ഭാഗം ബ്രദർ പ്രസിഡന്റ് ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്രദർ പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്രദർ എ. ജെ. വിൻസെന്റ് വരവു ചെലവു കണക്കും വായിച്ചു പാസ്സാക്കി. വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചതിനു ശേഷം ബ്രദർ പ്രസിഡന്റ് എല്ലാ മരിയ സൈനികർക്കും സ്വാഗതം ആശം

സിച്ചു. കത്തിടപാടുകൾ കമ്മീസിയം മെമ്പർമാർ ഹാജർ കുറവ് വരുന്നതി നാൽ എല്ലാ മാസവും കൂരിയ, പ്രസീദിയം, പ്രസിഡന്റുമാർക്ക് കത്തയ യ്ക്കുന്നതിന് തീരുമാനിച്ചു.

റിപ്പോർട്ട് സമർപ്പണം: വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിലെ സ്വർഗ്ഗാരോപിത രാജ്ഞി പ്രസീദിയത്തിലെയും ഡോളേഴ്സ് പ്രസീദിയത്തിലെയും ആറു മാസത്തെ റിപ്പോർട്ട് സമർപ്പിച്ചു. കൂരിയകളും പ്രസീദിയങ്ങളും 6 മാസത്തെ റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസിഡന്റ് ഓർമ്മ പ്പെടുത്തി.

സൈനികജപമാലക്കു ശേഷം സെക്രട്ടറി ലഘു പ്രഭാഷണം നട ത്തി. കമ്മീസിയം മീറ്റിംഗ് എല്ലാ മാസവും രണ്ടാം ഞായറാഴ്ചകളിൽ 2:30ന് ആരംഭിക്കുന്നതാണെന്ന് പ്രസിഡന്റ് ഓർമ്മപ്പെടുത്തി. മൂന്നുമാസത്തിനകം എല്ലാ പ്രസീദിയവും സന്ദർശനം നടത്തണമെന്ന് പ്രസിഡന്റ് അറിയിക്കു കയും അവസാനപ്രാർത്ഥനക്കു ശേഷം സമ്മേളനം 5 മണിക്ക് സമംഗളം പര്യവസാനിക്കുകയും ചെയ്തു.

ദിവ്യനാഥയുടെ സേവനത്തിൽ

**പി. സി. കുരിയപ്പൻ**
കമ്മീസിയം സെക്രട്ടറി



പുതുതായി പണികഴിപ്പിച്ച
വേലൂർ സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് പള്ളി
(ഇൻസെറ്റിൽ അൾത്താര)

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2014
July 2014

# പ്രാർത്ഥനാശംസകൾ



## നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

## മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്

പ്രാർത്ഥനാശംസകൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005